ഭൂമിയുടെ അതിർത്തികൾവരെ രക്ഷ
എത്തിച്ചുകൊടുക്കാൻ ജനതകൾക്കു ദീപമായി
നിന്നെ സ്ഥാപിച്ചിരിക്കുന്നു (ഏശയ്യ 49,6).

വാല്യം 02 സെപ്റ്റംബർ 2019 ലക്കം 09

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

curiaadtly@gmail.com
www.archdioceseoftellicherry.org
www.ephpatharadio.com
0490- - 2342440

# ഉള്ളടക്കം


1. Prot. No. 534/19, സർക്കുലർ നമ്പർ 11/2019 .................................... 5
2. Prot No.535/19. Circular No. 12/2019 ............................................ 8
3. Prot. No. 539/19, സർക്കുലർ നമ്പർ 13/2019 .................................. 10
4. Prot. No. 539/19, സർക്കുലർ നമ്പർ 14/2019 .................................. 13
5. കെ.സി.ബി.സി. സർക്കുലർ ............................................................ 16
6. കെ.സി.ബി.സി. സർക്കുലർ ............................................................ 22
7. കച്ചേരിക്കാര്യം ................................................................................ 28
8. വിശ്വാസപരിശീലനം ........................................................................ 32
9. കുടുംബക്കൂട്ടായ്മ ............................................................................ 39
10. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ............................................................ 43
11. ചെറുപുഷ്പ മിഷൻ ലീഗ് ................................................................. 45
12. തിരുബാലസഖ്യം .............................................................................. 52
13. യുവജനശുശ്രൂഷ ............................................................................. 54
14. കുടുംബപ്രേഷിതത്വം ....................................................................... 58
15. വിദ്യാഭ്യാസ ഏജൻസി ..................................................................... 63
16. സാൻജോസ് അക്കാഡമി ................................................................... 65
17. ഇൻഫാം വാർത്തകൾ ....................................................................... 68
18. എ.കെ.സി.സി. വാർത്തകൾ ................................................................ 69
19. വിമൽജ്യോതി വാർത്തകൾ ................................................................ 71
20. നിർമ്മലഗിരി വാർത്തകൾ ................................................................ 74
21. കരിസ്മാറ്റിക് നവീകരണം ................................................................ 75
22. പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം ........................................... 76
23. ADSU ................................................................................................ 77
24. കെസിബിസി മദ്യവിരുദ്ധ സമിതി ...................................................... 82
25. ഫ്രാൻസിസ്കൻ അൽമായ സഭ ............................................................ 84
26. സാമൂഹ്യസേവനവേദി ...................................................................... 85
27. ADAM ............................................................................................... 89
28. ധ്യാനകേന്ദ്രങ്ങളിലൂടെ ....................................................................... 91
29. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ...................... 92
30. Programme of the Archbishop Mar George Njaralakatt ........................ 94
31. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........................ 95
32. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ......................... 96
33. Programme of the Auxiliary Bishop Mar Joseph Pamplany ................. 98

Prot. No. 534/19, സർക്കുലർ നമ്പർ 11/2019

# ബഹു. വൈദികരുടെ വാർഷിക ധ്യാനം

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം സെപ്റ്റംബർ മാസം 8-ാം തിയതി മുതൽ 13-ാം തിയതി വരെ തലശ്ശേരി മൈനർ സെമിനാരിയിൽ വച്ചും സെപ്റ്റംബർ 22 മുതൽ 27വരെ പരിയാരം മദർഹോമിൽ വച്ചും രണ്ട് ബാച്ചുകളിലായി നടക്കുകയാണ്. പ്രസിദ്ധ ധ്യാനഗുരു ഫാ. ഡാനിയൽ പൂവണ്ണത്തിൽ ആണ് ധ്യാനം നയിക്കുന്നത്. ധ്യാനഗുരുവിനെ പ്രത്യേകമായി നമ്മുടെ പ്രാർത്ഥനകളിൽ സ്മരിക്കാം.

വൈദികജീവിതം പൊതുസമൂഹത്തിലും മാധ്യമങ്ങളിലും മുൻപെങ്ങും ഇല്ലാത്തതുപോലെ വ്യാപകമായി ചർച്ചചെയ്യപ്പെടുന്ന കാലത്താണ് നാം ജീവിക്കുന്നത്. വൈദികർ മലയിൽ പണിയപ്പെട്ട പട്ടണംപോലെ, പീഠത്തിൽ കൊളുത്തിവച്ച വിളക്കുപോലെ എല്ലാവരുടെയും മുന്നിൽ നിൽക്കുന്നവരാണ്. അതുകൊണ്ടുതന്നെ അവരിലെ നന്മകൾ അനേകരെ ആകർഷിക്കും; അവരിലെ കുറവുകൾ എല്ലാവരെയും ദുഃഖിപ്പിക്കുകയും വിമർശനം ക്ഷണിച്ചു വരുത്തുകയും ചെയ്യും. വൈദികരും സാധാരണ മനുഷ്യരാണെങ്കിലും അവരിൽ നിന്ന് മറ്റുള്ളവരേക്കാൾ ഉയർന്ന ജീവിത വിശുദ്ധിയും പ്രാർത്ഥനാ ചൈതന്യവും പെരുമാറ്റ മര്യാദകളും എല്ലാവരും പ്രതീക്ഷിക്കുന്നുണ്ട്. ദീർഘകാലത്തെ പരിശീലനത്തിനുശേഷം പൗരോഹിത്യത്തിലേക്ക് പ്രവേശിക്കുന്ന ഒരാൾ ഈ ഗുണങ്ങളെയെല്ലാം സ്വായത്തമാക്കുന്നുണ്ടെങ്കിലും നിരന്തരമായ നവീകരണം നടത്തിക്കൊണ്ടിരുന്നില്ലെങ്കിൽ ഇവയിൽ കുറവുകളുണ്ടാകും.

വൈദികരിലെ ആദ്ധ്യാത്മിക ചൈതന്യത്തെയും മാനുഷിക ഗുണങ്ങളെയും പരിശുദ്ധാത്മ കൃപയെയും നവീകരിക്കാനും ഉജ്ജ്വലിപ്പിക്കാനും കൂടുതൽ തീഷ്ണമതികളായ അജപാലകരായി രൂപാന്തരപ്പെടുത്താനുമുള്ള അവസരമാണ് വാർഷിക ധ്യാനം. ഈശോ അനുതാപത്തിന്റെ സുവിശേഷം പ്രസംഗിക്കാൻ അയച്ച ശിഷ്യന്മാർ (മർക്കോ 6:12) തിരിച്ചെത്തിയപ്പോൾ അവിടുന്ന് അവരോട് പറയുന്നുണ്ട്: "നിങ്ങൾ ഒരു വിജനസ്ഥലത്തേക്കുവരുവിൻ; നമുക്ക് അല്പം വിശ്രമിക്കാം." അജപാലന ശുശ്രൂഷയുടെ തിരക്കുകളിൽ നിന്ന്

അകന്ന് ഈശോയോടു കൂടി വിശ്രമിക്കുവാനും അവിടുത്തെ വചനം കേട്ട് ഹൃദയത്തെ ജ്വലിപ്പിക്കുവാനും 'തങ്ങൾ ചെയ്തതും പഠിപ്പിച്ചതും അവിടുത്തോട് പങ്കുവയ്ക്കുവാനും' വേണ്ടിയാണ് ഈശോ നമ്മുടെ അച്ചന്മാരെ വാർഷിക ധ്യാനത്തിലേക്ക് ക്ഷണിക്കുന്നത്. നല്ലിടയനായ ഈശോയുടെ അജപാലനദൗത്യം തുടരാൻ വിളിക്കപ്പെട്ടിരിക്കുന്ന വൈദികർ മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടണം. അതിനുള്ള കൃപ എല്ലാ വൈദികർക്കും ലഭിക്കാൻ നമുക്ക് അവർക്കുവേണ്ടി പ്രാർത്ഥിക്കാം.

ദൈവജനത്തിന്റെ പ്രാർത്ഥന വൈദികർക്ക് വളരെയധികം ആവശ്യമുണ്ട്. നമ്മുടെ തന്നെ കുടുംബങ്ങളിൽ നിന്ന് ദൈവവിളി സ്വീകരിച്ച നമ്മുടെ കൂടപ്പിറപ്പുകളാണവർ. ഏറ്റവും സാധാരണക്കാരുടെ ഇടയിൽ നിന്നും പന്ത്രണ്ട് ശ്ലീഹന്മാരെ തിരഞ്ഞെടുത്ത ഈശോ തന്നെയാണ് മനുഷ്യസഹജമായ കുറവുകളും ബലഹീനതകളുള്ളവരെ തന്റെ പൗരോഹിത്യത്തിലേക്ക് തിരഞ്ഞെടുത്തത്. ദൈവകൃപ ഒന്നുമാത്രമാണ് നാടും വീടും ഉപേക്ഷിച്ച് ദൈവത്തിനും ദൈവജന ത്തിനും വേണ്ടി മാത്രം ജീവിക്കുവാൻ അവരെ സഹായിക്കുന്നത്. മാനുഷിക താൽപ്പര്യങ്ങളുടെയും ഭൗതീക മോഹങ്ങളുടെയും അടിത്തറയിൽ ആർക്കും പൗരോഹിത്യജീവിതം പടുത്തുയർത്തു വാൻ സാധിക്കുകയില്ല. അതിനാൽ ആത്മീയശക്തിയാൽ ബലഹീന തകളെ അതിജീവിച്ച് തീഷ്ണതയോടെ ദൈവജനത്തെ ശുശ്രൂഷി ക്കുന്ന നല്ല അജപാലകരായി എല്ലാവൈദികരും രൂപാന്തരപ്പെടേണ്ട തുണ്ട്. അതുകൊണ്ട് ഈ ധ്യാനദിവസങ്ങളിൽ നമ്മുടെ അതിരൂപത യിലെ എല്ലാ വൈദികരെയും സമർപ്പിച്ച് നിങ്ങൾ പ്രത്യേകം പ്രാർത്ഥി ക്കണം. കുടുംബ പ്രാർത്ഥനവേളയിൽ വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന ചൊല്ലുകയും ചെയ്യണം.

ഈ അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന എല്ലാ വൈദികരും വാർഷികധ്യാനത്തിൽ നിർബന്ധമായും സംബന്ധിക്കണം. മററ് സ്ഥലങ്ങളിലെ ധ്യാനങ്ങളിൽ സംബന്ധിച്ചവരും അതിരൂപതാ വാർഷിക ധ്യാനത്തിൽ പങ്കെടുക്കേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ഈ ധ്യാനത്തിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ എന്നെ നേരിട്ടറിയിച്ച് അനുവാദം വാങ്ങുകയും 2019 ഡിസംബർ 3ന് മുമ്പ് ധ്യാനത്തിൽ പങ്കെടുത്ത് വിവരം അതിരൂപതാ കൂരിയായിൽ അറിയിക്കുകയും വേണം.

എല്ലാ വൈദികർക്കും നല്ല ധ്യാനം ആശംസിക്കുന്നു. പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിച്ചുകൊണ്ട്,

സ്നേഹാശംസകളോടെ,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**
22-08-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 സെപ്റ്റംബർ മാസം 8-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.

---

# ബഹു. വൈദികർക്കുള്ള നിർദ്ദേശങ്ങൾ

1. രണ്ട് ബാച്ചുകളിലെയും ധ്യാനം ഞായറാഴ്ച വൈകുന്നേരം 7.30 നുള്ള റംശ നമസ്കാരം മുതൽ വെള്ളിയാഴ്ച ഉച്ചഭക്ഷണം വരെയാ യിരിക്കും.
2. ബഹു. വികാരി ധ്യാനത്തിലായിരിക്കുന്ന ദിവസങ്ങളിൽ ഇടവകയുടെ അടിയന്തിര അജപാലന ആവശ്യങ്ങൾ നിർവ്വ ഹിക്കാൻ അടുത്തുള്ള ബഹു. വൈദികരെ ചുമതലപ്പെടുത്തുകയും പ്രസ്തുതവിവരം പള്ളിയിൽ അറിയിക്കുകയും ചെയ്യണം.
3. ധ്യാനത്തിനുവരുമ്പോൾ കൊത്തീന, സൂനാറ, ഊറാറ, കുർബാന കണക്ക്ബുക്ക്, കുമ്പസാരപത്തോന്തി, ബൈബിൾ, യാമ പ്രാർത്ഥനപുസ്തകം, ഒരു ബഡ്ഷീറ്റ് എന്നിവ കൊണ്ടുവരേ ണ്ടതാണ്.
4. മറ്റ് ധ്യാനകേന്ദ്രങ്ങളിൽ പോയി ധ്യാനിച്ചവരും അതിരൂപതാ വാർഷിക ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.
5. ഗൗരവമുള്ള കാരണങ്ങളാൽ പൊതുധ്യാനത്തിൽ പങ്കെടുക്കുവാൻ സാധിക്കാത്തവർ അഭിവന്ദ്യപിതാവിന്റെ പക്കൽനിന്നും മുൻകൂട്ടി അനുവാദം വാങ്ങേണ്ടതാണ്.
6. കഴിഞ്ഞ മാസത്തെ ഗിരിദീപത്തിൽ ഓരോ ബാച്ചിലും പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആരെങ്കിലും ബാച്ചുമാറി പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മോൺ. അലക്സ് താരാമംഗലത്തെ വിവരം അറിയിക്കണം.
7. ധ്യാനിക്കാനായി വരുമ്പോൾ ബഹു. വൈദികർ പി.പി.എഫിൽ അടയ്ക്കാനുള്ള വ്യക്തിവിഹിതവും ഇടവകവിഹിതവും കൊണ്ടുവരേണ്ടതാണ്. ഒപ്പം മറ്റെല്ലാ പിരിവുകളും അടച്ചു തീർക്കാൻ ശ്രദ്ധിക്കുമല്ലോ

Prot. No.535/19. Circular No. 12/2019

# പ്രളയ ദുരിതാശ്വാസം

ഈശോയിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

പ്രളയം വീണ്ടും നമ്മെ ദുരിതത്തിലാക്കിയ ഒരു മാസമാണ് കടന്നുപോയത്. ഈ വർഷം കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും കനത്തമഴയും പ്രളയക്കെടുതികളുമുണ്ടായി. കേരളത്തിൽ മലബാറിലെ ജില്ലകളിലാണ് ഇത്തവണ കൂടുതൽ നാശനഷ്ടങ്ങളുണ്ടായത്. ഉരുളുപൊട്ടലിലും മണ്ണിടിച്ചിലിലും മലവെള്ളപ്പാച്ചിലിലുംപെട്ട് നിരവധി പേർക്ക് ജീവൻ നഷ്ടപ്പെട്ടു. പ്രളയ ദുരന്തത്തിൽ മരണമടഞ്ഞ എല്ലാവർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നു.

നമ്മുടെ പ്രദേശങ്ങളിൽ ഉരുളുപൊട്ടിയും മലയിടിഞ്ഞും വെള്ളംകയറിയും ചുഴലിക്കാറ്റടിച്ചും നിരവധി വീട്ടുകളും മററ് കെട്ടിടങ്ങളും തകരുകയും കൃഷിയിടങ്ങൾ ഉപയോഗശൂന്യമാവുകയും ചെയ്തിട്ടുണ്ട്. ജീവിതകാലം മുഴുവൻ അധ്വാനിച്ച് സ്വരുക്കൂട്ടിയതെല്ലാം മലവെള്ളപ്പാച്ചിലിൽ ഒലിച്ചുപോയി നിസ്സഹായരായി നില്ക്കുന്ന നിരവധി കുടുംബങ്ങൾ നമ്മുടെ ഇടയിലുണ്ട്. അവരെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം.

ദുരന്തമുഖത്ത് കഴിഞ്ഞ വർഷത്തേതുപോലെ ഇടവകകളുടെയും സംഘടനകളുടെയും നേതൃത്വത്തിൽ അടിയന്തിര സാഹായങ്ങൾ എത്തിച്ചുകൊടുക്കാൻ നേതൃത്വം നല്കിയ എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. ഭക്ഷണവും ആവശ്യസാധനങ്ങളും സംഭാവന ചെയ്തവരും ദുരന്തങ്ങൾ നടന്ന സ്ഥലങ്ങളിൽ രക്ഷാപ്രവർത്തനവും ശുചീകരണ പ്രവർത്തനങ്ങളും നടത്തിയവരും ഉൾപ്പെടെ അപകടത്തിൽപെട്ടവരോടു കരുണാപൂർവ്വം വർത്തിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

നമ്മുടെ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും എസ്.എം.വൈ. എമ്മിന്റെയും നേതൃത്വത്തിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ പ്രളയബാധിത പ്രദേശങ്ങളിലെല്ലാം അടിയന്തിര സഹായം എത്തിച്ചു കൊടുത്തിട്ടുണ്ട്. നീലേശ്വരം ഭാഗത്ത് പ്രളയക്കെടുതിയിൽ

പ്പെട്ടവരെ സഹായിക്കാൻ കാസർഗോഡ് റീജിയണിലെ ഇടവകകളുടെ നേതൃത്വത്തിൽ നടത്തിയ പരിശ്രമങ്ങൾ അഭിനന്ദനീയമാണ്. നേതൃത്വം നല്കിയ എല്ലാവർക്കും നന്ദി പറയുന്നു.

പ്രളയക്കെടുതിയിൽ വീടും കൃഷിയും നഷ്ടപ്പെട്ടു പോയവർക്ക് ജീവിതത്തിലേക്ക് തിരിച്ചുവരാനുള്ള സഹായം ചെയ്തുകൊടുക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. ഇടവകകളുടെ നേതൃത്വത്തിൽ അതാത് പ്രദേശങ്ങളിലെ ദുരിതബാധിതരെ സഹായിക്കാനുള്ള ശ്രമങ്ങൾ നടത്തണം. പ്രാദേശികമായി അതിനുള്ള ഫണ്ട് സമാഹരിക്കാനുള്ള പരിശ്രമങ്ങളിൽ എല്ലാവരും സഹകരിക്കണ മെന്ന് അഭ്യർത്ഥിക്കുന്നു. അതിരൂപതയിൽ നിന്നും സാധിക്കുന്ന സാമ്പത്തിക സഹായങ്ങൾ ചെയ്യുന്നതുമാണ്.

അതിരുപതാ തലത്തിൽ നാം ഒരു പൊതുഫണ്ട് സമാഹരിക്കുന്നില്ല. പക്ഷേ ഭാരത കത്തോലിക്കാ മെത്രാൻ സമിതി, നമ്മെക്കാൾ ഭീകരമായ പ്രളയക്കെടുതികൾ നേരിടുന്ന വടക്കു-കിഴക്കൻ, വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളെക്കൂടി സഹായിക്കുന്നതിന് ഒരു ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച എടുത്ത് നല്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സെപ്റ്റംബർ 15-ാം തീയതി ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ഈ ഉദ്ദേശ്യത്തിനു വേണ്ടി എടുത്ത് എത്രയുംപെട്ടെന്ന് അതിരൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രളയദുരിതം അനുഭവിക്കുന്ന എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു. അവരെ സഹായിക്കാൻ സന്മനസ്സുകാണിക്കുന്ന എല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാശംസകളോടെ,

തലശ്ശേരി **മാർ ജോർജ് ഞറളക്കാട്ട്**

22-08-2019 തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 സെപ്റ്റംബർ 8-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 539/19, സർക്കുലർ നമ്പർ 13/2019

# ഉത്തരമലബാർ കർഷക പ്രക്ഷോഭം

മിശിഹായിൽ പ്രിയമുള്ളവരെ,

കാർഷികമേഖല കഠിനമായ പ്രതിസന്ധിയിലൂടെ കടന്നുപോവുകയാണല്ലോ. സമാനതകളില്ലാത്ത സങ്കടങ്ങളെയാണ് നാം അഭിമുഖീകരിക്കുന്നത്. കാലാവസ്ഥ വ്യതിയാനങ്ങളുടെ ഫലമായി ഉണ്ടായ അത്യുഷ്ണവും അതിവർഷവും നമ്മുടെ വിളകളെ സാരമായി ബാധിച്ചു. റബ്ബർ ഉൾപ്പെടെയുള്ള നാണ്യവിളകൾക്ക് വർഷങ്ങളായി തുടരുന്ന വിലത്തകർച്ച കർഷകരെ അക്ഷരാർത്ഥത്തിൽ പട്ടിണിയിലേക്കാണ് നയിക്കുന്നത്. പിടിച്ചുനിൽക്കാനായി എടുത്ത ബാങ്കുലോണുകൾ തിരിച്ചടയ്ക്കാൻ വഴിയില്ലാതെ കർഷകർ ജപ്തിഭീഷണിയിലാണ്. കൂടാതെ, കൃഷിഭൂമിയെ സമ്പൂർണ്ണമായും നശിപ്പിച്ചുകൊണ്ടുള്ള വന്യമൃഗങ്ങളുടെ വിളയാട്ടം തടയാൻ സർക്കാറിന്റെ ഭാഗത്തുനിന്ന് യാതൊരു നീക്കവുമില്ലെന്നുമാത്രമല്ല, പ്രാണരക്ഷാർത്ഥം വന്യമൃഗങ്ങളെ പ്രതിരോധിച്ചവരെപോലും തുറുങ്കിലടയ്ക്കാനാണ് നിയമപാലകർ ശ്രമിക്കുന്നത്. കർഷകരെ കുടിയൊഴിപ്പിക്കാൻ ശ്രമിക്കുന്ന ഉദ്യോഗസ്ഥരും കൃഷിഭൂമിയുടെ വിലയിടിക്കാൻ ശ്രമിക്കുന്ന ഭൂമാഫിയായും ചേർന്ന് കർഷകരുടെ ജീവിതം ദുരിതപൂർണ്ണമാക്കുകയാണ്.

ജീവിതമാർഗ്ഗങ്ങൾ ഒന്നൊന്നായി അടഞ്ഞുകൊണ്ടിരിക്കുന്ന കുടിയേറ്റജനത അതിജീവനത്തിനായി സംഘടിതമായി ഉയിർത്തെഴുന്നേൽക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ബഹു ഭൂരിപക്ഷവും കാർഷിക വൃത്തികൊണ്ട് ഉപജീവനം കഴിക്കുന്ന കുടിയേറ്റ ജനതയുടെ നിലനില്പിനായുള്ള ഈ പോരാട്ടത്തിന് നേതൃത്വം നൽകാൻ തലശ്ശേരി അതിരൂപത മുന്നിട്ടിറങ്ങുകയാണ്.

മലബാർ റീജിയണിലെ എല്ലാ മെത്രാന്മാരുടെയും പിന്തുണയോടെ ആരംഭിക്കുന്ന കർഷകമുന്നേറ്റത്തിന്റെ വിശദാംശങ്ങൾ അതിരൂപതയുടെ വിവിധ സമിതികളിലും ഫൊറോനാ കൗൺസിലുകളിലും ചർച്ചചെയ്യുകയുണ്ടായി. പ്രസ്തുത ചർച്ചകളുടെ വെളിച്ചത്തിൽ രൂപീകരിച്ച നയപരിപാടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കാൻ നാം ശ്രദ്ധിക്കണം. ജാതി മത രാഷ്ട്രീയ ഭേദമില്ലാതെ കർഷക ജനതയ്ക്കൊപ്പം നിൽക്കാൻ സന്മനസ്സുള്ള സകലരുടെയും സഹകരണത്തോടെയാണ് ഈ സമരം നാം ആസൂത്രണം ചെയ്യുന്നത്. മലബാർ പ്രദേശത്തെ വിവിധ കർഷക സംഘടനകളുടെയും പിന്തുണ നാം ഉറപ്പുവരുത്തിയിട്ടുണ്ട്. നിയമപരമായ നടപടികളിലൂടെയും രാഷ്ട്രീയ

ഇടപെടലുകളിലൂടെയും ജനകീയ മുന്നേറ്റങ്ങളിലൂടെയും കർഷകരുടെ അവകാശങ്ങൾ ഉറപ്പുവരുത്തുക എന്നതാണ് നമ്മുടെ ലക്ഷ്യം.

കർഷക സമരത്തിന്റെ ലക്ഷ്യങ്ങളായി നാം മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങൾ താഴെപറയുന്നവയാണ്.

1. കർഷകന്റെ ജീവനും കൃഷിഭൂമിയ്ക്കും നാശം വിതയ്ക്കുന്ന വന്യമൃഗശല്യം തടയാൻ പാണത്തൂർ മുതൽ കൊട്ടിയൂർവരെയുള്ള വനാതിർത്തിയിൽ ആനമതിലോ സോളാർ ഫെൻസിംഗോ സ്ഥാപിക്കുക.

2. കർഷകന്റെ നിസ്സഹായാവസ്ഥ മനസ്സിലാക്കി കാർഷിക കടങ്ങളും വിദ്യാഭ്യാസ ലോണുകളും എഴുതിതള്ളാൻ സർക്കാർ തയ്യാറാകണം. വൻകിട കോർപ്പറേറ്റുകളുടെ ലക്ഷം കോടികൾ എഴുതിത്തള്ളുന്ന സർക്കാരുകൾ കർഷക കടങ്ങൾക്കു പ്രഖ്യാപിച്ചിരിക്കുന്ന മോറട്ടോറിയം കർഷകരെ കബളിപ്പിക്കുന്ന നടപടിയാണ്. ലോണുകളുടെ പലിശരഹിത തിരിച്ചടവിനുള്ള സാഹചര്യമെങ്കിലും സർക്കാർ അടിയന്തിരമായി ഒരുക്കണം.

3. റബ്ബറിന് 250 രൂപ താങ്ങുവില പ്രഖ്യാപിച്ച് വിപണിവില കിഴിച്ചുള്ള തുക സബ്സിഡിയായി കർഷകന്റെ അക്കൗണ്ടിൽ സർക്കാർ നിക്ഷേപിക്കുക. ഇതര കാർഷിക വിളകൾക്കും ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് കർഷകരെ സഹായിക്കുക.

4. നാടിനു മുഴുവൻ ഭക്ഷ്യ വസ്തുക്കൾ നൽകുന്ന കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും പെൻഷൻ ഏർപ്പെടുത്തണം. അറുപത് വയസ്സിന് മുകളിൽ പ്രായമായ മുഴുവൻ കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും പ്രതിമാസം 5000 രൂപയെങ്കിലും പെൻഷൻ പ്രഖ്യാപിക്കണം. സർക്കാർ ജീവനക്കാർ ചെയ്യുന്നതിൽ ഒട്ടും കുറയാത്ത സേവനം ചെയ്യുന്ന ഇവർ പെൻഷന് ഏററവും അർഹരാണ്.

5. കാർഷിക ജോലികളെ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്വന്തം പറമ്പിൽ പണിയെടുക്കുന്ന കർഷകന് നൂറു പ്രവൃത്തിദിവസങ്ങളിലെ വേതനം ഉറപ്പാക്കുക.

നമ്മുടെ വിവിധ ആവശ്യങ്ങൾ ശാസ്ത്രീയമായി പഠിച്ച് പരിഹാരമാർഗ്ഗങ്ങളുടെ രൂപരേഖ അടങ്ങുന്ന മെമ്മോറാണ്ടം മലബാറിലെ മുഴുവൻ ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ സർക്കാരിനു സമർപ്പിക്കുന്നതാണ്. കഴിഞ്ഞ പത്തുവർഷമായി വന്യമൃഗങ്ങളുടെ അക്രമംമൂലം മരണപ്പെട്ടവരുടെയും മാരകമായി പരിക്കേറ്റവരുടെയും കർഷക ആത്മഹത്യകളുടെയും വിശദമായ കണക്ക് ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

ഇടവകാതലത്തിലും ഫെറോനാ തലത്തിലും അതിരൂപതാ തലത്തിലും നടത്താൻ കഴിയുന്ന വിവിധ സമരപരിപാടികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. മുഴുവൻ കുട്ടികളും മുഖ്യമന്ത്രിക്ക് കണ്ണീർ കത്ത് അയയ്ക്കുക. നിശ്ചിത ദിവസം അതിരൂപത മുഴുവൻ ഇടവകാതലത്തിൽ മനുഷ്യചങ്ങല തീർക്കുക, ഫൊറോനാതല കർഷക സമ്മേളനവും പ്രതിഷേധ പ്രകടനവും നടത്തുക, കലക്ട്രേറ്റ് ഉപവാസവും ലോംഗ് മാർച്ചും സംഘടിപ്പിക്കുക തുടങ്ങിയവയാണ് ഇപ്പോൾ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രധാന സമരമാർഗ്ഗങ്ങൾ. കൂടാതെ കാർഷിക പ്രശ്നങ്ങളിലേ പൊതുജനശ്രദ്ധ ആകർഷിക്കുന്നതിനാവശ്യമായ തെരുവുണർത്തൽ പ്രോഗ്രാമുകൾ, തെരുവുനാടകങ്ങൾ, ചിത്രരചനാ പ്രദർശനങ്ങൾ, കോർണർയോഗങ്ങൾ എന്നിവയും സംഘടിപ്പിക്കുന്നതാണ്.

സെപ്തംബർ മാസത്തെ കുടുംബകൂട്ടായ്മ മീറ്റിംഗുകളിൽ കർഷക സമരത്തിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യാൻ സഹായിക്കുന്ന പഠനക്കുറിപ്പുകൾ ലഭ്യമാക്കുന്നതാണ്. നമ്മുടെ അതിരൂപതയിലെ എല്ലാ കുടുംബകൂട്ടായ്മകളും സെപ്തംബർമാസത്തിൽ ഈ വിഷയം ചർച്ചചെയ്ത് കർമ്മപദ്ധതികൾ പ്രാവർത്തികമാക്കാനുള്ള മാർഗ്ഗരേഖ തയ്യാറാക്കേണ്ടതാണ്.

കർഷകരുടെ സങ്കടങ്ങളിലേക്ക് സർക്കാരിന്റെ സത്വര ശ്രദ്ധ പതിയാൻ ആവശ്യമായ ജനകീയ സമ്മർദ്ദം ഈ സമരങ്ങളിലൂടെ രൂപപ്പെടേണ്ടതുണ്ട്. കർഷകരെ രക്ഷിക്കാൻ കർഷകരല്ലാതെ മറ്റാരും വരില്ല എന്ന തിരിച്ചറിവു നമുക്കു വേണം. മതവും രാഷ്ട്രീയവും മറന്ന് കർഷകർ ഒറ്റക്കെട്ടായി ഈ ജനകീയ മുന്നേറ്റത്തിൽ പങ്കാളികളാകണം. ജനസംഖ്യയുടെ എൺപതുശതമാനം വരുന്ന കർഷകരെ അവഗണിച്ച് ഇവിടെ ആർക്കും ഭരണം നടത്താനാവില്ല. കർഷകരായ നമ്മുടെ അസംഘടിത സ്വഭാവത്തെ ചൂഷണം ചെയ്യാനോ അവകാശങ്ങൾ അടിയറ വയ്ക്കാനോ ഇനി നാം തയ്യാറാകരുത്. ഒരു മനസ്സോടെ ഒറ്റക്കെട്ടായി കർഷകർ അണിചേർന്നാൽ നമ്മുടെ ദയനീയാവസ്ഥയ്ക്കു പരിഹാരമുണ്ടാകും. ഇതിനായി നിങ്ങളെ എല്ലാവരെയും സ്നേഹപൂർവ്വം ആഹ്വാനം ചെയ്തുകൊണ്ട്,

സ്നേഹാശംസകളോടെ,

തലശ്ശേരി
22-08-2019

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 സെപ്റ്റംബർ 15-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.

Prot. No. 539/19, സർക്കുലർ നമ്പർ 14/2019

# വത്സലപിതാവ് കുഞ്ഞുങ്ങളോട്

ഈശോയിൽ വാത്സല്യം നിറഞ്ഞ കുട്ടികളെ,

നിങ്ങൾക്കെല്ലാവർക്കും സുഖംതന്നെയല്ലേ? സ്കൂളിലെയും സൺഡേസ്കൂളിലെയും പരീക്ഷയും ഓണാവധിയുമൊക്കെ കഴിഞ്ഞ് വീണ്ടും പഠനത്തിരക്കുകളിലാണ് നിങ്ങളെല്ലാവരും എന്ന് കരുതുന്നു. ഈ അവസരത്തിൽ വളരെ പ്രത്യേകമായ ഒരു കാര്യം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒക്ടോബർ മാസം മിഷൻ മാസമായി നമ്മൾ എല്ലാവർഷവും ആചരിക്കാറുള്ള താണല്ലോ. എന്നാൽ ഈ വർഷം ഒക്ടോബർ മാസത്തെ 'അസാധാരണ മിഷൻ മാസം' ആയിട്ട് മാർപാപ്പ പ്രഖ്യാപിച്ചി രിക്കുകയാണ്. നമ്മിലെ പ്രേഷിത അവബോധവും അർപ്പണവും ഒന്നുകൂടെ ഉജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 1919 നവംബ റിൽ ബെനഡിക്ട് പതിനഞ്ചാമൻ മാർപാപ്പ പുറത്തിറക്കിയ അപ്പസ്തോലിക പ്രബോധനമായ 'Maximum illud' ന്റെ നൂറാം വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ പിതാവ് ഈ അസാധാരണ മിഷൻമാസം പ്രഖ്യാപിച്ചിരിക്കുന്നത്.

ഈ മിഷനറി മാസത്തിന്റെ ശീർഷകം *"മാമ്മോദീസാ സ്വീകരിച്ച വരും അയയ്ക്കപ്പെട്ടവരും: ക്രിസ്തുവിന്റെ സഭ പ്രേഷിതദൗത്യ വുമായി ലോകത്തിൽ"* എന്നതാണ്. മാർപാപ്പയുടെ പ്രബോധനത്തിന്റെ വെളിച്ചത്തിൽ നിങ്ങൾ ചെയ്യേണ്ട ഏതാനുംകാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

1. ദൈവം നമുക്ക് നല്കിയിരിക്കുന്ന ദൈവിക ജീവൻ ഒരു വലിയ നിധിയാണ്. ഈ നിധി നൽകപ്പെടേണ്ടതും കൈമാറ്റം ചെയ്യപ്പെടേ ണ്ടതും പ്രഘോഷിക്കപ്പെടേണ്ടതുമായ ഒന്നാണ്. ഈ മിഷൻ മാസത്തിൽ ചുറ്റുപാടുമുള്ള എല്ലാവരുമായി നിങ്ങൾക്കുള്ളതു പങ്കുവച്ചും ക്രൈസ്തവ വിശ്വാസം കൈമാറ്റം ചെയ്തും യേശുക്രിസ്തുവിലുള്ള വിശ്വാസത്തെ പ്രഘോഷിക്കണം.

2. വിശ്വാസം പ്രഘോഷിക്കാനും കൈമാറ്റം ചെയ്യാനുമുള്ള ഈ ദൗത്യനിർവ്വഹണത്തിനായി നിങ്ങളെ സഹായിക്കുന്നത് ദൈവികപുണ്യ ങ്ങളായ വിശ്വസം... ശരണം... ഉപവി (സ്നേഹം) എന്നിവയാണ്. യേശുക്രിസ്തുവിലുള്ള വിശ്വാസം എല്ലാക്കാര്യങ്ങളും ശരിയായ കാഴ്ചപ്പാടിൽ കാണാൻ നമ്മെ പ്രാപ്തരാക്കുന്നു. അതായത്

ദൈവത്തിന്റെ തന്നെ കണ്ണുകൾ കൊണ്ടും ഹൃദയംകൊണ്ടും വീക്ഷിക്കാൻ നമുക്ക് സാധിക്കുന്നു. പ്രത്യാശ നാം പങ്കുവയ്ക്കുന്ന ദൈവിക ജീവന്റെ നിത്യമായ ചക്രവാളങ്ങൾ നമ്മുടെ മുന്നിൽ തുറന്നു വയ്ക്കുന്നു. ഉപവി ലോകത്തിന്റെ അതിർത്തികളോളം കടന്നുചെല്ലാൻ നമ്മെ പ്രചോദി പ്പിക്കുന്നു. കുട്ടികളായ നിങ്ങളെല്ലാവരും ദൈവികപുണ്യങ്ങളാൽ നിറയണമെന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു.

3. മൂന്നാമതായി മാർപാപ്പ പറയുന്നത് ദൈവത്തെ പ്രഘോഷിക്കുവാൻ നമ്മളെല്ലാവരും ദൈവിക മനുഷ്യർ ആയിത്തീരണം എന്നതാണ്. അതോടൊപ്പം ഞാൻ ഒരു ദൗത്യവാഹകനാണ്, എന്റെ കൂട്ടുകാരും കുടുംബാംഗങ്ങളും ദൗത്യവാഹകരാണ്, മാമ്മോദീസ സ്വീകരിച്ച ഏതൊരു വ്യക്തിയും ദൗത്യവാഹകനാണ് എന്ന ചിന്ത കുട്ടികളായ നിങ്ങളിൽ ഉണ്ടായിരിക്കണം.

4. നാലാമതായി മാർപാപ്പ ഓർമ്മിപ്പിക്കുന്ന കാര്യം സ്നേഹത്തിലായിരിക്കുന്ന എല്ലാവരും നിരന്തരം ചലിച്ചുകൊണ്ടിരിക്കും എന്നതാണ്. അവർ എന്നും ചലിപ്പിക്കപ്പെടുന്നവരും മറ്റുള്ളവരാൽ ആകർഷിക്കപ്പെടുന്നവരും ആയിരിക്കും. അതായത് കുട്ടികളായ നിങ്ങൾ പ്രവർത്തനനിരതരാകണം എന്ന് ചുരുക്കം.

5. അവസാനമായി പ്രേഷിതദൗത്യം എന്നത് ക്രൈസ്തവൻ എന്ന നിലയിൽ നമ്മുടെ തനിമയുടെ (Identity) ഭാഗമാണ് എന്നാണ് മാർപാപ്പ ഓർമ്മിപ്പിക്കുന്നത്. സ്വർഗ്ഗപിതാവിന്റെ പുത്രരായിരിക്കുവാൻ എല്ലാമനുഷ്യർക്കുമുള്ള വിളിയെ അനുസ്മരിക്കുവാനും ഓരോ മനുഷ്യന്റെയും വ്യക്തിപരമായ മഹത്വത്തെ എടുത്തു കാണിക്കുവാനും ഈ സത്യം നമ്മെ പ്രാപ്തരാക്കുന്നു.

ഈ വലിയ ദൗത്യത്തെ പരി. അമ്മയ്ക്ക് നമുക്കു ഭരമേൽപ്പിക്കാം. കാരണം മനുഷ്യാവതാര നിമിഷംമുതൽ പരി. അമ്മ ഈശോയോടൊപ്പം തീർത്ഥാടനത്തിലായിരുന്ന വ്യക്തിയാണ്. യേശുവിന്റെ ദൗത്യത്തിൽ പൂർണ്ണമായും പങ്കുചേർന്ന അവൾ കുരിശിൻ ചുവട്ടിൽ വച്ച് പുതിയ ദൈവമക്കൾക്ക് ജന്മം നല്കാനുള്ള സഭയുടെ പ്രേഷിത ദൗത്യത്തിൽ പങ്കുകാരിയാക്കപ്പെട്ടു.

പ്രിയപ്പെട്ട കുട്ടികളേ... ഈ മിഷൻമാസം ചൈതന്യവത്താക്കാൻ നമുക്കൊരുമിച്ച് പരിശ്രമിക്കേണ്ടേ? നമ്മുടെ അനുദിനപ്രവർത്തനങ്ങളിലൂടെയും പ്രാർത്ഥനകളിലൂടെയും പ്രേഷിത തീക്ഷ്ണതയോടെ നമുക്ക് മുന്നേറണം. ദൈവികപുണ്യങ്ങളിൽ വളരാൻ പരിശ്രമിക്കണം. പ്രേഷിതദൗത്യം ക്രൈസ്തവരായ നമ്മുടെ തനിമയുടെ ഭാഗമാണെന്ന് നമുക്ക് മറക്കാതിരിക്കാം.

- ഈ മാസം ചെറുപുഷ്പ മിഷൻലീഗിന്റെയും സൺഡേസ്കൂളിന്റെയും മറ്റ് സംഘടനകളുടെയും നേതൃത്വത്തിൽ നിങ്ങൾക്കായി പ്രോഗ്രാമുകൾ സംഘടിപ്പിക്കുമ്പോൾ അവ ഒന്നുപോലും മുടങ്ങാതെ കൃത്യമായി പ്രേഷിത തീക്ഷ്ണതയോടെ ചെയ്യാൻ കുട്ടികളായ നിങ്ങൾ പരിശ്രമിക്കണം.
- അനുദിനം വചനപാരായണം നടത്തണം. വചനം വായിക്കുന്നത് നമ്മുടെ ശീലമായി തീരണം.
- ഈ മാസം മിഷൻ പ്രദേശങ്ങളെക്കുറിച്ചും മിഷനറിമാരെക്കുറിച്ചും ധാരാളം വായിക്കുകയും പഠിക്കുകയും വേണം. ഒപ്പം കൂട്ടുകാർക്ക് പറഞ്ഞുകൊടുക്കുകയും വേണം. എല്ലാ മിഷനറിമാർക്കുവേണ്ടിയും പ്രാർത്ഥിക്കണം.
- മിഷൻ ദൂതുമായി ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ ഈ മാസത്തിൽ പ്രത്യേകം നടത്തണം.
- ഈ മാസം എല്ലാ ദിവസങ്ങളിലും മുടങ്ങാതെ ദിവ്യബലിയിൽ പങ്കുചേരാനും ദിവ്യകാരുണ്യം സ്വീകരിക്കാനും കുമ്പസാരിക്കാനും ശ്രദ്ധിക്കണം.
- കൃത്യമായ Timetable പ്രകാരമുള്ള ജീവിതശൈലി വളർത്തിയെടുക്കണം.
- മാതാപിതാക്കളോടൊരുമിച്ച് കൂടുതൽ സമയം ചിലവഴിക്കണം.
- പ്രേഷിത തീക്ഷ്ണതയിൽ വളരുവാൻ അനുദിനപ്രാർത്ഥനകളും മറ്റ് വ്യക്തിപരമായ പ്രാർത്ഥനകളും വിശ്വാസത്തോടെ ചൊല്ലുവാൻ പരിശ്രമിക്കുകയും ചെയ്യണം.

നിങ്ങൾക്കെല്ലാവർക്കും ഈ അസാധാരണ മിഷൻമാസത്തിന്റെ പ്രാർത്ഥനകളും ചൈതന്യവും നന്മയും ദൈവാനുഗ്രഹവും ആശംസിക്കുന്നു. സമയം ലഭിക്കുമ്പോൾ നിങ്ങൾ എനിക്ക് കത്ത് എഴുതുമല്ലോ. നിങ്ങളുടെ കത്തുകളൊക്കെ ശ്രദ്ധാപൂർവ്വം വായിക്കാറുണ്ട്, മറുപടി എഴുതാറുമുണ്ട്. മിഷൻ മധ്യസ്ഥയായ പരി. അമ്മയുടെ സഹായം നിങ്ങൾക്കെല്ലാവർക്കും ഉണ്ടാകട്ടെ.

നിങ്ങളുടെ വത്സലപിതാവ്,

തലശ്ശേരി
22-08-2019

**മാർ ജോർജ് ഞറളക്കാട്ട്**
തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത

---

**പ്രത്യേക ശ്രദ്ധയ്ക്ക് :** ഈ സർക്കുലർ 2019 സെപ്റ്റംബർ 29-ാം തീയതി ഞായറാഴ്ച കുട്ടികൾക്കുള്ള വി. കുർബാന മദ്ധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കേണ്ടതാണ്.

Ref. 3220/K-5/KCBC/OL/DS 20 August 2019

# ഒക്ടോബർ, 2019
# അസാധാരണ പ്രേഷിതമാസത്തോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിതമാസമായി (Eximius Missionis Mensis) പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. "ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ: പ്രേഷിതദൗത്യവുമായി ക്രിസ്തുവിന്റെ സഭ ലോകത്തിൽ" (Baptized and Sent: The Church of Christ on Mission in the World) എന്നതാണ് ഈ മാസത്തിന്റെ വിചിന്തനവിഷയമായി തിരുസഭ നല്കിയിട്ടുള്ളത്. 1919-ൽ ബെനഡിക്ട് 15-ാമൻ പാപ്പാ പ്രസിദ്ധീകരിച്ച *മാക്സിമൂം ഇല്ലൂദ്* ("ഏറ്റവും വലിയ ആ കാര്യം") എന്ന പ്രേഷിത ദൗത്യത്തെക്കുറിച്ചുള്ള ചാക്രികലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചാണ് ഇപ്രകാരമൊരു പ്രഖ്യാപനം ഫ്രാൻസിസ് പാപ്പാ നടത്തിയിട്ടുള്ളത്.

ഒന്നാം ലോകമഹായുദ്ധത്തിന്റെ ഭീകരമായ കെടുതികളിൽനിന്ന് ഉയിർത്തെഴുന്നേല്ക്കാൻ ലോകജനതയെ സഹായിക്കാനുള്ള സഭയുടെ ദൗത്യം തിരിച്ചറിഞ്ഞാണ് ബെനഡിക്ട് 15-ാമൻ പാപ്പാ തന്റെ അപ്പസ്തോലിക ലേഖനത്തിലൂടെ സഭയുടെ പ്രേഷിതദൗത്യത്തിന് പുതിയൊരു മുഖവും നവചൈതന്യവും നല്കാൻ ശ്രമിച്ചത്. അദ്ദേഹം ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: "കാരുണ്യവാനായ ദൈവത്തിന്റെ ഒരു പ്രത്യേക അനുഗ്രഹം മൂലം സത്യവിശ്വാസം ലഭിക്കുകയും അതിന്റെ നിരവധി അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുന്നവർ, മിഷൻ വേലകളെ സഹായിക്കുക പരിശുദ്ധമായ ഒരു കടമയാണെന്ന് അവഗാഢം ചിന്തിക്കട്ടെ. എന്തുകൊണ്ടെന്നാൽ സ്വന്തം സഹോദരങ്ങളെ സംബന്ധിക്കുന്ന ഒരു പ്രമാണം ദൈവം എല്ലാവർക്കുമായി നല്കിയിരിക്കുന്നു." കൊളോണിയലിസത്തിന്റെ തേർവാഴ്ചകളിൽ തമസ്കരിക്കപ്പെട്ട ദൈവവിശ്വാസവും മാനവികതയും സുവിശേഷവെളിച്ചത്തിൽ പുനഃസ്ഥാപിക്കാൻ സുവിശേഷവത്കരണം മാത്രമാണ് ഏകമാർഗമെന്ന് പാപ്പാ ഉദ്ബോധിപ്പിച്ചു. ഈ പ്രബോധനത്തിന്റെ വെളിച്ചത്തിൽ അക്കാലത്ത് തിരുസഭ നടത്തിയ പ്രേഷിത പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്.

"തീർത്ഥാടക സഭ സ്വഭാവത്താൽതന്നെ പ്രേഷിതയാണ്. കാരണം അവൾ പിതാവായ ദൈവത്തിന്റെ നിശ്ചയമനുസരിച്ച് പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും പ്രേഷണത്തിൽ നിന്നാണ് ജന്മമെടുക്കുന്നത്" (AG 2). "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നല്കുവിൻ" (മത്താ 28:19-20) എന്ന യേശുക്രിസ്തുവിന്റെ ആഹ്വാനമാണ് സഭയുടെ പ്രേഷിതദൗത്യത്തിന് അടിസ്ഥാനം. ക്രിസ്തു തന്റെ സഭയെ ഏല്പിച്ച ഈ ദൗത്യം ക്രിസ്തുവിന്റെതന്നെ ദൗത്യത്തിന്റെ തുടർച്ചയാണ്. "പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ 20:21) എന്നാണ് യേശു തന്റെ ശിഷ്യരോടു പറഞ്ഞത്.

ദിവ്യഗുരുവിന്റെ ആഹ്വാനം സ്വീകരിച്ച അപ്പോസ്തോലൻമാരും ഇതര ശിഷ്യരും അന്ന് അറിയപ്പെട്ടിരുന്ന ലോകത്തിലെല്ലായിടത്തും ആ സ്നേഹസന്ദേശം എത്തിക്കാൻ ത്യാഗപൂർവ്വം കടന്നുചെന്നു. എന്നാൽ പ്രേഷിതപ്രവർത്തനം അക്കാലത്തും എളുപ്പമായിരുന്നില്ലെന്ന് ചരിത്രം സാക്ഷ്യം നല്കുന്നു. ക്രിസ്തുശിഷ്യർ ധാരാളം എതിർപ്പുകൾ നേരിടുകയും മർദ്ദനങ്ങളും പീഡനങ്ങളും സഹിക്കുകയും അനേകർ സ്വജീവൻ ബലിയായി അർപ്പിക്കുകയും ചെയ്യേണ്ടിവന്നു. വിശുദ്ധ പൗലോസ്അപ്പോസ്തലൻ ഏഷ്യമൈനർ, ഗ്രീസ്, ടർക്കി തുടങ്ങിയ ദേശങ്ങളിലെല്ലാം ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രചരിപ്പിച്ചു. അക്കാലത്ത് സഭാംഗങ്ങൾക്കിടയിലുണ്ടായിരുന്ന വഴക്കുകൾ തീർക്കുന്നതിനും അവരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും വിശ്വാസത്തിൽ അവരെ ഉറപ്പിക്കുന്നതിനും വേണ്ടി അദ്ദേഹം സുദീർഘങ്ങളായ ലേഖനങ്ങൾ എഴുതി.

പ്രഥമ പ്രേഷിതരായ അപ്പോസ്തലന്മാരുടെ പിൻഗാമികളായ മെത്രാന്മാരോടു ചേർന്ന് ദൈവജനം മുഴുവനിലൂടെയുമാണ് പ്രേഷിതദൗത്യം സഭയിൽ നിർവഹിക്കപ്പെടുന്നത്. പരിശുദ്ധ പിതാക്കന്മാർ കാലാകാലങ്ങളിൽ തങ്ങളുടെ പ്രബോധനങ്ങൾ വഴി അജഗണങ്ങളെ ഇക്കാര്യം അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നു. ഒമ്പതാം പീയൂസ് പാപ്പാ *ഓപ്പൂസ് ദിവിനീസ്സിമും ("ഏറ്റവും മഹത്തായ ദിവ്യകർമ്മം")* എന്ന ചാക്രികലേഖനത്തിൽ പറയുന്നതുപോലെ, "എല്ലാ കത്തോലിക്കാ പ്രവർത്തനങ്ങളിലും വച്ച് ഏറ്റം മഹത്തും പരിശുദ്ധവുമായത് മിഷനറി പ്രവർത്തനങ്ങളാണ്. ഓരോ വിശ്വാസിക്കും താൻ സ്വീകരിച്ച വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ കടമയുണ്ട്." രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ വൈദികർക്കായുള്ള രേഖയിലും ഇക്കാര്യം ഓർമ്മിപ്പിക്കു

ന്നുണ്ട്: "മുഴുവൻ ശരീരത്തിന്റെയും ദൗത്യത്തിൽ പങ്കുവഹിക്കാത്ത ഒരു അവയവവുമില്ല. പ്രത്യുത, ഓരോ അംഗവും സ്വഹൃദയത്തിൽ യേശുവിനെ വാഴ്ത്താനും പ്രവചനത്തിന്റെ ആത്മാവാൽ അവിട ത്തേക്ക് സാക്ഷ്യം വഹിക്കാനും കടപ്പെട്ടിരിക്കുന്നു" (PO 2).

"സുവിശേഷത്തിന്റെ ആനന്ദം" എന്ന അപ്പോസ്തോലികാഹ്വാന ത്തിൽ ഫ്രാൻസിസ് പാപ്പായും ഇക്കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്: "സുവി ശേഷം സ്വീകരിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴി വാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്കു കടമ യുണ്ട്" (EG 14). അതുകൊണ്ട്, "നമുക്ക് നിസ്സംഗതയോടെ പള്ളിക്കെ ട്ടിടങ്ങളിൽ സ്വസ്ഥമായി കാത്തിരിക്കാൻ പാടില്ല" (EG 15). നവസുവി ശേഷവത്കരണത്തിന്റെ മൂന്നു സുപ്രധാന മേഖലകളെക്കുറിച്ചും ഫ്രാൻസിസ് പാപ്പാ ഈ പ്രബോധനത്തിൽ ഓർമ്മിപ്പിക്കുന്നുണ്ട്: (1) സാധാരണ അജപാലനശുശ്രൂഷയുടെ മണ്ഡലം. ആരാധനാസമൂഹ ത്തിൽ സ്ഥിരം പങ്കെടുക്കുന്നവരും കർത്താവിന്റെ വചനത്താലും നിത്യ ജീവന്റെ അപ്പത്താലും പോഷിപ്പിക്കപ്പെടാനായി ഞായറാഴ്ചകളിൽ (കർത്താവിന്റെ ദിവസത്തിൽ) ഒന്നിച്ചുകൂടുന്നവരുമായ വിശ്വാസി കൾക്കുവേണ്ടിയുള്ളതാണത്. (2) മാമ്മോദീസ സ്വീകരിച്ചവരും എന്നാൽ തദനുസൃതം ജീവിക്കാത്തവരുമായ വ്യക്തികൾക്കുവേണ്ടി യുള്ള ശുശ്രൂഷ. അവർക്ക് സഭയുമായി ഹൃദ്യമായ ബന്ധമൊന്നുമില്ല. വിശ്വാസത്തിന്റെ ആനന്ദവും സുവിശേഷത്തോടുള്ള പ്രതിജ്ഞാബ ദ്ധതയുള്ളവരാകാനുള്ള ആഗ്രഹവും ജനിപ്പിക്കുന്ന മാനസാന്തരം ഇക്കൂട്ടരിൽ ഉണ്ടാകാൻവേണ്ടിയാണത്. (3) യേശുക്രിസ്തുവിനെ ഇതു വരെ അറിഞ്ഞിട്ടില്ലാത്തവരുടെ ഇടയിലുള്ള ശുശ്രൂഷ. യേശുക്രിസ്തു വിനെ അറിഞ്ഞിട്ടും അവിടുത്തെ ഉപേക്ഷിച്ചു ജിവിക്കുന്നവർക്കുവേ ണ്ടിയുള്ള സുവിശേഷപ്രഘോഷണവും ഇതിൽപ്പെടുന്നു. ഇവർക്കു വേണ്ടിയുള്ള പ്രഘോഷണമാണ് പ്രഥമവും പ്രധാനവുമായുള്ള സുവി ശേഷവത്കരണം.

അസാധാരണ പ്രേഷിതമാസത്തിൽ ശ്രദ്ധവയ്ക്കേണ്ട നാലുകാ ര്യങ്ങളെക്കുറിച്ച് "ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ" എന്ന രേഖ യിൽ പറയുന്നുണ്ട്: 1. വിശുദ്ധ കുർബാന, ദൈവവചനം, വ്യക്തിപ രവും സമൂഹപരവുമായ പ്രർത്ഥനകൾ എന്നിവയിലൂടെ സഭയിൽ ഇന്നും ജീവിക്കുന്ന ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തി ലുള്ള ജീവിതം. 2. പ്രേഷിതരായ വിശുദ്ധരുടെയും രക്തസാക്ഷികളു ടെയും വിശ്വാസപ്രഘോഷകരുടെയും ലോകമാസകലമുള്ള സാക്ഷ്യ ങ്ങൾ മാതൃകയാക്കിക്കൊണ്ടുള്ള ക്രൈസ്തവജീവിതസാക്ഷ്യം. 3 വിശു

ദ്ധഗ്രന്ഥം, മതബോധനം, ആദ്ധ്യാത്മികശാസ്ത്രം, ദൈവശാസ്ത്രം തുടങ്ങിയവയിൽ അധിഷ്ഠിതമായ വൈദിക-സന്ന്യസ്ത-അല്മായ മേഖലകളിലുള്ള പ്രേഷിത രൂപീകരണം. 4. ദരിദ്രരോടും വിലപിക്കുന്നവരോടും പക്ഷം ചേർന്നുകൊണ്ട് ക്രിസ്തുസ്നേഹം പ്രകടമാക്കുന്ന നിസ്വാർത്ഥമായ പ്രേഷിത സ്നേഹവും പരിചരണവും.

1893-ൽ ലെയോ 13-ാമൻ പാപ്പാ പറഞ്ഞു: "ഭാരതമേ, നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ." അരനൂറ്റാണ്ടു കഴിഞ്ഞപ്പോൾ ഇന്ത്യ വിദേശാധിപത്യത്തിൽനിന്ന് സ്വതന്ത്രയായി. ക്രമേണ വിദേശ മിഷനറി

മാരുടെ ഇന്ത്യയിലേക്കുള്ള പ്രവാഹവും തടസ്സപ്പെട്ടു. ഭാരതം മുഴുവന്റെയും സുവിശേഷവത്ക്കരണം ഇന്ന് ഭാരതത്തിന്റെ സന്താനങ്ങളായ ഓരോ വിശ്വാസിയുടെയും കടമയാണ്. മിഷനറിമാരുടെ പ്രേഷിതചൈതന്യം നമ്മളും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. അസാധാരണ പ്രേഷിതമാസത്തിന്റെ പ്രഖ്യാപനം അതിന് അവസരമാക്കിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം.

ഈ പ്രേഷിതമാസം കാര്യക്ഷമമാക്കാൻ ചിലകാര്യങ്ങൾ നിർദ്ദേശിക്കുന്നു:

1. നമ്മുടെ പ്രഥമ പ്രേഷിത കൃത്യം പ്രാർത്ഥനയാണ്. പ്രേഷിതർക്കുവേണ്ടിയും പ്രേഷിതപ്രവർത്തനങ്ങൾക്കുവേണ്ടിയും എല്ലാവരും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം.

2. ഓരോ വിശ്വാസിയും മിഷനറിയാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന അവബോധം വളർത്തുന്നതിന് രൂപതാ-ഫെറോനാ-ഇടവക തലങ്ങളിൽ സെമിനാറുകളും ക്ലാസുകളും എക്സിബിഷനും സംഘടിപ്പിക്കുക.

3. മിഷനറി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ രൂപതാതലത്തിൽ പ്രത്യേകം പരിശീലനം സിദ്ധിച്ച ആനിമേറ്റർമാരുടെ ടീമംഗങ്ങളെ ഒരുക്കുകയും അവരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

4. സ്നേഹത്തിന്റെയും പങ്കുവയ്പിന്റെയും പരിത്യാഗത്തിന്റെയും ശീലം അർത്ഥികളിൽ വളർത്തുന്നതിന് ആവശ്യമായ പ്രേഷിത ബോധ്യങ്ങളുള്ള പരിശീലകരെ രൂപപ്പെടുത്തുക.

5. കുട്ടികൾ, കൗമാരക്കാർ, യുവജനങ്ങൾ എന്നിങ്ങനെ തിരിച്ച് ഓരോ വിഭാഗത്തിനും ആവശ്യമായ പ്രേഷിതരൂപീകരണം നല്കുന്നതിന് സംവിധാനങ്ങൾ ഒരുക്കുക.

6. വൈദിക പരിശീലനത്തിന്റെ പ്രാരംഭദശമുതൽതന്നെ അർത്ഥികളിൽ പ്രേഷിതസ്വഭാവം രൂപപ്പെടുന്നതിന് അവസരമൊരുക്കുക.

7. മിഷനെക്കുറിച്ചും മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും കൂടുതൽ പഠിക്കാൻ മിഷനെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ അടിസ്ഥാനമാക്കി പ്രത്യേക കോഴ്സുകളും പഠനശിബിരങ്ങളും സംഘടിപ്പിക്കുക. (Eg. Ad Gentes, 1965; Evangelii Nuntiandi, 1975; Redempotoris Missio, 1990; Evangelii Gaudium, 2013). പിഒസിയിൽ നടന്നുവരുന്ന വിറ്റ്നസസ് ഓഫ് മേഴ്സി എന്ന പ്രേഷിത പരിശീലന പരിപാടിയിലേക്ക് കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുന്നത് പ്രേഷിതാഭിമുഖ്യമുള്ള വിശ്വാസികളെ രൂപപ്പെടുത്തുന്നതിന് സഹായകമാണ്.

8. രൂപതകളിൽ മതബോധനരംഗത്ത് കൂടുതൽ പ്രേഷിത രൂപീകരണം ലഭിക്കത്തക്കവിധം മതാധ്യാപകർക്കായി മിഷൻയാത്രകൾ ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും കുട്ടികളിൽ പ്രേഷിത ചൈതന്യം രൂപപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

9. യുവതീയുവാക്കൾക്ക് മിഷൻ രംഗത്ത് താത്പര്യം ലഭിക്കത്തക്കവിധം യുവജനസംഘടനകളുടെ പരിശീലന പ്രവർത്തനങ്ങൾ പരിഷ്കരിക്കുക. ഇന്നത്തെ ലോകത്തിന്റെ പ്രശ്നങ്ങളെ മിഷൻ തീക്ഷ്ണതയോടെ അഭിമുഖീകരിക്കാൻ മറ്റാരെക്കാൾ യുവജനങ്ങൾക്കാണല്ലോ കഴിയുക.

10. കേരളത്തിനു പുറത്തുള്ള മിഷൻ കേന്ദ്രങ്ങൾ സന്ദർശിച്ച് മിഷനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനും പഠിക്കാനും വൈദികർക്കും സന്ന്യസ്തർക്കും അല്മായർക്കും (സംഘടനാതലത്തിൽ) അവസരങ്ങൾ ഒരുക്കുക.

11. ഏതെങ്കിലും മിഷൻ രൂപതയെയോ മിഷൻ മേഖലയെയോ പ്രത്യേകമായി തെരഞ്ഞെടുത്ത് അവരെ ആത്മീയമായും അജപാലനപരമായും സാമ്പത്തികമായും സഹായിക്കുന്നതിനും നമ്മുടെ വിഭവങ്ങൾ അവരുമായി പങ്കുവയ്ക്കുന്നതിനും സൗകര്യങ്ങൾ ഒരുക്കുക.

12. "അസാധാരണ പ്രേഷിതമാസത്തിന്റെ" (2019 ഒക്ടോബർ) ഔദ്യോഗിക ഉദ്ഘാടനം രൂപതാതലത്തിൽ നടത്തുക. ലോഗോ അടങ്ങിയ ഒരു കൊടിയോ ബാനറോ ഇടവകകൾതോറും പ്രദർശിപ്പിക്കുന്നത് ഉചിതമായിരിക്കും.

13. മിഷൻമേഖലകളിൽ ദീർഘകാലം ശുശ്രൂഷ നിർവഹിച്ച മിഷണറിമാരെ രൂപതാതലത്തിൽ പ്രത്യേകമായി ആദരിക്കുന്നത് മിഷൻ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സഹായിക്കും.

14. വൈദിക-സന്ന്യസ്ത ജീവിതത്തിലേക്ക് കടന്നുവരാൻ താത്പ

ര്യമുള്ളവരെ കണ്ടെത്തി ദൈവവിളി പ്രോത്സാഹിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധ വയ്ക്കുക.

15. മിഷൻ പ്രവർത്തനങ്ങളെക്കുറിച്ചും മിഷനറിമാരെക്കുറിച്ചും കൂടുതൽ അറിയാനും പഠിക്കാനും പ്രത്യേക അവസരങ്ങൾ കുടുംബ കൂട്ടായ്മകളിലും മറ്റു വേദികളിലും ഒരുക്കാവുന്നതാണ്.

16. പ്രാദേശികമായി നടത്താവുന്ന മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് പഠനവും ചർച്ചകളും സംഘടിപ്പിക്കുക.

17. അല്മായ പ്രേഷിത സംരംഭങ്ങൾക്ക് പിന്തുണയും പ്രോത്സാഹനവും നല്കി വളർത്തുക.

18. മിഷൻ ഞായറിലേക്കുള്ള വിഭവസമാഹരണം കൂടുതൽ ക്രിയാത്മകമായും കാര്യക്ഷമമായും നടത്തുക.

**ഉപസംഹാരം**

സാർവത്രിക സഭയിലെ അംഗങ്ങൾ എന്ന നിലയിൽ കേരളത്തിലെ സഭകൾ സുവിശേഷ പ്രഘോഷണരംഗത്ത് കാലാകാലങ്ങളായി സജീവമായി പ്രവർത്തിച്ചുവരുന്നു. ഭാരതം മുഴുവനും സഭയുടെ മിഷൻ മേഖലയായി കണ്ടുകൊണ്ട് മൂന്നു പ്രാദേശിക സഭകളും മിഷൻ മേഖലയിൽ കൈകോർക്കുന്ന ഒരു പുതിയ മിഷനറി മുന്നേറ്റത്തിന്റെ നൂറ്റാണ്ടിനു തുടക്കം കുറിക്കാൻ ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചിരിക്കുന്ന ഈ അസാധാരണ പ്രേഷിതമാസത്തിന്റെ ആചരണങ്ങളും തുടർന്നുള്ള പ്രവർത്തനങ്ങളും സഹായകമാകട്ടെ. പ്രേഷിത പ്രവർത്തനങ്ങളെ ഫലദായകമാക്കുന്ന പരിശുദ്ധാത്മാവ് നമ്മുടെ എല്ലാ പ്രേഷിത സംരംഭങ്ങളെയും നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുമാറാകട്ടെ.

സ്നേഹാദരങ്ങളോടെ,

**ആർച്ചുബിഷപ് എം. സൂസപാക്യം**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്തം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി
പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം കൊച്ചി –

---

**N.B.** 2019 സെപ്തംബർ 29-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

Ref. 3222/K-5/KCBC/OL/DS 23 August 2019

# വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ വിശുദ്ധ പദവിയിലേക്കുയർത്തപ്പെടുന്നതിനോടനുബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മറിയം ത്രേസ്യ എന്ന ഒരു വിശുദ്ധയെക്കൂടി സമ്മാനിച്ചുകൊണ്ട് 2019 ഒക്ടോബർ 13-നു കേരളസഭ തിരുസഭയുടെ ചരിത്രത്തിൽ ഒരിക്കൽക്കൂടി സ്ഥാനം പിടിക്കുമ്പോൾ സന്തോഷിക്കാനും അഭിമാനിക്കാനും നമുക്കു വക ലഭിക്കുന്നു. ഒരു വിശുദ്ധനോ വിശുദ്ധയോ ആയി ജീവിക്കുകയെന്നാൽ എല്ലാ ജീവിതാനുഭവങ്ങളെയും, പ്രത്യേകിച്ചു സഹനങ്ങളെയും പരീക്ഷണങ്ങളെയും പരാജയങ്ങളെയും വിശ്വാസത്തിന്റെ കൃപയിലൂടെ സ്വീകരിച്ചു സ്നേഹത്തിനു സാക്ഷ്യം വഹിക്കുക എന്നതാണ്.

ദൈവിക പുണ്യങ്ങൾ വീരോചിതമായി ജീവിച്ചു എന്ന് സുദീർഘവും ശ്രമകരവും ശാസ്ത്രീയവുമായ പഠനങ്ങളിലൂടെ സ്ഥിരീകരിച്ചതിനു ശേഷമാണു തിരുസഭ മറിയം ത്രേസ്യയെ വിശുദ്ധയെന്നു പ്രഖ്യാപിക്കുന്നത്. ഈ പ്രക്രിയ ആരംഭിച്ചതു വിശ്വാസികൾ തന്നെയാണ്. തിന്മയിൽനിന്നകന്നു ദൈവിക പുണ്യങ്ങളഭ്യസിക്കുകയും വിശുദ്ധജീവിതം നയിച്ച് കുടുംബങ്ങളിൽ കരുണാർദ്രസ്നേഹം പകരുകയും പുണ്യവതി എന്ന് അറിയപ്പെടുകയും ചെയ്തിരുന്ന മദർ മറിയം ത്രേസ്യയുടെ മരണാനന്തരം അനേകർ മദ്ധ്യസ്ഥസഹായം യാചിച്ചു പ്രാർത്ഥിച്ചിരുന്നു. അനുഗ്രഹം ലഭിച്ചവർ പരസ്പരം വിവരം കൈമാറുകയും ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്യുകയുണ്ടായി. നീണ്ട 24 വർഷം മറിയം ത്രേസ്യയുടെ ആദ്ധ്യാത്മിക പിതാവും മദർ സ്ഥാപിച്ച ഹോളി ഫാമിലി കോൺഗ്രിഗേഷന്റെ സഹസ്ഥാപകനും ധന്യൻ എന്ന പദവി ലഭിച്ചവനും ആയ ഫാ. ജോസഫ് വിതയത്തിൽ തന്റെ മരണത്തിന് ഏഴു വർഷം മുമ്പ്, 1957-ൽ, മദറിനെ സംബന്ധിച്ച എല്ലാ രേഖകളും തൃശൂർ രൂപതാ മെത്രാനു (മാർ ജോർജ്ജ് ആലപ്പാട്ട് പിതാവിനു) കൈമാറി.

1973-ൽ നാമകരണ നടപടിക്ക് ആരംഭം കുറിച്ചതോടെ ദൈവദാസി എന്ന ആദ്യപദവിക്ക് മദർ അർഹയായി. രൂപതാതലപഠനത്തിനായി പ്രത്യേകം നിയോഗിക്കപ്പെട്ട ഹിസ്റ്റോറിക്കൽ കമ്മീഷൻ, ട്രൈബ്യൂണൽ

അംഗങ്ങൾ എന്നിവർ മദർ ജീവിച്ച സാഹചര്യം, ജീവിതശൈലി, സുകൃതങ്ങൾ, എഴുത്തുകൾ, ഉപദേശങ്ങൾ എന്നിവയും മദറുമായി അടുത്ത ബന്ധം പുലർത്തിയ വ്യക്തികളുടെ സാക്ഷ്യങ്ങളും ഗൗരവമായി പഠിച്ചു വിശകലനം ചെയ്തു രൂപരേഖകൾ തയ്യാറാക്കി റോമിലേക്ക് അയച്ചു. പോസ്റ്റുലേറ്റർ റവ. ഡോ. ജോർജ്ജ് നെടുങ്ങാട്ട് S.J. യുടെ നേതൃത്വത്തിൽ തയ്യാറാക്കിയ Positio ദൈവശാസ്ത്രജ്ഞരും കർദ്ദിനാൾമാരും പഠിച്ചതിനു ശേഷം വി. ജോൺ പോൾ പാപ്പ അംഗീകരിച്ച് 1999-ൽ മദറിനെ ധന്യയെന്നു പ്രഖ്യാപിച്ചു.

ഇതിനിടയിൽ 1974-ൽ തൃശ്ശൂർ രൂപതയിലെ അമ്മാടം ഇടവകയിലെ പല്ലിശ്ശേരി മാത്യു എന്ന 14 വയസ്സുകാരന്റെ ഉള്ളിലേക്കു വളഞ്ഞിരുന്ന രണ്ടു കാല്പാദങ്ങളും നിവർന്നത് മദർ മറിയം ത്രേസ്യയുടെ മദ്ധ്യസ്ഥതയാൽ നടന്ന അത്ഭുതമാണെന്നു വൈദ്യശാസ്ത്രജ്ഞർ, ദൈവശാസ്ത്രജ്ഞർ, കർദ്ദിനാൾ സംഘം എന്നിവർ സ്ഥിരീകരിച്ചതിനാൽ 2000 ഏപ്രിൽ 9-നു വത്തിക്കാനിൽ വച്ചു ജോൺ പോൾ പാപ്പ മറിയം ത്രേസ്യയെ വാഴ്ത്തപ്പെട്ടവൾ എന്നു വിളിച്ചു.

വിശുദ്ധയായി പ്രഖ്യാപിക്കപ്പെടുന്നതിനുള്ള രണ്ടാമത്തെ അത്ഭുതം നടന്നത് 2009 ഏപ്രിൽ 9-നാണ്. തൃശൂർ അമല ആശുപത്രിയിൽ പെരിഞ്ചേരി ചൂണ്ടൽ ജോഷി-ഷിബി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ക്രിസ്റ്റഫർ ജോഷി പൂർണ്ണവളർച്ചയെത്താതെ ജനിച്ചു. താമസിയാതെതന്നെ Persistant Pulmonary Distress Syndrom എന്ന രോഗം മൂർഛിച്ച് Respiratory failure മൂലം ഗുരുതരാവസ്ഥയിലായി. മരണത്തോടു മല്ലടിച്ചിരുന്ന കുഞ്ഞിനു വേണ്ടി വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും മൂന്നാം ദിവസം തിരുശേഷിപ്പ് കുഞ്ഞിന്റെ മേൽ വച്ചു പ്രാർത്ഥിക്കുകയും ചെയ്തു. അരമണിക്കൂറിനു ശേഷം കുഞ്ഞ് അത്ഭുതാവഹമാംവിധം സുഖപ്പെടുകയും ശ്വാസോഛ്വാസം സാധാരണനിലയിലാകുകയും ചെയ്തു. ഇത്തരം രോഗമുള്ള കുഞ്ഞുങ്ങൾക്കു കൊടുക്കേണ്ട മരുന്നോ വെന്റിലേറ്റർ സഹായമോ അന്ന് അവിടെ ലഭ്യമായിരുന്നില്ല. അവ ഇല്ലാതെതന്നെ ദ്രുതഗതിയിലും പൂർണ്ണമായും ലഭിച്ച സുഖപ്രാപ്തി അത്ഭുതമാണ്, വൈദ്യശാസ്ത്രത്തിനു വിവരിക്കാനാവാത്തതാണ് എന്ന് ചികിത്സിച്ചിരുന്ന ഡോക്ടർ ശ്രീനിവാസൻ സ്ഥിരീകരിക്കുകയുണ്ടായി. തൃശൂർ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിയോഗിച്ച ട്രൈബ്യൂണൽ അംഗങ്ങൾ ഈ അത്ഭുതം കൂലംകഷമായി പഠിച്ച് 2013 -ൽ

റിപ്പോർട്ടു സമർപ്പിച്ചു. പോസ്റ്റുലേറ്റർ റവ. ഡോ. ബനഡിക്ട് വടക്കേക്കര O.F.M. Cap. ന്റെ നേതൃത്വത്തിൽ Miracle Positio തയ്യാറാക്കി തിരുസംഘത്തിനു നൽകി. വൈദ്യശാസ്ത്രജ്ഞർ, ദൈവശാസ്ത്രജ്ഞർ, കർദ്ദിനാൾ സംഘം എന്നിവർ ഘട്ടം ഘട്ടമായി പരിശോധിച്ച് ഐക്യകണ്ഠേന പാസാക്കി Positio പരിശുദ്ധ പിതാവിനു സമർപ്പിച്ചതിനു ശേഷമാണു ജൂലായ് 1-ാം തീയതി കൂടിയ Public Consistoryയിൽ വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യയെ ഒക്ടോബർ 13-നു വിശുദ്ധയായി പ്രഖ്യാപിക്കുമെന്ന തീരുമാനമുണ്ടായത്.

വിശുദ്ധയായ മറിയം ത്രേസ്യ ജനിച്ചത് ഇരിഞ്ഞാലക്കുട രൂപതയിലെ പുത്തൻചിറ ഇടവകയിൽ ചിറമ്മൽ മങ്കിടിയാൻ തോമാ - താണ്ട ദമ്പതികളുടെ മൂന്നാമത്തെ സന്താനമായിട്ടാണ്. "ചെറുപ്പം മുതലേ ദൈവത്തെ സ്നേഹിക്കാനുള്ള തീവ്രമായ ദാഹത്താൽ എന്റെ ആത്മാവ് ഏറെ ക്ലേശിച്ചിരുന്നു"എന്നു പറഞ്ഞാണു മറിയം ത്രേസ്യ തന്റെ ആത്മകഥ തുടങ്ങുന്നത്. ദൈവത്തെ സ്നേഹിക്കാനും ദൈവികപുണ്യങ്ങൾ അഭ്യസിക്കാനും വിശുദ്ധിയിൽ ജീവിക്കാനും ഏറെ ത്യാഗങ്ങളും, സഹനങ്ങളും, പരീക്ഷണങ്ങളും അവൾ ഏറ്റെടുത്തു. തിരുക്കുടുംബം ഒന്നിച്ചും, മാതാവ്, ഉണ്ണീശോ, കുരിശു ചുമക്കുന്ന ഈശോ, യൗസേപ്പിതാവ് എന്നിവർ ഓരോരുത്തരായും പ്രത്യക്ഷപ്പെട്ട് മറിയം ത്രേസ്യയെ സഹനങ്ങളിലും പൈശാചിക പരീക്ഷണങ്ങളിലും ആശ്വസിപ്പിക്കുകയും സഹായിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തിരുന്നതായി ത്രേസ്യയും മറ്റുള്ളവരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തിരുക്കുടുംബാംഗങ്ങൾ അവളുടെ ജീവിതത്തിൽ സന്തതസഹചാരികളായിരുന്നു.

ദൈവികപുണ്യങ്ങളായ വിശ്വാസം, ശരണം, ഉപവി എന്നിവയും സാന്മാർഗിക പുണ്യങ്ങളായ വിവേകം, നീതി, ആത്മധൈര്യം, ആത്മസംയമനം എന്നിവയും മറ്റു നിരവധി പുണ്യങ്ങളും വീരോചിതമായി ജീവിച്ചാണ് അവൾ വിശുദ്ധിയുടെ ഉന്നതപദവിയിലേക്കുയർത്തപ്പെട്ടിരിക്കുന്നത്. 'ദൈവം ദൈവമല്ലേ?' 'ദൈവം ദൈവമാണെന്നുള്ള ശരണം മാത്രമാണെനിക്കുള്ളത്,' 'നമ്മുടെ ദൈവം നമ്മുടെ ശരണം' എന്ന പുണ്യവതിയുടെ ആത്മമന്ത്രങ്ങൾ അവളുടെ ആഴമായ വിശ്വാസത്തെയും ശരണത്തെയും സൂചിപ്പിക്കുന്നു.

നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യ സന്നിധിയിൽ ചെലവഴിച്ചും ദിവ്യബലിയർപ്പണത്തിനായി പ്രത്യേകവിധത്തിൽ ഒരുങ്ങിയും

കാൽവരിനാഥനോടൊപ്പം ബലിയർപ്പിച്ചും ദിവ്യകാരുണ്യത്തോടുള്ള സ്നേഹവും ഭക്തിയും അവൾ സ്വന്തമാക്കി. തനിക്ക് അറിവില്ലാതിരുന്ന സുറിയാനി ഭാഷയിൽ ബലിയർപ്പിച്ചിരുന്ന ആ കാലഘട്ടത്തിൽ ബലിയർപ്പണത്തിന്റെ അന്തഃസത്ത ഗ്രഹിച്ച് ബലിയിൽ സംബന്ധിച്ചിരുന്ന രീതി ആത്മകഥയിൽ എഴുതിയിരിക്കുന്നത് വായിക്കുന്നവരെ അതിശയിപ്പിക്കും. വി. കുർബാനയും ദിവ്യകാരുണ്യവും ജീവസ്രോതസ്സായിരുന്നു ത്രേസ്യയ്ക്ക്.

കുരിശിൻ ചുവട്ടിലിരുന്ന് ഈശോയുടെ പീഡാനുഭവം ധ്യാനിച്ചിരുന്ന അവൾ പീഡാനുഭവത്തിൽ പങ്കുചേരാനും ഈശോയുമായി താദാത്മ്യപ്പെടാനും ആഗ്രഹിച്ചതിന് നാഥൻ സമ്മാനമായി നൽകിയ തിരുമുറിവുകൾ അവളെ പഞ്ചക്ഷതം പേറുന്നവളാക്കി. "മതി കർത്താവേ മതി; ഈ കുരിശ് ഞാൻ ചുമന്നുകൊള്ളാം"എന്നുള്ളതു കുരിശും വഹിച്ച് ഈശോ പ്രത്യക്ഷപ്പെട്ടപ്പോഴുള്ള അവളുടെ വാക്കുകളായിരുന്നു. സഹിക്കുന്നവരിലും ത്രേസ്യ കണ്ടത് പീഡ സഹിക്കുന്ന ഈശോയെയാണ്. അതുകൊണ്ടു തന്നെ രോഗികൾ, മരണാസന്നർ, അനാഥർ, പാവപ്പെട്ടവർ, പാപികൾ എന്നിവർ മദർ മറിയം ത്രേസ്യയുടെ സ്നേഹത്തിനും കരുണയ്ക്കും പ്രാർത്ഥനയ്ക്കും അർഹരായി. സ്ത്രീകൾക്ക് പുറത്തിറങ്ങാൻ അനുവാദമില്ലാതിരുന്ന കാലത്ത് ഇവരെ തേടി ത്രേസ്യ കുടുംബങ്ങളിലേക്കു ചെന്നു. അവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായിക്കുകയും ശക്തിപ്പെടുത്തുകയും തകർന്ന കുടുംബങ്ങളെയും കുടുംബബന്ധങ്ങളെയും കൂട്ടിയിണക്കുകയും ചെയ്തിരുന്നു എന്നത് പ്രവാചക ധീരതയോടെയുള്ള ഉപവി പ്രവർത്തനമാണ്. അതുതന്നെയാണ് അവളെ കുടുംബങ്ങളുടെ മദ്ധ്യസ്ഥയും കുടുംബപ്രേഷിതരുടെ മാതൃകയുമാക്കിയത്. അവളിലെ ഉപവിയുടെ അലിവ് അറിയാത്തവർ പുത്തൻചിറയിലും പ്രാന്തപ്രദേശങ്ങളിലും വളരെ വിരളമായിരുന്നു.

സാന്മാർഗിക പുണ്യങ്ങളായ വിവേകത്തിന്റെ പൂർണ്ണതയും നീതിയുടെ ശബ്ദവും ആത്മസംയമനത്തിന്റെ കരുത്തും, ആത്മധൈര്യത്തിന്റെ ശക്തിയും മറിയം ത്രേസ്യയുടെ ജീവിതത്തിലും ശുശ്രൂഷാമേഖലകളിലും പ്രസ്പഷ്ടമായിരുന്നു. വിനയം, വിധേയത്വം, വിട്ടുവീഴ്ചാ മനോഭാവം, തപസ്സ്, പ്രായശ്ചിത്തം, പരിത്യാഗം എന്നിവ അവളുടെ സുകൃതങ്ങളും ജീവിതശൈലിയും ആയിരുന്നു. എളിമയുടെയും അനു

സരണത്തിന്റെയും ആൾരൂപമായിരുന്നു അവൾ എന്നാണ് സമകാലീനർ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. ദൈവൈക്യം ലക്ഷ്യമാക്കിയുള്ള തന്റെ ആത്മീയ യാത്രയിൽ തിരുക്കുടുംബവും പാടുപീഡകൾ സഹിച്ച് ക്രൂശിതനായ ഈശോയും, ദിവ്യകാരുണ്യവുമായിരുന്നു വിശുദ്ധയുടെ ആത്മീയ സ്രോതസ്സുകൾ. ഈ ശക്തിത്രയങ്ങളിലാണ് മദർ മറിയം ത്രേസ്യ തന്റെ ആദ്ധ്യാത്മികത പടുത്തുയർത്തിയത്.

കുടുംബ ശുശ്രൂഷയ്ക്കായി തന്റെ 38-ാമത്തെ വയസ്സിൽ 1914 മെയ് 14-ന് *കോൺഗ്രിഗേഷൻ ഓഫ് ദ ഹോളി ഫാമിലി* എന്ന പേരിൽ ഒരു സന്ന്യാസിനീസമൂഹത്തിനു രൂപം കൊടുക്കാനും അനേകം പേരെ അതിലേക്ക് ആകർഷിക്കാനും ദൈവം അനുഗ്രഹമേകി. ഒരാത്മാവു പോലും നഷ്ടപ്പെട്ട് പോകരുത് എന്ന ആഗ്രഹത്താൽ ഹൃദയത്തിൽ ദൈവസ്നേഹാഗ്നിയും കാലിൽ ചിറകുമായി കുടുംബങ്ങളെ രക്ഷയിലേക്കാനയിക്കാൻ മദർ ഓടിനടന്നു. പാപികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ശുദ്ധീകരാത്മാക്കൾക്കായി പ്രാർത്ഥനയും പരിത്യാഗങ്ങളും നടത്താനും സദാ ഉത്സുകയായിരുന്നു. അറിവുപകരാൻ വിദ്യാലയങ്ങൾ സ്ഥാപിച്ചും അഗതികൾക്കായി അനാഥമന്ദിരങ്ങൾ പണിതീർത്തും തന്റെയും സമൂഹത്തിന്റെയും പ്രേഷിതരംഗങ്ങൾ മദർ വിപുലീകരിച്ചു.

സാധാരണ ജനത്തിനു ഗ്രഹിക്കാൻ കഴിയാത്ത തരത്തിലുള്ള മൗതികാനുഭവങ്ങൾ, പഞ്ചക്ഷത -ക്രൂശിതാനുഭവങ്ങൾ, പൈശാചികാക്രമണങ്ങൾ എന്നിവ നിറഞ്ഞതും കാലഘട്ടത്തിനപ്പുറമുള്ള ഉന്നതമായ ചിന്താഗതികളോടെ വെല്ലുവിളികളെ സധൈര്യം ഏറ്റെടുത്തുകൊണ്ടുള്ളതും സംഭവബഹുലവും പ്രശ്നസങ്കുലിതവുമായിരുന്നു 50 വർഷം നീണ്ട ത്രേസ്യയുടെ ജീവിതം. ഈ ജീവിതത്തിൽ 24 വർഷം ത്രേസ്യയ്ക്കു ശക്തിയും പ്രചോദനവുമായി നിലകൊണ്ടതും മാർഗനിർദ്ദേശങ്ങളും സഹായസഹകരണങ്ങളും നിർലോഭം നൽകി നയിച്ചതും ആത്മീയപിതാവ് ധന്യൻ ജോസഫ് വിതയത്തിൽ അച്ചനാണ്. കോൺഗ്രിഗേഷൻ സ്ഥാപിച്ച് 12-ാമത്തെ വർഷത്തിൽ 1926 ജൂൺ 8-ാം തീയതി മദർ പരലോകം പുൽകി. മൂന്നാമത്തെ ഭവനമായ തുമ്പൂർ മഠത്തിന്റെ വെഞ്ചിരിപ്പു വേളയിലുണ്ടായ തിക്കിലും തിരക്കിലും പള്ളിയുടെ ക്രാസിക്കാൽ മറിഞ്ഞുണ്ടായ മുറിവാണ് മരണകാരണമായി മാറിയത്. മദറിന്റെ മരണസമയത്തു തന്നെ മൂന്ന് ഭവനങ്ങളും 55 അംഗ

ങ്ങളും 2 സ്കൂളുകളും 10 കുട്ടികളുള്ള അനാഥാലയവും ഉണ്ടായിരുന്നു എന്നത് ദൈവകൃപ എന്നേ പറയാൻ കഴിയുള്ളൂ.

ഗഹനങ്ങളായ ഉദ്ബോധനങ്ങൾ മറിയം ത്രേസ്യയിൽ കാണുന്നില്ല. സാധാരണത്വം നിറഞ്ഞ, അതേസമയം ഏറെ പ്രയോഗികമായ, കാര്യങ്ങളാണവൾ നിർദ്ദേശിക്കുകയും പ്രാവർത്തികമാക്കി കാണിക്കുകയും ചെയ്തത്. "നിങ്ങൾ നല്ലവരാകാൻ നിങ്ങളുടെ ഹൃദയം കർത്താവിന് കൊടുക്കുക. പകരം കർത്താവിന്റെ ഹൃദയം ചോദിച്ചു വാങ്ങുക;" "തമ്മിൽ തമ്മിൽ സ്നേഹിക്കുക; തമ്മിൽ തമ്മിൽ സഹായിക്കുക" എന്ന് തുടങ്ങിയ വചനങ്ങളിലൂടെ ദൈവത്തിനും സഹോദരങ്ങൾക്കും വേണ്ടി ജീവിക്കുവാൻ വി. മറിയം ത്രേസ്യ നമ്മെ ഉദ്ബോധിപ്പിക്കുന്നു. വിശുദ്ധയുടെ ജീവിത മാതൃക ഉൾക്കൊണ്ട് വിശുദ്ധ ജീവിതം നയിക്കാൻ നമുക്ക് മാദ്ധ്യസ്ഥ്യം യാചിക്കാം. ഒക്ടോബർ 13-ന് റോമിൽവച്ചു നടക്കുന്ന നാമകരണ കർമ്മങ്ങളിലും നവംബർ 16-ന് കുഴിക്കാട്ടുശ്ശേരിയിൽ നടക്കുന്ന കൃതജ്ഞതാബലിയിലും ആത്മീയമായും നേരിട്ടും പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നതിന് വിശ്വാസികളേവരെയും ആഹ്വാനം ചെയ്യുന്നു. കുടുംബങ്ങളുടെ മദ്ധ്യസ്ഥയായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയിലൂടെ ദൈവം നിങ്ങളെ ഓരോരുത്തരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

സ്നേഹാദരങ്ങളോടെ,

ആർച്ചുബിഷപ് എം. സൂസപാക്യം
പ്രസിഡന്റ്, കെസിബിസി

**ബിഷപ് യൂഹാനോൻ മാർ ക്രിസോസ്തം**
വൈസ് പ്രസിഡന്റ്, കെസിബിസി

**ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട്**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം കൊച്ചി

---

**N.B.** 2019 ഒക്ടോബർ 6-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.




## 1. ബഹു. വൈദികരുടെ വാർഷികധ്യാനം

അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന ബഹു. വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ 8-ാം തീയതി ഞായറാഴ്ച വൈകുന്നേരം മുതൽ 13-ാം തീയതി വെള്ളിയാഴ്ച ഉച്ചവരെ തലശ്ശേരി മൈനർ സെമിനാരിയിൽ വച്ചും സെപ്റ്റംബർ 22 ഞായർ മുതൽ 27 വെള്ളിവരെ പരിയാരം മദർഹോമിൽ വച്ചും നടക്കുന്നതാണ്. ഓരോ ബാച്ചിലും ധ്യാനത്തിൽ പങ്കെടുക്കേണ്ട വൈദികരുടെ ലിസ്റ്റ് കഴിഞ്ഞ ലക്കം ഗിരിദീപത്തിൽ കൊടുത്തിട്ടുണ്ട്. ബാച്ചു മാറാനാഗ്രഹിക്കുന്നവർ പെരിയ ബഹു. അലക്സ് താരാമംഗലം അച്ചനെ അറിയിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് അഭിവന്ദ്യ പിതാവിന്റെ സർക്കുലറും തുടർ കുറിപ്പുകളും കാണുക.

## 2. പി.പി.എഫ്. വിഹിതം

പി.പി. എഫിലേക്കുള്ള ഈ വർഷത്തെ ഇടവകവിഹിതവും വ്യക്തി വിഹിതവും അടയ്ക്കാനുള്ള അച്ചന്മാർ വാർഷികധ്യാനത്തിനു വരുമ്പോൾ ഇവ അടയ്ക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

## 3. പുതിയ ഡയറക്ടറി

പുതിയ അതിരൂപതാ ഡയറക്ടറി സെപ്റ്റംബർ 8-ഓടുകൂടി വില്പനക്ക് തയ്യാറാകുന്നതാണ്. എല്ലാ ഇടവകപ്പള്ളികളിലും സ്ഥാപനങ്ങളിലും സന്യാസഭവനങ്ങളിലും പുതിയ ഡയറക്ടറി വാങ്ങി സൂക്ഷിക്കണം. കോപ്പികൾ ബഹു. പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽ ലഭ്യമാകുന്നതാണ്.

## 4. പാരീഷ് സോഫ്റ്റ് വെയർ തുക നല്കുക

ഇടവക കണക്കുകൾ ചെയ്യുന്ന സോഫ്റ്റ് വെയറിന്റെ തുക അടയ്ക്കാനുള്ളവരും ഈ വർഷത്തെ മെയിന്റനൻസ് ഫീസ് (1200, 1000, 800 രൂപ വീതം) അടയ്ക്കാത്തവരും വാർഷിക ധ്യാനത്തിനു വരുമ്പോൾ അടയ്ക്കണമെന്ന് താത്പര്യപ്പെടുന്നു.

## 5. ആദരാഞ്ജലികൾ

**സി. ആൻമേരി സി.എം.സി. (77):** കർമ്മലീത്താ സഭയുടെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസിലെ അംഗം സി. ആൻമേരി സി.എം.സി. 2019 ആഗസ്റ്റ് 23 ന് നിര്യാതയായി. ചെമ്പേരി ഇടവക ഉറുമ്പിൽ പരേതരായ ചാക്കോയുടെയും മറിയാമ്മയുടെയും മകളാണ്. 1964 ഏപ്രിൽ 16ന് സഭാവസ്ത്രം സ്വീകരിച്ച് പ്രഥമ വ്രതവാഗ്ദാനം നടത്തിയ സിസ്റ്റർ 1968 മെയ് 30ന് നിത്യവ്രത വാഗ്ദാനം നടത്തി. 1968 മുതൽ 1996 വരെയുള്ള കാലഘട്ടത്തിൽ നെല്ലിക്കാംപൊയിൽ, പുഷ്പഗിരി, ഉളിക്കൽ, നടവയൽ, എടൂർ, കച്ചേരിക്കടവ് എന്നിവിടങ്ങളിൽ സുപ്പീരിയറായി പ്രവർത്തിച്ച സിസ്റ്റർ തിരുവമ്പാടി, കൂടരഞ്ഞി, നടവയൽ, നിർമ്മലഗിരി, തളിപ്പറമ്പ് തുടങ്ങിയ ഇടവകകളിലും ശുശ്രൂഷ ചെയ്തിട്ടുണ്ട്. മൃതസംസ്കാരശുശ്രൂഷകൾ 2019 ആഗസ്റ്റ് 25 ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും മോൺ. ജോസഫ് ഒറ്റപ്ലാക്കലിന്റെയും കാർമ്മികത്വത്തിൽ നെല്ലിക്കാംപൊയിൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയ സിമിത്തേരിയിൽ നടന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുകയും സി.എം.സി. സന്യാസസമൂഹത്തെയും ബന്ധുമിത്രാദികളെയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.



## 6. സ്നേഹസ്മൃതി

1. റവ. ഫാ. ജോസഫ് മഴുവഞ്ചേരി - 02-09-1985
2. റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം - 05-09-2007
3. റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ - 13-09-2013
4. റവ. ഫാ. സോസിമൂസ് മുണ്ടിയാനിപ്പുറം സി.എം.ഐ. - 15-09-1966
5. റവ. ഫാ. ലൊയോള പെരികിലക്കാട്ട് സി.എം.ഐ. - 17-09-1988
6. റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (സീനിയർ) - 19-09-1979
7. റവ. ഫാ. സബീനൂസ് ഈന്തുംപ്ലാക്കൽ സി.എം.ഐ. - 20-09-1979
8. റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (ജൂനിയർ) - 20-09-1988
9. റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് - 22-09-1982

**ഫാ. തോമസ് തെങ്ങുംപള്ളിൽ**
ചാൻസലർ

# DECREE

## Reconstitution of Various committees

Where as the present Finance Council, Administrative Tribunal, Construction Committee, Public Relations Committee, and Liturgical Committee have completed their term (3years as per the statutes of the Archdiocese of Tellicherry), I hereby reconstitute these committees with the following members for a term of three years with effect from 1st September 2019.

1. Finance Council

   Mar George Njaralakatt (President)
   Mar Joseph Pamplany
   Msgr. Alex Tharamangalam
   Msgr. Joseph Ottaplackal
   Rev. Fr. Antony Parathepathickal (Secretary)
   Rev. Fr. Sebastian Palakkuzhy
   Mr. Jacob Padinjath CA
   Mr. Mani Palackal, Dharmasala
   Mr. Joy Vazhayil, Chempanthotty

2. Administrative Tribunal

   Msgr. Alex Tharamangalam
   Msgr. Joseph Ottaplackal
   Rev. Fr. Johnson Kovoorputhenpurayil (President)
   Rev. Fr. Thomas Thengumpallil
   Rev. Fr. Philip Kaviyil
   Rev. Fr. Stephan Jayaraj OFM (Cap.)
   Rev. Sr. Tessin Andrews MSMI
   Dr. Joselet Mathew Thumpeparambil
   Dr. Mathew M.J. Mandapathil
   Mrs. Margaret Mathew Chamackalayil

3. Construction Committee

   Msgr. Joseph Ottaplackal
   Rev. Fr. Antony Parathepathical (Convenor)
   Rev. Fr. Philip Erupakatt
   Rev. Fr. Thomas Kidarathil

Rev. Fr. Jose Kalarickal
Rev. Fr. Emmanuel Pooovathinkal
Rev. Fr. Lazer Varambakath
Eng. James Mannoor
Eng. Sebastian Thekkekut

4. Public Relations Committee

Rev. Fr. Thomas Thengumpallil
Rev. Fr. Abraham Njamatholil
Mr. George Thayyil

5. Liturgical Committee

Rev. Fr. Jose Poovannikkunnel (Secretary)
Rev. Fr. Abraham Puthussery
Rev. Fr. Thomas Karintholil
Rev. Sr. Jisi Maria CMC
Mr. Jaison Attarimackal, Vayattuparamba

I hereby appoint the directors of following departments:

| | |
|---|---|
| 1. Pontifical Mission Societies and Propagation of Faith | - Rev. Fr. Joseph Vengakunnel |
| 2. Ecumenism and Diologue | - Rev. Fr. Joseph Pottenany |
| 3. Prison Ministry | - Rev. Fr. Joseph Koluthappally |
| 4. KLM | - Rev. Fr. Scaria Nirappel |
| 5. Apostolate for the Mentally Challenged | - Rev. Fr. George Kalarimuriyil |
| 6. Dalit Christian Commission | - Rev. Fr. George Kalarimuriyil |
| 7. Censor Of Books | - Rev. Fr. George Karott |
| | - Rev. Fr. Jacob Jacob Vennayappillil |

The new appointments are with effect from 1st September 2019.

Given from the Archeparchial Curia on 22nd August 2019.

**+ George Njaralakatt**
Metropolitan Archbishop of Tellicherry

# വിശ്വാസപരിശീലനം

> **"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

## 1. ഓണപരീക്ഷ - സെപ്റ്റംബർ 1

ഓണപരീക്ഷ സെപ്റ്റംബർ 1-ാം തീയതിയാണ്. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. സമയത്തിൽ മാറ്റം വരുത്താൻ പാടില്ല. 1-ാം തീയതി ഞായറാഴ്ച്ചത്തെ കുട്ടികൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാ സമയം അനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

## 2. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **മിശ്രവിവാഹത്തെ ബൈബിളിന്റെയും വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ വിലയിരുത്തുക** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റിന് കുറഞ്ഞത് 10 പേജുകളെങ്കിലും ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം.

## 3. XII -ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള ധ്യാനം

12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ധ്യാനം ഇതുവരെയും നടത്താത്ത ഫൊറോനകൾ സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഏതെങ്കിലുമൊരു ഞായറാഴ്ച ധ്യാനം നടത്തേണ്ടതാണ്. ബഹു. ഫൊറോന വികാരിയച്ചന്റെ അധ്യക്ഷതയിൽ കമ്മിറ്റികൂടി ധ്യാനത്തിനുള്ള ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി നടത്തുമല്ലോ.

## 4. ആസ്പെക്ട് 2019-2020

2019-2020 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **വിശ്വാസവഴിയിലെ സംശയങ്ങൾ** എന്ന പുസ്തകമാണ്. 304 പേജുകളുള്ള ഈ പുസ്തകത്തിന് 100 രൂപയാണ് വിലയായി നല്കേണ്ടത്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തക

ത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. ഏകദിന സെമിനാർ നടക്കുന്ന ദിവസം പുസ്തകങ്ങൾ ഫൊറോനാ കേന്ദ്രത്തിൽ എത്തിക്കുന്നതാണ്.

## 5. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ അടുത്തമാസം മുതൽ ആരംഭിക്കുന്നതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാർ നയിക്കുന്ന ടീം അംഗങ്ങൾ ആരെന്ന് ഓഫീസിൽ നിന്നും അറിയിക്കുന്നതായിരിക്കും. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

| | | | |
|---|---|---|---|
| കാഞ്ഞങ്ങാട് | സെപ്തംബർ 9 | തോമാപുരം | സെപ്തംബർ 21 |
| കുന്നോത്ത് | സെപ്തംബർ 14 | വെള്ളരിക്കുണ്ട് | സെപ്തംബർ 21 |
| പൈസക്കരി | സെപ്തംബർ 15 | ചെറുപുഴ | ഒക്ടോബർ 12 |
| ചെമ്പേരി | സെപ്തംബർ 15 | മേരിഗിരി | ഒക്ടോബർ 12 |

## 6. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2019-2020 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതു മാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 7. USER ID+ PASSWORD

വിശ്വാസപരിശീലന ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റിൽ തലശ്ശേരി അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകരുടെയും വിശ്വസപരിശീലനം നടത്തികൊണ്ടിരിക്കുന്ന കുട്ടികളുടെയും ഡാറ്റാ ഉണ്ട്. അക്ഷയകേന്ദ്രങ്ങൾ വഴിയോ, മറ്റ് കമ്പ്യൂട്ടർ സെന്ററുകൾ വഴിയോ വിശ്വാസ പരിശീലന സംബന്ധമായ കാര്യങ്ങൾ വെബ്സൈറ്റിൽ എന്റർ ചെയ്യുമ്പോൾ password കൈമാറാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ബഹു. വികാരിയച്ചനോ പ്രധാനാധ്യാപകനോ വിളിച്ചാൽ മാത്രമായിരിക്കും ഓഫീസിൽനിന്നും password തരിക. പ്രധാനാധ്യാപകൻ ഓഫീസിൽ തന്നിട്ടുള്ള മൊബൈൽ നമ്പറിൽ

തന്നെ വിളിക്കേണ്ടതാണ്. ഇക്കാര്യം എല്ലാ പ്രധാനാധ്യാപകരും ഗൗരവത്തി ലെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## 8. ബധിരരും മൂകരുമായവരുടെ വിശ്വാസപരിശീലനം

തലശ്ശേരി അതിരൂപതയിൽപ്പെട്ട കേഴ്‌വി, സംസാര ന്യൂനതയുള്ളവരുടെ വിശ്വാസ പരിശീലനം ലക്ഷ്യമാക്കി *ADAM* വുമായി സഹകരിച്ച് ഡിസംബർ മാസത്തിൽ ഒരു സംഗമം നടത്തുവാൻ ആഗ്രഹിക്കുന്നുണ്ട്. നമ്മുടെ ഇടവകയിൽ ഇപ്രകാരമുള്ള കുട്ടികൾ ഉണ്ടെങ്കിൽ (20 വയസ്സിൽ താഴെ) ബഹു. ഹെഡ്മാസ്റ്റർമാർ കത്തുമുഖേന ഓഫീസിൽ അറിയിക്കു മല്ലോ. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ "മതബോധനം ഇന്ന്" എന്ന ചാക്രിക ലേഖനത്തിൽ ഇപ്രകാരം പറയുന്നു: **"ശാരീരികമോ മാനസീകമോ ആയ വൈകല്യമുള്ള കുട്ടികൾക്കും യുവജനങ്ങൾക്കും തങ്ങളുടെ പ്രായത്തിലുള്ള മറ്റുള്ളവരെപ്പോലെതന്നെ, വിശ്വാസത്തിന്റെ രഹസ്യം അറിയുവാൻ അവകാശമുണ്ട്"** (CT 41). സംഗമം സംബന്ധിച്ച വിശദവിവര ങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 9. ഓഫീസ് റിക്കാർഡുകൾ

എല്ലാ സൺഡേ സ്കൂളുകളിലെയും ഓഫീസ് റിക്കാർഡുകൾ ഓരോ വർഷവും പുനഃക്രമീകരിച്ചു സൂക്ഷിക്കേണ്ടതുണ്ട്. അധ്യാപകരുടെയും കുട്ടികളുടെയും **ഹാജർ രജിസ്റ്ററുകൾ,** മാർക്ക് രജിസ്റ്ററുകൾ എന്നിവ സൂക്ഷിച്ചുവയ്ക്കേണ്ടതാണ്. ഓഫീസ് റിക്കാർഡുകളും ഫയലുകളും ഹെഡ്മാ സ്റ്ററിന്റെയും സ്റ്റാഫ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ ക്രമമായും ചിട്ട യായും സൂക്ഷിക്കണം. **12-ൽ പഠിച്ച കുട്ടികളുടെ സർട്ടിഫിക്കറ്റുകൾ അതതു വർഷം വിതരണം നടത്തേണ്ടതും issue register ഓഫീസിൽ സൂക്ഷിക്കേ ണ്ടതുമാണ്.**

## 10. പ്രത്യേക ശ്രദ്ധയ്ക്ക്

ആഴ്ചയിൽ ഒരു ദിവസം മാത്രം നടത്തുന്ന വിശ്വാസപരിശീലനം വളരെ പ്രധാനപ്പെട്ടതായതിനാൽ ക്ലാസ്സ് സമയത്തിനിടയിലുള്ള മറ്റുപരിപാടികൾ (ഉദാ. കലോത്സവ പരിശീലനങ്ങൾ, വ്യക്തിത്വ പരിശീലന പരിപാടികൾ തുടങ്ങിയവ നിരുത്സാഹപ്പെടുത്തണം. ക്ലാസ്സ് സമയത്തിന് കുറവുവരാതിരി ക്കുവാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. എക്സ്ട്രാ ആക്ടിവിറ്റികൾക്ക് മാസത്തിലെ അവസാനത്തെ ഞായറാഴ്ചത്തെ ഫുൾഡേ ക്ലാസ്സിൽ ഉച്ചകഴി ഞ്ഞുള്ള സമയമോ, ഞായറാഴ്ച ക്ലാസ്സ് കഴിഞ്ഞുള്ള സമയമോ, മറ്റവധി ദിനങ്ങളോ പ്രയോജനപ്പെടുത്താവുന്നതാണ്.

## 11. നന്ദിയും സ്വാഗതവും

സൺഡേ സ്കൂൾ ഫൊറോന പ്രസിഡന്റുമാരായി സ്തുത്യർഹമായി സേവനം ചെയ്ത ശ്രീ. അബ്രാഹം വലിയമറ്റം (നെല്ലിക്കാംപൊയിൽ), ശ്രീ.

മനോജ് വടക്കേൽ (ചെറുപുഴ), ശ്രീ. ടോമി കിളിച്ചുണ്ടമ്മാക്കൽ (മേരിഗിരി), ശ്രീ. ജോസ് നെല്ലിക്കുന്നേൽ (പനത്തടി) എന്നിവർക്ക് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ സ്നേഹം നിറഞ്ഞ നന്ദി.

പുതിയ ഫൊറോന പ്രസിഡന്റുമാരായി നിയമിതരായിരിക്കുന്ന ശ്രീ. ചാക്കോച്ചൻ കാരാമയിൽ (നെല്ലിക്കാംപൊയിൽ), ശ്രീ. സാജു തുരുത്തേൽ (ചെറുപുഴ), ശ്രീ. സിബി മാലിപ്പുറം (മേരിഗിരി), ശ്രീ. ജോൺസൺ അന്തിക്കാട് (പനത്തിടി) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

സൺഡേ സ്കൂൾ ഫൊറോന വിസിറ്റർമാരായി സ്തുത്യർഹമായി സേവനം ചെയ്ത ശ്രീ. ജോസഫ് ചേപ്പുംപാറ (ആലക്കോട്), ശ്രീ. ജോയി കുരിശുകുന്നേൽ (ചെമ്പന്തൊട്ടി), ശ്രീ. സജയ് പാറേക്കാട്ടിൽ (കുന്നോത്ത്), ശ്രീ. ആനിച്ചൻ കുളങ്ങരമുറിയിൽ (മേരിഗിരി), ശ്രീ. ദേവസ്യ മുണ്ടപ്പള്ളിൽ (നെല്ലിക്കാംപൊയിൽ), ശ്രീ. മാത്യു കാരിക്കാട്ടുകുഴി (പൈസക്കരി), ശ്രീ. പിയൂസ് പറേടം (പനത്തടി), ശ്രീ. ജോസഫ് മാടപ്പള്ളിക്കുന്നേൽ (പേരാവൂർ), ശ്രീ. തോമസ് കുരിശുംമൂട്ടിൽ (തളിപ്പറമ്പ്), ശ്രീ. ജോസഫ് മ്ലാക്കുഴി തെക്കേയറ്റം (തോമാപുരം), ശ്രീ. ജോർജ് കൊല്ലക്കൊമ്പിൽ (വെള്ളരിക്കുണ്ട്) എന്നിവർക്ക് വിശ്വാസപരിശീലന കേന്ദ്രത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

പുതിയ സൺഡേ സ്കൂൾ വിസിറ്റർമാരായി നിയമിതരായിരിക്കുന്ന ശ്രീ. ടോമി എടാട്ടേൽ (ആലക്കോട്), ശ്രീ. തോമസ് ആലുങ്കൽ (ചെമ്പന്തൊട്ടി), ശ്രീ. ജോസഫ് മംഗലത്തിൽ (കുന്നോത്ത്), ശ്രീ. ജോസഫ് മൂലംതുരുത്തിൽ (മേരിഗിരി), ശ്രീ. ജോസ് പുഷ്പക്കുന്നേൽ (നെല്ലിക്കാംപൊയിൽ), ശ്രീ. വിൽസൺ കന്നുകെട്ടിയേൽ (പൈസക്കരി), ശ്രീ. ജോസഫ് വടശ്ശേരി (പനത്തടി), ശ്രീ. ബേബി പാലക്കലോടി (പേരാവൂർ), ശ്രീ. ജോയി ഓരത്തേൽ (തളിപ്പറമ്പ്), ശ്രീ. ജെയിംസ് പുതുശ്ശേരിൽ (തോമാപുരം), ശ്രീ. ജോയി ആനിക്കാട്ടുവയലിൽ (വെള്ളരിക്കുണ്ട്) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

## 12. സീറോ മലബാർ പ്രതിഭാ അവാർഡ്

ഓരോ രൂപതയിൽനിന്നും 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന-തിരഞ്ഞെടുക്കപ്പെടുന്ന 3 ആൺകുട്ടികൾക്കും 3 പെൺകുട്ടികൾക്കും സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേകം പരിശീലനം നല്കി വരുന്നു.

**ഇടവകാതലം:** സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന 12-ാം ക്ലാസ്സ് കുട്ടികൾക്കുള്ള സഭാപ്രതിഭാ അവാർഡിനുള്ള ഫൊറോനാതല തെരഞ്ഞെടുപ്പ് ഒക്ടോബർ 02 ന് നടക്കുന്നതിനാൽ ഇടവകാതല

തെരഞ്ഞെടുപ്പ് സെപ്റ്റംബർ 22 നുള്ളിൽ നടത്തേണ്ടതാണ്. 12-ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും, വിശ്വാസജീവിതത്തിലും മികവു പുലർത്തുന്ന രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയുമാണ് ഫൊറോനതല തെരഞ്ഞെടുപ്പിനായി അയക്കേണ്ടത്. **40 കുട്ടികളിൽ കൂടുതലുള്ള ഇടവകയിൽനിന്നും 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും ക്യാമ്പിന് അയക്കാവുന്നതാണ്.** ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ സെപ്റ്റംബർ 25ന് മുമ്പായി ബഹു. ഫൊറോനാ പ്രസിഡന്റിനെ അറിയിക്കേണ്ടതാണ്.

**ഫൊറോനതല ക്യാമ്പ് :** ഫൊറോനതല ക്യാമ്പ് **ഒക്ടോബർ 02 ന്** ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ക്യാമ്പ് രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 3.30ന് സമാപിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ഉച്ചഭക്ഷണം, എന്നിവ കൊണ്ടുവരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുകയില്ല.

**അതിരൂപതാതല ക്യാമ്പ് :** ഫൊറോനാതലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാതല ക്യാമ്പ് **ഒക്ടോബറിൽ 7, 8** തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഞായറാഴ്ച 1.00 മണിക്ക് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന, ടോയ്ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ബഹു. ഫൊറോന പ്രസിഡന്റ് തെരഞ്ഞെടുക്ക പ്പെടുന്ന കുട്ടികളുടെ (3 ആൺ കുട്ടികൾ, 3 പെൺകുട്ടികൾ) പേര്, ഇടവക, ഫോൺനമ്പർ എന്നിവ വാട്ട്സ് ആപ്പിൽ അന്നുതന്നെ ഇടേണ്ടതാണ്. ക്യാമ്പിന് രജിസ്ട്രേഷൻ ഫീസ് ഉണ്ടായിരിക്കുകയില്ല.

## 13. ആദരാഞ്ജലികൾ

നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട കാഞ്ഞിരടുക്കം സൺഡേ സ്കൂൾ അധ്യാപികയായിരുന്ന ശ്രീമതി അമല സണ്ണി പൈനാപ്പള്ളി ടീച്ചറിന്റെ കുടുംബാംഗങ്ങൾക്ക് വിശ്വാസപരിശീലന കുടുംബാംഗങ്ങളുടെ അനുശോചനം അറിയിക്കുന്നു.

## 14. ഉണ്ണീശോയുടെ സ്വന്തം- Fiat Mission

തിരുപ്പിറവിക്കായൊരുങ്ങുന്ന നാളുകളിൽ കുഞ്ഞുമനസ്സുകളിൽ ഉണ്ണീശോയുടെ സ്നേഹം നിറച്ച്, ഈശോയുടെ സ്വന്തമാണെന്ന തിരിച്ചറിവിലേയ്ക്ക് കുട്ടികളെ നയിക്കാൻ സഹായകമാകുന്ന തരത്തിൽ ഫിയാത്ത് മിഷൻ തയ്യാറാക്കിയിരിക്കുന്ന നോമ്പുകാല പ്രാർത്ഥനാപുസ്തകമാണ് 'ഈശോയുടെ സ്വന്തം.'

**ഈ പ്രാർത്ഥനാ പുസ്തകം തീർത്തും സൗജന്യമായാണ് ഫിയാത്ത് മിഷൻ നൽകുന്നത്.** ഇടവകകൾക്ക് ആവശ്യമുള്ള കോപ്പികൾ ഫൊറോനാ കേന്ദ്രത്തിൽ എത്തിച്ചു നൽകുന്നതാണ്.

## 15. അതിരൂപതാ മതാദ്ധ്യാപക സംഗമം

തലശ്ശേരി അതിരൂപതയിലെ മുഴുവൻ വിശ്വാസ പരിശീലകരുടെയും സംഗമം നവംബർ 9ന് ശനിയാഴ്ച ചെമ്പേരിയിൽവച്ച് നടത്തപ്പെടുന്നു. സമ്മേളനം രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെയായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 16. എൻഡോവ്മെന്റ്

റവ. ഡോ. ജോസ് ജേക്കബ് നെടുംതകിടി പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ എൻഡോവ്മെന്റ് (ക്ലാസ്സ് 10, 12 ഒന്നാം റാങ്ക്, വിശ്വാസപരിശീലന രംഗത്ത് 25 വർഷം പൂർത്തിയാക്കിയ ഏറ്റവും നല്ല വിശ്വാസ പരിശീലക/വിശ്വാസപരിശീലകൻ.

## 17. ആസ്പെക്ട് പരീക്ഷാഫലം

വിശ്വാസ പരിശീലകർക്കായി 2018-2019 പ്രവർത്തന വർഷത്തിൽ നടത്തിയ ആസ്പെക്ട് പരീക്ഷയുടെ ഫലം താഴെ കൊടുക്കുന്നു. അതിരൂപതാ-ഫൊറോനാതല വിജയികളെയും പരീക്ഷയെഴുതിയ എല്ലാ വിശ്വാസപരിശീലകരെയും അഭിനന്ദിക്കുന്നു. അധ്യാപകർക്ക് പ്രോത്സാഹനം നൽകിയ എല്ലാ ബഹു. അച്ചന്മാർക്കും ഹൃദയപൂർവ്വം നന്ദി.

### അതിരൂപതാ റാങ്ക് ലിസ്റ്റ്

| പേര് | ഇടവക | ഫൊറോന |
|---|---|---|
| മോളി കാരക്കടയിൽ | ജയഗിരി | ആലക്കോട് |
| മേരി ഇല്ലിക്കൽ | ആനപ്പന്തി | കുന്നോത്ത് |
| സോളി ജെയിംസ് ചിറ്റംവേലിൽ | വട്യ്യറ | എടൂർ |

### ഫൊറോനാ റാങ്ക് ലിസ്റ്റ്

| പേര് | ഇടവക | ഫൊറോന |
|---|---|---|
| ബിൻസി വല്ലനാട്ട് | വിജയഗിരി | ആലക്കോട് |
| ഫൗസ്റ്റീന കളപ്പുരയ്ക്കൽ | കരയത്തുംചാൽ | ചെമ്പന്തൊട്ടി |
| സി. ദീപ്തി മരിയ FCC | കുടിയാൻമല | ചെമ്പേരി |
| സി. ഷീബ MSMHC | കോലുവള്ളി | ചെറുപുഴ |
| ഷേർളി ജോർജ് മുക്കത്ത് | വട്യ്യറ | എടൂർ |
| സി. ജോസ്മിൻ SKD | കാഞ്ഞങ്ങാട് | കാഞ്ഞങ്ങാട് |
| മരിയ കാരിമല | രണ്ടാംകടവ് | കുന്നോത്ത് |
| സി. റെജിന മാത്യു FCC | വിമലശ്ശേരി | മേരിഗിരി |
| സി. ആൻമരിയ ജെയിംസ് MLF | മുണ്ടാനൂർ | നെല്ലിക്കാംപൊയിൽ |

| | | |
|---|---|---|
| ആന്റണി പള്ളിച്ചിറ | പൈസക്കരി | പൈസക്കരി |
| മറിയം (ലിബി) കരോട്ടുകുന്നേൽ | അടോട്ടുകയ | പനത്തടി |
| അലീന കേളഞ്ചേരി | കണിച്ചാർ | പേരാവൂർ |
| സി. റിൻസി. S.H | കണ്ണൂർ | തളിപ്പറമ്പ് |
| ബിജി ജോസഫ് കിഴക്കേൽ | തോമാപുരം | തോമാപുരം |
| സി. റോസിയ SMS | കരുണാപുരം | വായാട്ടുപറമ്പ് |
| റ്റീന തടത്തിൽ | നാട്ടക്കൽ | വെള്ളരിക്കുണ്ട് |

## 18. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ താബോർ, വിമലശ്ശേരി, അരിവിളഞ്ഞപൊയിൽ, രാജമുടി എന്നീ ഇടവകകളിലും അസി. ഡയറക്ടറച്ചൻ തയ്യേനി, പയ്യന്നൂർ, അരീക്കമല, മാട്ടറ എന്നീ ഇടവകകളിലും വി. കുർബ്ബാനയർപ്പിച്ച് പ്രാർത്ഥിക്കുകയും മാതാപിതാക്കൾക്കും അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകളെടുക്കുകയും ചെയ്തു.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
ഡയറക്ടർ, 9447952958


## ASPIRANTS' SCRIPTURA 2019

ഫിയാത്ത് മിഷൻ വൈദിക-സന്യസ്ത പരിശീലനം നേടിക്കൊണ്ടിരിക്കുന്നവർക്കുവേണ്ടി, ദൈവവചനം കാണാപാഠം പഠിക്കുന്നതിനുള്ള ഒരു മത്സരം നടത്തുന്നു. കാണാതെ പഠിച്ച വചനങ്ങൾ ഫോർമേറ്ററുടെ മേൽനോട്ടത്തിൽ എഴുതി 2019 ഡിസംബർ 20-നു മുമ്പ് ഫിയാത്ത് മിഷന് നല്കുക. ഒന്നാംസമ്മാനം 20,000 രൂപ, രണ്ടാംസമ്മാനം 10,000 രൂപ, മൂന്നാം സമ്മാനം 5,000 രൂപ. കൂടാതെ 150ൽ കൂടുതൽ വചനങ്ങൾ കാണാതെ പഠിച്ചവർക്ക് 500 രൂപ പ്രത്യേക സമ്മാനവും ഉണ്ട്. വൈദിക-സന്യസ്ത പരിശീലന കേന്ദ്രങ്ങളിലെ അധികാരികൾ കുട്ടികളെ ഈ മത്സരത്തിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കുമല്ലോ,

**വിശദവിവരങ്ങൾക്ക്**
ബൈജു ജോസ് (കോർഡിനേറ്റർ) 860 695 3035
ഫിയാത്ത് മിഷൻ
ഗ്രൗണ്ട് ഫ്ളോർ, ആവേ മരിയ ടവർ
ന്യൂ ചർച്ച് റോഡ്, തൃശൂർ-1
www.fiatmission.org

# കുടുംബ കൂട്ടായ്മ
# തലശ്ശേരി അതിരൂപത

## FAMILY RENEWAL UNITS IN THALASSERY (FRUITS)

**കുടുംബ കൂട്ടായ്മയുടെ ഓഫീസിൽ നിന്നും ആശംസകൾ!**

പ്രിയ ബഹുമാനപ്പെട്ട അച്ചാ, സുഹൃത്തുക്കളെ,

അതിരൂപതയിൽ ഡിസംബർ ഒന്നിന് തുടക്കം കുറിച്ച കുടുംബ കൂട്ടായ്മകളെ അവലോകനം ചെയ്യുന്നതിനുള്ള Motivating Visit മുഴുവൻ ഇടവകകളിലും പൂർത്തിയായിരിക്കുകയാണ്. രണ്ട് ഇടവകകൾ ഒഴികെ അതിരൂപതയിലെ മുഴുവൻ പള്ളികളിലും കുരിശു പള്ളികളിലും ഈ സംവിധാനം ആരംഭിക്കുകയും വളർന്ന് വരികയും ചെയ്യുന്നത് കാണാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. മൂന്നു മാസം നീണ്ടുനിന്ന ഈ തീവ്രയജ്ഞ പരിപാടി പൂർത്തിയാക്കുവാൻ കർത്താവ് നൽകിയ ആരോഗ്യത്തിനും അനുഗ്രഹത്തിനും കർത്താവിന് സ്തുതി പറയുകയാണ്. വ്യക്തിപരമായ മുഴുവൻ കാര്യങ്ങളും ക്രമീകരിച്ചും മാറ്റിവെച്ചും ഈ ദൗത്യ നിർവ്വഹണത്തിനായി സമർപ്പിക്കുകയായിരുന്നു. ഈ ദൗത്യത്തിൽ ഇടവകകളിൽ റിപ്പോർട്ട് പരിശോധിച്ച് അവലോകനം ചെയ്യുവാൻ കൂടെ വന്ന സി. മെർലിൻ ജോസ് എസ്.എച്ച്, ശ്രീ. ബേബി നെട്ടനാനി, ശ്രീ. ഡി.പി. ജോസ് എന്നിവരുടെ ത്യാഗം നന്ദിയോടെ അനുസ്മരിക്കുന്നു. ആയിരക്കണക്കിന് കിലോമീറ്ററുകൾ വണ്ടിയോടിച്ച് കൃത്യസമയത്തുതന്നെ 200 സ്ഥലങ്ങളിലും എത്തിക്കുവാൻ ആത്മാർത്ഥത കാണിച്ച ഡ്രൈവർ ജിതിനോട് ഏറെ സ്നേഹവും നന്ദിയുമുണ്ട്. എല്ലാ സ്ഥലത്തും ആളുകളെ വിളിച്ചു ചേർക്കുകയും സംഘടിപ്പിക്കുകയും ചെയ്ത ബഹുമാനപ്പെട്ട അച്ചൻമാരുടെ ആത്മാർത്ഥതയാണ് ഈ ദൗത്യ വിജയത്തിന്റെ പ്രധാന കാരണം. ഹൃദയപൂർവ്വം ബഹുമാനപ്പെട്ട വൈദികരെ അഭിനന്ദിക്കുന്നു, നന്ദി പറയുന്നു. എല്ലാ സ്ഥലത്തും സഹകരിച്ച ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനോടും നന്ദി പറയുന്നു. തികച്ചും പ്രതികൂല കാലാവസ്ഥയിലും 90 ശതമാനത്തിലധികം ഭാരവാഹികൾ പങ്കെടുത്തുവെന്നത് അൽഭുതാവഹമായ അനുഭവമായിരുന്നു. ജനത്തിന് എത്രമാത്രം താല്പ്പര്യമാണ് ഈ ശൈലിയെന്ന് ബോധ്യപ്പെട്ടു.

### ഈ യാത്ര നൽകിയ ചില ബോധ്യങ്ങൾ പങ്കു വെയ്ക്കട്ടെ

1. ബഹുമാനപ്പെട്ട വൈദികരുടെ താല്പ്പര്യവും പ്രതിബദ്ധതയുമാണ് കുടുംബ കൂട്ടായ്മകൾ വിജയിപ്പിക്കുന്നത്. എല്ലാ മാസവും മുടങ്ങാതെ കൂട്ടായ്മകൾ നടത്തുവാൻ കഠിനാധ്വാനം ചെയ്യുന്ന അച്ചന്മാരെ അഭിനന്ദിക്കുന്നു. മാസത്തിലെ മിക്ക ദിവസങ്ങളിലും സായാഹ്നങ്ങളിൽ കൂട്ടായ്മക്കായി സമയം മാറ്റിവെക്കുന്ന ഇടവക വൈദികർ തങ്ങളുടെ പൗരോഹിത്യത്തിന് മിഴിവ് നൽകുകയാണ്. ജനം അവരെ നെഞ്ചിലേറ്റി സ്നേഹിക്കുന്നു.

2. തങ്ങളുടെ സമൂഹ ജീവിതത്തിന്റെ നിയമങ്ങളും ചട്ടവട്ടങ്ങളും പാലിച്ചുകൊണ്ടുതന്നെ തങ്ങളുടെ സായാഹ്നങ്ങൾ ജനത്തിനായി മാറ്റിവെക്കുന്ന സിസ്റ്റേഴ്സിന്റെ ത്യാഗത്തെ അഭിനന്ദിക്കുന്നു. ജനത്തോടു കൂടെ നിൽക്കുന്ന, ജനത്തിനുവേണ്ടിനിൽക്കുന്ന സമർപ്പിതർ തങ്ങളുടെ സമർപ്പിത ജീവിതത്തിന് സൗന്ദര്യം നൽകുകയാണ്. അതുതന്നെയാണ് ഏറ്റവും നല്ല ദൈവവിളി പ്രചരണം. എല്ലാ ഇടവകയിലും സിസ്റ്റേഴ്സ് സജീവമായി ഈ ശുശ്രൂഷയിൽ സഹകരിക്കുന്നു. ജനത്തിൽ നിന്ന് അകന്നു നിൽക്കുന്ന അപൂർവ്വസ്ഥലങ്ങളിൽ ജനത്തിന് അവരോട് താല്പ്പര്യം കുറയുന്നതായും കണ്ടു.

3. ആയിരക്കണക്കിന് പുതിയ അത്മായ സഹോദരങ്ങൾ പ്രാർത്ഥന നടത്തുവാനും സംഘടിപ്പിക്കുവാനും നേതൃത്വത്തിലേക്ക് വളരുന്നതിൽ സന്തോഷമുണ്ട്. അല്മായ മുന്നേറ്റത്തിന്റെ വസന്തകാലമാണിത്. 3300 കുടുംബ കൂട്ടായ്മകളിൽ നിന്ന് 5 പേർ വീതം പതിനഞ്ചായിരത്തിലധികം സ്ത്രീ പുരുഷന്മാർ സഭാ നേതൃത്വത്തിൽ സജീവമായി കഴിഞ്ഞിരിക്കുന്നു. സഭയെ സ്നേഹിക്കുന്ന ഒരു പുതിയ തലമുറയുടെ സമർപ്പണം കോട്ടപോലെ സഭയെ സംരക്ഷിക്കും.

4. വാർഡ് പ്രാർത്ഥന എന്ന പരമ്പരാഗത ശൈലിയിൽ നിന്ന് കുടുംബ കൂട്ടായ്മ എന്ന പുത്തൻ അജപാലന രീതിയിലേക്ക് നാം വളർന്നിരിക്കുന്നു. പ്രാർത്ഥന, മീറ്റിംഗ്, ഭക്ഷണക്രമം ഇവ മൂന്നും ചേർന്ന കുടുംബ കൂട്ടായ്മ സംവിധാനം പൂർണ്ണമായും ഉൾക്കൊണ്ടിരിക്കുന്നു. വ്യക്തികൾ തമ്മിലും കുടുംബങ്ങൾ തമ്മിലും അതിലൂടെ സമൂഹത്തിനും യോജിപ്പും കൂട്ടായ്മയും ഉണ്ടാക്കുവാനാണ് ഈ സംവിധാനമെന്ന് ജനത്തിന് ബോധ്യപ്പെട്ടു. അതിനാൽ ഓരോ കൂട്ടായ്മയും ജനപങ്കാളിത്തംകൊണ്ടും ഉണർവ്വുകൊണ്ടും പത്തിരട്ടി ആകർഷണീയമായി. കൂട്ടായ്മകൾക്കായി ജനം കാത്തിരിക്കുന്ന അവസ്ഥയിലേക്ക് മാറിയിരിക്കുന്നു.

5. എല്ലാ മാസവും മുടങ്ങാതെ നടക്കുന്നിടത്ത് കൂടുതൽ വളർച്ചയും സജീവതയും കാണുവാൻ കഴിഞ്ഞു. വലിയ ഇടവകകളിൽപോലും മൂന്നും നാലും ടീമുകൾ ഉണ്ടാക്കി എല്ലാ മാസവും മുടങ്ങാതെ നടത്തുന്ന പരിശ്രമം അഭിനന്ദനാർഹമാണ്. ബന്ധങ്ങൾ മുറിയുവാൻ പാടില്ല. കുടുംബ കൂട്ടായ്മ ബന്ധത്തിന്റെ ആഘോഷമാണ്.

6. ഭാരവാഹികൾക്കായി ജനുവരി, ഫെബ്രുവരി മാസത്തിൽ നടത്തിയ പത്രോസ് കൺവെൻഷൻ എന്ന നേതൃത്വ പരിശീലന പരിപാടിയാണ് പ്രാർത്ഥന നടത്തുവാനും റിപ്പോർട്ട് എഴുതുവാനും ക്രമമായി നടത്തുവാനും ഭാരവാഹികൾക്ക് ധൈര്യം നൽകിയത്. ആ സമ്മേളനം നടക്കാതെ പോയ സ്ഥലങ്ങളിലും പങ്കെടുക്കാത്ത ഭാരവാഹികൾക്കും കാര്യങ്ങൾ വ്യക്തമായി മനസിലാക്കാൻ കഴിയാത്തതിനാൽ കുറവുകൾ കാണാൻ കഴിഞ്ഞു.

7. പ്രാർത്ഥന പുസ്തകം എല്ലാ ഭവനങ്ങളിലും എത്തിക്കഴിഞ്ഞു. ഭവനങ്ങളിൽ നിന്ന് പുസ്തകം കൊണ്ടുവന്ന് ഉച്ചത്തിൽ പ്രാർത്ഥിക്കുന്നത് വലിയ ഉണർവ്വ് നൽകിയതായി കണ്ടു. അതിന് പുറമെ പള്ളിയിൽ നിന്ന് കുറച്ച് പുസ്തകങ്ങളുമായി ഭാരവാഹികൾ പോകുകയും മുഴുവൻ പേരും പുസ്തകം ഉപയോഗിക്കാൻ പരിശീലിപ്പിക്കുകയും ചെയ്ത കൂട്ടായ്മകൾ കൂടുതൽ സജീവമാണ്. ജനത്തിന് സ്വന്തമായി പുസ്തകം ഇല്ലാത്തിടത്ത് പഴയ വാർഡ് പ്രാർത്ഥന പോലെ ദുർബലമാണ്.

8. ഇടവക ജീവിതത്തിന്റെ അജപാലന പ്രവർത്തനങ്ങളിൽ കോർഡിനേറ്റർമാർ സജീവമായി നേതൃത്വം കൊടുക്കുന്നതായി കണ്ടു. അർഹമായ സ്ഥാനവും ദൗത്യവും ലഭിച്ചതിൽ അവർ സംതൃപ്തരാണ്.

9. കുടുംബ കൂട്ടായ്മകളിലെ സൗഹൃദവും അടുപ്പവും വർദ്ധിപ്പിക്കുവാൻ ഭക്ഷണക്രമത്തിന് സാധിച്ചു. 70 ശതമാനം കൂട്ടായ്മകളിലും അത്താഴം കൊടുത്തു തുടങ്ങി. അപൂർവ്വം സ്ഥലങ്ങളിൽ ആർഭാടങ്ങളിലേക്ക് പോകരുതെന്ന് നിർദ്ദേശം കൊടുക്കേണ്ടിവന്നു.

10. പ്ലേറ്റുകളും ഗ്ലാസുകളും പകുതിയോളം കൂട്ടായ്മകളിൽ പൊതുവായി വാങ്ങിച്ചിരിക്കുന്നു. ചില സ്ഥലങ്ങളിൽ കസേരകളും പാത്രങ്ങളും ടാർപ്പായകളും സൗണ്ട് സിസ്റ്റവും ഒരുക്കിയിട്ടുണ്ട്. വളരെ ആഘോഷമായി നടത്തുവാൻ മുപ്പത് ശതമാനത്തിലധികം ഇടവകകൾ പരിശ്രമിക്കുന്നു.

11. സന്യാസ വൈദികർ നേതൃത്വം കൊടുക്കുന്ന ഇടവകകൾ പ്രതീക്ഷിച്ചതിലും ഭംഗിയായി നടക്കുന്നതായി അനുഭവപ്പെട്ടു, അഭിനന്ദിക്കുന്നു.

12. പ്രാർത്ഥനകൾക്കും കൂട്ടായ്മകൾക്കും ഉപരിയായി കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കാൻ ശ്രമിച്ച യൂണിറ്റുകളെ അഭിനന്ദിക്കുന്നു. രോഗീ സന്ദർശനം, ഭവന നിർമ്മാണം, തീർത്ഥാടനം, പരസ്പര സഹായസംഘങ്ങൾ, മാറ്റാൾ പണി, കൂട്ടുകൃഷി തുടങ്ങിയ സംരഭങ്ങൾക്ക് ചിലർ തുടക്കം കുറിച്ചു.

13. പ്രളയകാലത്ത് സേവനത്തിന്റെയും സഹായത്തിന്റെയും കരങ്ങൾ കോർക്കാൻ ചില കൂട്ടായ്മകൾ ഉണർന്ന് പ്രവർത്തിച്ചു.

**പ്രിയപ്പെട്ട അച്ചന്മാരെ,**

നിങ്ങളെ എല്ലാവരെയും നിങ്ങളുടെ വാസസ്ഥലങ്ങളിൽ വന്ന് സന്ദർശിക്കുവാൻ കഴിഞ്ഞത് ഏറ്റവും ഹൃദ്യമായ അനുഭവമായിരുന്നു. നിങ്ങൾ നൽകിയ സ്നേഹത്തിനും സൗഹൃദത്തിനും ഏറെ നന്ദി. നിങ്ങളുടെ കഷ്ടപ്പാടുകളും ജീവിത സാഹചര്യങ്ങളും അടുത്ത് അറിയുവാൻ കഴിഞ്ഞത് വലിയ ഉൾക്കാഴ്ചകളാണ് എനിക്ക് നൽകിയത്.

പൗരോഹിത്യ ജീവിതത്തിലെ ഏറ്റവും ശ്രേഷ്ഠമായ അനുഭവമായി ഈ യാത്ര മാറി. ഒരു പള്ളിയിൽ നിന്ന് പോലും T.A വാങ്ങിക്കാതെ മുഴുവൻ ഇടവകകളും സന്ദർശിക്കാൻ കഴിഞ്ഞു. ധാരാളം പേർ നേരിട്ടു തന്നെങ്കിലും ഞാൻ വാങ്ങിച്ചില്ല. പിന്നീട് കുടുംബ കൂട്ടായ്മക്കുവേണ്ടി ആവശ്യം വരുമ്പോൾ ഞാൻ നിങ്ങളെ സമീപിച്ചുകൊള്ളാം. നിങ്ങളുടെ സ്നേഹവും കരുതലും സൗഹൃദവും ഒത്തിരി ഇഷ്ടമായി, ഹൃദയപൂർവ്വം നന്ദി.

## പ്രത്യേക ശ്രദ്ധക്ക്

ദുരിതമനുഭവിക്കുന്ന കർഷകരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തലശ്ശേരി അതിരൂപത നവംബർ മാസത്തിൽ നടത്താൻ പദ്ധതിയിട്ടിരിക്കുന്ന ഉത്തര മലബാർ കർഷക പ്രക്ഷോഭത്തിന് എല്ലാ കുടുംബ കൂട്ടായ്മകളും സജീവമായി സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കർഷക പ്രക്ഷോഭത്തിന്റെ ആവശ്യവും പ്രസക്തിയും വിശദമാക്കുന്ന ലഘുലേഖ സെപ്തംബർ മാസത്തിൽ എല്ലാ കുടുംബ കൂട്ടായ്മകളിലും ചർച്ചാ വിഷയമാക്കേണ്ടതാണ്. സെപ്തംബർ 8ന് മുമ്പായി ഫൊറോന കേന്ദ്രത്തിൽ എത്തിക്കുന്ന ലഘുലേഖകൾ ഇടവക കോർഡിനേറ്റർമാർ ഏറ്റുവാങ്ങി ഓരോ കുടുംബ കൂട്ടായ്മകൾക്കും നല്കേണ്ടതാണ്. വിവിധ ഘട്ടങ്ങളിൽ ആസൂത്രണം ചെയ്യുന്ന സമര പരിപാടികളോട് എല്ലാ അംഗങ്ങളും പൂർണ്ണമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സ്നേഹപൂർവ്വം,

**ഫാ. മാത്യു ആശാരിപറമ്പിൽ**

ഡയറക്ടർ

# ബൈബിൾ അപ്പൊസ്തൊലേറ്റ്
# &
# ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

## ആൽഫാ ബിരുദദാന ചടങ്ങ്: സെപ്റ്റംബർ 7 ശനിയാഴ്ച

ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആറാമത് ബിരുദദാനചടങ്ങ് സെപ്റ്റംബർ 7 ശനിയാഴ്ച രാവിലെ 9.30 മുതൽ തലശ്ശേരി സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. ദൈവശാസ്ത്രത്തിൽ ബിരുദവും ബിരുദാനന്തരബിരുദവും പൂർത്തിയാക്കിയ 350-ഓളം വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങിൽ അഭിവന്ദ്യ പിതാക്കന്മാരും വിശിഷ്ടാതിഥികളും പങ്കെടുക്കുന്നു. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ ബഹു. ഡോ. ഗോപിനാഥ് രവീന്ദ്രനും തലശ്ശേരി എം.എൽ.എ ബഹു. എ.എൻ. ഷംസീറും മുഖ്യാതിഥികളായിരിക്കും. ബിരുദം സ്വീകരിക്കുന്ന എല്ലാ വിദ്യാർത്ഥികളും 7-ാം തീയതി രാവിലെ 8.30 ന് എത്തിച്ചേരേണ്ടതാണ്.

## ലോഗോസ് 2019 രൂപതാതലപരീക്ഷ

ലോഗോസ് പരീക്ഷയ്ക്കുള്ള രജിസ്ട്രേഷൻ പൂർത്തിയായി രജിസ്ട്രേഷനുവേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച ബഹു. വികാരിയച്ചൻമാർക്കും ഹെഡ്മാസ്റ്റേഴ്സിനും പ്രത്യേകം നന്ദി. ഈ വർഷത്തെ അതിരൂപതാതല ലോഗോസ് പരീക്ഷ സെപ്റ്റംബർ 29 - ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2pm മുതൽ 3.30 pm വരെയാണ്. പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകളും ഉത്തരക്കടലാസുകളും സെപ്റ്റംബർ 28-ാം തീയ്യതി ശനിയാഴ്ച രാവിലെ മുതൽ ഫൊറോന കേന്ദ്രങ്ങളിൽനിന്ന്, സെന്ററുകളിലെ കോർഡിനേറ്റർക്ക് കൈപ്പറ്റാവുന്നതാണ്. ഓരോ സെന്ററുകളിലേയും പരീക്ഷയ്ക്കുശേഷം ഉത്തരക്കടലാസുകൾ ശേഖരിച്ച് സൂപ്പർവൈസറുടെ നേതൃത്വത്തിൽ പായ്ക്ക് ചെയ്ത് വികാരിയച്ചന്റെ മേൽനോട്ടത്തിൽ സൂക്ഷിക്കേണ്ടതാണ്. ഫൊറോന കേന്ദ്രങ്ങളിലേക്ക് ഉത്തരക്കെട്ടുകൾ കൊടുത്ത് വിടേണ്ടതില്ല. മൂല്യനിർണ്ണയം ഓരോ ഇടവകയിലുമാണ് നടത്തേണ്ടത്. നമ്മുടെ രൂപതയിൽ 179 ഇടവകകളിൽ നിന്ന് 28709 പേർ ലോഗോസ് ക്വിസിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ലോഗോസ് ക്വിസ് പഠനസഹായി

ലോഗോസ് പഠനസഹായി തലശ്ശേരി ബൈബിൾ ഓഫീസിൽ ലഭ്യമാണ്.

- നിയമാവർത്തനം 12-21
- പ്രഭാഷകൻ 11-17
- മത്തായി 19-28
- വെളിപാട് 17-22

ഈ വിശുദ്ധ ഗ്രന്ഥഭാഗങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയിരിക്കുന്ന ലോഗോസ് പഠന സഹായിക്ക് 50 രൂപയാണ് വില. പഠനസഹായി ആവശ്യമുള്ളവർക്ക് ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ നിന്ന് പുസ്തകം കൈപ്പറ്റാവുന്നതാണ്.

## ലോഗോസ് പരീക്ഷയുടെ മൂല്യനിർണ്ണയം

നേരത്തെ അറിയിച്ചിരുന്നതുപോലെ ലോഗോസ് പരീക്ഷയുടെ ഉത്തരക്കടലാസുകൾ ഇടവകാതലത്തിലാണ് മൂല്യനിർണ്ണയം നടത്തുന്നത്. ഒക്ടോബർ 5 -ാം തീയ്യതി ശനിയാഴ്ച ഫൊറോന സെന്ററുകളിൽ ഓരോ ഇടവകയിലെയും പരീക്ഷയുടെ ഉത്തരവാദിത്വമുള്ളവർ ഒരുമിച്ച് കൂടുമ്പോൾ ഉത്തരസൂചിക വിതരണം ചെയ്യുന്നതാണ്. കൂടേണ്ട സമയം മേഖലാ പ്രസിഡന്റിനെ അറിയിക്കുന്നതാണ്. ഓരോ ഗ്രൂപ്പിലെയും ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച മൂന്ന് പേരുടെ മാർക്കുകളും ഉത്തരക്കടലാസുകളും എ വിഭാഗത്തിൽ 60 ഉം അതിന് മുകളിൽ ഉള്ളവരുടെ ലിസ്റ്റും മറ്റുവിഭാഗങ്ങളിൽ 70 ഉം അതിന് മുകളിൽ ഉള്ളവരുടെ ലിസ്റ്റും ഒക്ടോബർ 13 ന് മുൻപ് രൂപതാ ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്. ഇടവകയിൽ ഒക്ടോബർ 13-ാം തീയ്യതി പരീക്ഷ എഴുതിയവരുടെ മാർക്കുകൾ പ്രസിദ്ധം ചെയ്യാവുന്നതാണ്.

## ല്യൂമെൻ എക്ലേസിയ പരീക്ഷ: സെപ്റ്റംബർ 1

മതാധ്യാപകർക്കായുള്ള തിയോളജിക്കൽ ആന്ത്രോപ്പോളജിയുടെ പരീക്ഷ സെപ്റ്റംബർ 1-ാം തീയ്യതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ ഫൊറോന സെന്ററുകളിൽ വച്ച് നടത്തപ്പെടുന്നു.

## ല്യൂമെൻ എക്ലേസിയ ക്ലാസ്സുകൾ

ല്യൂമെൻ എക്ലേസിയ ക്ലാസ്സുകൾ സെപ്റ്റംബർ 15, 22 തീയ്യതികളിലായി നടത്തപ്പെടുന്നു.

**സെപ്റ്റംബർ 15:** ആലക്കോട്, ചെറുപുഴ, പടുപ്പ്, പടന്നക്കാട്

**സെപ്റ്റംബർ 22:** തലശ്ശേരി, പേരാവൂർ, ഇരിട്ടി, ചെമ്പേരി

## ആൽഫയുടെ പുതിയ സെന്ററുകൾ

ആൽഫയുടെ പുതിയ 2 സെന്ററുകൾ പാലായിൽ ആരംഭിക്കുന്നു. എഫ്.സി.സി പ്രൊവിൻഷ്യൽ ഹൗസിലും എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിലുമാണ് ക്ലാസ്സുകൾ തുടങ്ങുന്നത്. ക്ലാസ്സുകളുടെ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.

സ്നേഹപൂർവ്വം,

**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻലീഗ്



സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, മിഷനറിമാരെ,

സ്നേഹത്തിന്റെയും ഐക്യത്തിന്റെയും നിലാവായി ലോകത്തിൽ ഉദിച്ച പരി. അമ്മയുടെ പിറവിത്തിരുന്നാളിന്റെയും കാരുണ്യത്തിന്റെ സാന്ത്വന സ്പർശമായ വി. മദർതെരേസയുടെ തിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന എല്ലാവരെയും അവരെ സഹായിക്കുന്ന എല്ലാ കരങ്ങളെയും നമുക്ക് പ്രാർത്ഥനയിൽ അനുസ്മരിക്കാം.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : മാതാവിന്റെ പിറവിതിരുനാൾ<br>കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. മദർ തെരേസ, വി. മത്തായി,<br>വി. വിൻസെന്റ് ഡി പോൾ |
| പ്രാർത്ഥനാ നിയോഗം | : എല്ലാ അധ്യാപകർക്കും വേണ്ടി |
| സുകൃതജപം | : അറിവിന്റെ ആത്മാവേ അധ്യാപകരിൽ നിറയണമേ |
| സുകൃതം | : 72 നന്മനിറഞ്ഞ മറിയമേ.... എന്ന ജപം |
| വചനഭേരി | : വി. മത്തായി 28. ലോഗോസ് ക്വിസ് 2020 |
| ദിയാക്കോണിയ | : ഭക്ഷ്യസുരക്ഷ |

**ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 1 ഞായർ | : | എട്ട് നോമ്പ് ആരംഭം, നിയോഗം: ദൈവവിളി വിജയത്തിനായി |
| 5 വ്യാഴം | : | മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം |
| 8 ഞായർ | : | ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം, അസാധാരണ സമ്മേളനം,പൊതുദിവ്യ കാരുണ്യസ്വീകരണം, മാതാവിന്റെ ജനനതിരുനാൾ |
| 9 തിങ്കൾ | : | ഫാ. ജോസഫ് മാലിപ്പറമ്പിൽ 21-ാം ചരമവാർഷികം |
| 14 ശനി | : | കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| 20 വെള്ളി | : | സാഹിത്യശില്പശാല - അതിരൂപതയിൽ |
| 21 ശനി | : | അതിരൂപതാ കൗൺസിൽ വാർഷികം, സംസ്ഥാന സാഹിത്യമത്സരം |
| 26 വ്യാഴം | : | ലോക ബധിരദിനം |
| 30 തിങ്കൾ | : | കലോത്സവ ലിസ്റ്റ് അതിരൂപതയിൽ എത്തിക്കുക. |

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, മേഖലാ കലോത്സവം, കലോത്സവ ലിസ്റ്റ് സെപ്റ്റംബർ 30നുള്ളിൽ അതിരൂപതയിൽ എത്തിക്കുക, MTC ഒന്നാം ക്ലാസ്സ്, ദിനാചരണങ്ങൾ, കാരുണ്യപ്രവർത്തനം. അതിരൂപതാ കൗൺസിൽ വാർഷികം, സംസ്ഥാന സാഹിത്യമത്സരം, അഗതിമന്ദിര സന്ദർശനങ്ങൾ.

## അധ്യാപകദിനം

സെപ്തംബർ 5-ാം തിയതി അധ്യാപക ദിനത്തോടനുബന്ധിച്ച് നമ്മുടെ അധ്യാപകർക്ക് ആശംസകളർപ്പിക്കുകയും എല്ലാ അധ്യാപകർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ അധ്യാപക ദിനാചരണം 4-ാം തീയതി ചരൾ സ്കൂളിൽ വച്ച് നടത്തുന്നതാണ്.

## കാരുണ്യ ദിനം: സെപ്തംബർ 5

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാ ശാഖകളും തങ്ങൾക്ക് തന്നിരിക്കുന്ന അഗതി മന്ദിരങ്ങൾ സന്ദർശിക്കുകയും സാധിക്കുന്ന കാരുണ്യപ്രവൃത്തികളും സഹായങ്ങളും ചെയ്യുവാനും ശ്രദ്ധിക്കുമല്ലോ. അതിരൂപതാതലത്തിൽ വെമ്പുവ ശാഖയിലെ മദർ തെരേസ ആശ്രമത്തിൽ വെച്ച് അന്നേ ദിവസം കാരുണ്യദിനാചരണം നടത്തുന്നതായിരിക്കും.

## വി. കൊച്ചുത്രേസ്യായുടെ തിരുനാളും, അംഗത്വ നവീകരണവും

വി. കൊച്ചുത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ച് ഒക്ടോബർ 1 നോ അതിനടുത്തുവരുന്ന ഞായറാഴ്ചയോ എല്ലാ ശാഖകളിലും അംഗത്വനവീകരണം നടത്തുമല്ലോ. അതിരൂപതാതല അംഗത്വനവീകരണവും വി. കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷവും ചന്ദനക്കാംപാറ ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

## അതിരൂപതാ വിഹിതങ്ങൾ

ഈ വർഷത്തെ വാർഷിക വിഹിതവും (500 രൂപ) അംഗത്വഫീസും (ശാഖയിലെ എല്ലാ അംഗങ്ങൾക്കും 5 രൂപ വീതം) അടയ്ക്കാനുള്ളവരും കഴിഞ്ഞ വർഷത്തെ കുടിശ്ശിക അടയ്ക്കാനുള്ളവരും സെപ്തംബർ 30 ന് മുമ്പ് അടച്ച് സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## മിഷൻ പച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ സെപ്തംബർ 20ന് മുമ്പ് അതിരുപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**നിബന്ധനകൾ**

- മിനിമം 1 സെന്റ് സ്ഥലമുണ്ടായിരിക്കണം.
- ഏഴിനും 10 നുമിടയിൽ പച്ചക്കറി ഇനങ്ങൾ ഉണ്ടായിരിക്കണം.

- സ്ഥലമൊരുക്കാൻ, വിത്തിടൽ, സംരക്ഷണം, വിളശേഖരണം,തുടങ്ങിയ വിവിധ ഘട്ടങ്ങളിലെ കുട്ടികളുടെ പ്രവർത്തനം വ്യക്തമാക്കുന്ന ഫോട്ടോകൾ അതത് സമയങ്ങളിൽ ഇ മെയിൽ ചെയ്യേണ്ടതാണ്. cmltly01@gmail.com
- ശാഖകളുടെ പേരോടുകൂടിയ 'മിഷൻ പച്ചക്കറിത്തോട്ടം' എന്ന നെയിം ബോർഡ് ആദ്യാവസാനം ഉണ്ടായിരിക്കേണ്ടതാണ്. –
  ഒക്ടോബർ- ഡിസംബർ മാസങ്ങൾക്കിടയിൽ മേഖല - അതിരൂപത ഭാരവാഹികൾ മുന്നറിയിപ്പില്ലാതെ ഏതവസരത്തിലും തോട്ടം സന്ദർശിക്കുന്നതാണ്.
- തോട്ടത്തിൽ മികവും മറ്റ് പ്രവർത്തനങ്ങളും പരിഗണിച്ചായിരിക്കും സമ്മാനം നൽകുക.
- 1,2,3 സ്ഥാനങ്ങൾ ലഭിക്കുന്ന ശാഖകൾക്ക് യഥാക്രമം 5000, 3000, 2000 രൂപവീതം ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും. കൂടാതെ 16 തോട്ടങ്ങൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്നതായിരിക്കും.

## ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 21-ാം ചരമവാർഷികാനുസ്മരണം ശാഖകളിൽ സെപ്തംബർ 9-ാം തിയതിയോ തുടർന്നുവരുന്ന ഞായറാഴ്ചയോ നടത്തുമല്ലോ-അതിരൂപതാതല ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം അൽഫോൻസാഗിരി ശാഖയിൽ വെച്ച് നടത്തപ്പെടുന്നതാണ്.

## എം.റ്റി.സി. പഠനസഹായി

ഓരോ മേഖലയ്ക്കും ആവശ്യമായ എം.റ്റി.സി. പഠനസഹായി കിട്ടിക്കാണും എന്ന് പ്രതീക്ഷിക്കുന്നു. എം.റ്റി.സി. പഠനസഹായിൽ പറഞ്ഞിരിക്കുന്നതുപോലെ ക്ലാസ്സും സെമിനാറും നടത്താൻ മേഖലകൾ ശ്രദ്ധിക്കുമല്ലോ.

## അതിരൂപതാ കൗൺസിൽ വാർഷികം

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത കൗൺസിലും വാർഷികവും സെപ്തംബർ 21-ാം തീയതി ശനിയാഴ്ച കരുണാപുരം വച്ച് (വായാട്ടുപറമ്പ മേഖല) നടത്തുന്നു. കഴിഞ്ഞ പ്രവർത്തനവർഷം അതിരൂപതാ തലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും മിഷൻലീഗിലൂടെ വളർന്ന് മികച്ച നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്ന ചടങ്ങും കൗൺസിൽ -വാർഷിക സമ്മേളനത്തിൽ വച്ച് നടക്കുന്നതായിരിക്കും. ഈ ആഘോഷ പരിപാടികളിൽ മുഴുവൻ ശാഖാ-മേഖലാ ഭാരവാഹികളും വൈസ് ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ഒരു കുട്ടിക്ക് 50 രൂപ വീതം കൊണ്ടുവരുവാൻ ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾ കത്തിലൂടെയും ഫോൺവിളിച്ചും അറിയിക്കുന്നതായിരിക്കും.

## കൗൺസിൽ വാർഷികം - പ്രോഗ്രാം

9.00ന് രജിസ്ട്രേഷൻ, 9.15ന് വി. കുർബ്ബാന, 10.00 കാപ്പി, പതാക ഉയർത്തൽ, 10.15ന് പ്രാർത്ഥന, 10.20ന് രംഗപൂജ, കൗൺസിൽ ഉദ്ഘാടനം- മാർ ജോസഫ് പാംപ്ലാനി, കണക്ക്, റിപ്പോർട്ട് അവതരണം, കലാപരിപാടികൾ. ഉച്ചകഴിഞ്ഞ് 1.30ന് പ്രേഷിതറാലി. 2.30ന് വാർഷികം - രംഗപൂജ, ഉദ്ഘാടനം- മാർ ജോർജ് ഞറളക്കാട്ട്, ആദരിക്കൽ, ബെസ്റ്റ് ശാഖ, മേഖല അവാർഡ് ദാനം, സമ്മാനദാനം, 4.00ന് നന്ദി.

## ദൈവവിളി - ആൽബം

ദൈവവിളി എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകകളിൽനിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30ന് മുമ്പ് അതിരൂപത ഓഫീസിൽ എത്തിക്കുമല്ലോ.പേപ്പർ കട്ടിംഗ്സ്, ഫോട്ടോസ് എന്നിവയാണ് പ്രധാനമായും ഉപയോഗിക്കേണ്ടത്. ആൽബം 100 പേജിൽ കവിയരുത്. അളവ് ലീഗൽ പേപ്പർ സൈസ് (22 x 34 സെ.മി). ആൽബനിർമ്മാണത്തെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടുവാൻ ശ്രദ്ധിക്കുമല്ലോ. ശാഖയിലെ എല്ലാവരുംകൂടി ഒരുമിച്ച് ചേർന്ന് ഒരു ആൽബമാണ് നിർമ്മിക്കേണ്ടത്.

## ശാഖാസന്ദർശനങ്ങൾ

അതിരൂപതാഭാരവാഹികൾ സെപ്തംബർ മാസം വായാട്ടുപറമ്പ (സെപ്തംബർ 8), എടൂർ (സെപ്തംബർ 15), കുന്നോത്ത് (സെപ്തംബർ 22), നെല്ലിക്കാംപോയിൽ (സെപ്തംബർ 29) എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്നുള്ള കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖയിൽവേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. പേരാവൂർ ഫൊറോനയിൽ പിന്നീട് അറിയിക്കുന്നതാണ്.

## പുതിയ ശാഖ

സി.എം. എൽ. തലശ്ശേരി അതിരൂപതയിലെ നെല്ലിക്കാംപൊയിൽ മേഖലയിൽപെട്ട തിരൂർശാഖയെ 210-ാമത്തെ ശാഖയായി 12-8-19നു ചേർന്ന അതിരൂപതാ എക്സിക്യൂട്ടീവ് അംഗീകരിച്ചു. തിരൂർശാഖ ഡയറക്ടറച്ചനും, വൈസ്ഡയറക്ടർ, ശാഖാ ഭാരവാഹികൾ, കുഞ്ഞു മിഷനറിമാർ എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുത്തൻ പ്രവർത്തനവർഷവും വിജയങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു.

## ഹൃദ്യമായ സ്വാഗതം

വായാട്ടുപറമ്പ് മേഖലാ ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട ബഹുമാനപ്പെട്ട മാത്യു വെട്ടുവയലിൽ അച്ചന് ചെറുപുഷ്പ മിഷൻലീഗ് കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതവും...... പ്രാർത്ഥനാശംസകളും...

## ഹൃദയം നിറഞ്ഞ നന്ദി

വായാട്ടുപറമ്പ് മേഖലാ ഡയറക്ടറായി സ്തുത്യർഹമായി സേവനം ചെയ്ത ബഹുമാനപ്പെട്ട ജോൺപോൾ പൂവത്താനിക്കൽ അച്ചന് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

## സംസ്ഥാന സാഹിത്യമത്സരവും സാഹിത്യശില്പശാലയും

അതിരൂപതാതല സാഹിത്യമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ സെപ്തംബർ 21-ാം തിയതി കണ്ണൂർ ശ്രീപുരം പാസ്റ്ററൽ സെന്ററിൽവച്ച് നടക്കുന്ന സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ അംഗത്വകാർഡും, ബാഡ്ജും, നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. സെപ്റ്റംബർ 20-ാം തിയതി വൈകിട്ട് 6 മണിയോടെ തലശ്ശേരി സന്ദേശഭവനിൽ എത്തിച്ചേരേണ്ടതാണ്. അവർക്കുവേണ്ടി ബഹു. മാർട്ടിൻ പറപ്പള്ളിയാത്ത് അച്ചന്റെ നേതൃത്വത്തിൽ സാഹിത്യരചന പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

## അതിരൂപതാ കലോത്സവം

ഈ വർഷത്തെ അതിരൂപതാ ബൈബിൾ കലോത്സവം ഒക്ടോബർ 7-ാം തിയതി ചെമ്പേരിയിൽ വച്ച് നടക്കുന്നതായിരിക്കും. മേഖലാതല മത്സരത്തിൽ ഓരോ വിഭാഗത്തിലും, വ്യക്തിഗത ഇനത്തിൽ ഒന്നാം സ്ഥാനം നേടുന്ന ഒരു ആൺകുട്ടിയുടെയും ഒരു പെൺകുട്ടിയുടെയും പേരും, ഗ്രൂപ്പ് ഇനത്തിൽ ഒന്നാം സ്ഥാനം നേടുന്ന ടീമിന്റെ പേരും അതിരൂപതയിൽ നിന്ന് നല്കിയിരിക്കുന്ന ഫോറത്തിൽ ഇംഗ്ലീഷ് ക്യാപിറ്റൽ ലെറ്ററിൽ കൃത്യതയോടെ പൂരിപ്പിച്ച് സെപ്റ്റംബർ 30-ാം തിയതിക്കുള്ളിൽത്തന്നെ അതിരൂപതയിൽ എത്തിക്കേണ്ടതാണ്. കഥാപ്രസംഗമത്സരത്തിൽ ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാനം കിട്ടുന്ന കുട്ടിയുടെ പേര് നല്കിയാൽ മതിയാകും.

## വൈസ്ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

ഓഗസ്റ്റ് 28-ാം തിയതി നടത്താതിരുന്ന അൽഫോൻസാ ക്വിസ് മത്സരവും, ചിത്രരചനാ ക്യാമ്പും കുട്ടികൾക്ക് സ്കൂളിൽ പരീക്ഷ നടക്കുന്നതിനാൽ സെപ്റ്റംബർ 9-ാം തിയതിയിലേയ്ക്ക് മാറ്റിവച്ചിരിക്കുന്നു എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ.... സമയക്രമം നേരത്തെ അറിയിച്ചിരുന്നതു പോലെ തന്നെയായിരിക്കും. സെപ്തംബർ 12-ാം തിയതി നടത്താതിരുന്ന ഉണർവ്വ് സൗഹൃദസംഗമം ചില സാങ്കേതിക ബുദ്ധിമുട്ട് ഉള്ളതിനാൽ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവച്ചിരിക്കുന്നു. നടത്തുന്ന ദിവസം പിന്നീട് അറിയിക്കുന്നതായിരിക്കും.

## 2018-19 വർഷത്തെ മികച്ച മേഖലയും ശാഖയും

2018 - 19 പ്രവർത്തന വർഷത്തെ ഏറ്റവും മികച്ച മേഖലയായി കുന്നോത്തും,

നെല്ലിക്കാംപോയിൽ, തോമാപുരം, മേഖലകൾ രണ്ടും മൂന്നും സ്ഥാനങ്ങളും കരസ്ഥമാക്കി. ശാഖാതലത്തിൽ കണിച്ചാർ, രാജമുടി, കുട്ടാപറമ്പ് എന്നീ ശാഖകൾ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച മേഖലകൾക്കും ശാഖകൾക്കും നേതൃത്വം നല്കിയ മേഖലാ-ശാഖ ഭാരവാഹികൾക്കും അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

## കുഞ്ഞേട്ടൻ അനുസ്മരണം

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക നേതാവ് ശ്രീ. പി.സി. അബ്രഹാം പല്ലാട്ടുകുന്നേലിന്റെ 10-ാം ചരമവാർഷികവും അനുസ്മരണവും അതിരൂപതാ തലത്തിൽ 11-8-19ന് പയ്യന്നൂർ ശാഖയിൽവച്ച് നടത്തി. അനുസ്മരണത്തിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തുതന്ന ബഹു. ജോൺ മുല്ലക്കര അച്ചനും, മിഷൻലീഗ് ഭാരവാഹികൾക്കും, സൺഡേസ്കൂൾ അധ്യാപകർക്കും പ്രത്യേകം നന്ദി.

## അഭിനന്ദനങ്ങൾ

ഓഗസ്റ്റ് 4-ാം തിയതി വിയാനിഡേയോടനുബന്ധിച്ച് എല്ലാ ശാഖകളിലും മേഖലകളിലും വൈസ് ഡയറക്ടർ സിസ്റ്റേഴ്സിന്റെയും ശാഖാ - മേഖലാ ഭാരവാഹികളുടെയും നേതൃത്വത്തിൽ ബഹു. വൈദികരെ സന്ദർശിച്ച് ആശംസകൾ അർപ്പിക്കുകയും പ്രാർത്ഥി ക്കുകയും ആദരിക്കുകയും ചെയ്തു. അതിരൂപതാതലം വിയാനിഡേ ആഘോഷം തയ്യേനി ശാഖയിൽ വെച്ച് നടത്തി.

## അതിരൂപതാ സാഹിത്യമത്സരം

ഓഗസ്റ്റ് 23-ാം തിയതി വെള്ളിയാഴ്ച നാലു റീജിയണുകളിലായി നടത്തപ്പെട്ട അതിരൂപതാ സാഹിത്യമത്സരത്തിന് നേതൃത്വം കൊടുത്ത ഫാ. മാത്യു നരിക്കുഴി, ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ, ഫാ. ജോസഫ് വടക്കേപറമ്പിൽ, ഫാ. അബ്രഹാം പുതുശ്ശേരി എന്നിവർക്കും അതിരൂപതാ ഭാരവാഹികൾക്കും മേഖലാ-ശാഖാ ഭാരവാഹികൾക്കും പ്രത്യേകം നന്ദി.

## ഓർഗനൈസിംഗ് ടീം മീറ്റിംഗ്

12.8.19ന് അതിരൂപതാതല ഓർഗനൈസിംഗ് ടീം മീറ്റിംഗ് തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ഓർഗനൈസിംഗ് ടീം ഒരുമിച്ച് ഒരുമണിക്കൂർ ദൈവവിളി ആരാധന നടത്തി.

## ശ്രീ. ജയ്സൺ പാലയൂർ പൂവ്വത്തിങ്കൽ അനുസ്മരണം

മിഷൻലീഗ് കൂട്ടായ്മയിൽ നിന്നും ആകസ്മികമായി നിത്യസമ്മാ നത്തിനായി വിളിക്കപ്പെട്ട ശ്രീ. ജയ്സൺ സാറിന്റെ ഒന്നാം ചരമവാർഷികം പേരാവൂർ ഇടവകയിൽവച്ച് 3.8.19ന് നടത്തി. അന്നേദിവസം വി. കുർബ്ബാനയും ഒപ്പീസും ഉണ്ടായിരുന്നു. അതോടൊപ്പം 4-ാം തിയതി പേരാവൂർ

ഇടവകയിൽവച്ച് നടന്ന അനുസ്മരണ സമ്മേളനത്തിൽ അതിരൂപതാ ഭാരവാഹികൾ പങ്കെടുത്തു. ജൂലൈ 30-ാം തിയതി ജെയ്സൺസാറിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് നടത്തിയ പ്രസംഗമത്സരത്തിൽ വിജയികളായവർക്ക് ക്യാഷ് അവാർഡും, ട്രോഫിയും അഭിവന്ദ്യ മാർ. ജോർജ് ഞറളക്കാട്ട് പിതാവ് നൽകി.

## ഡോക്യുമെന്ററി - അഭിനന്ദനങ്ങൾ

വെള്ളരിക്കുണ്ട് മേഖലയുടെ നേതൃത്വത്തിൽ വി. മാക്സ്മില്യൻ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ച് ഡോക്യുമെന്ററി പ്രകാശനം ചെയ്തു.

## വി. അൽഫോൻസാമ്മയുടെ തിരുനാൾ - അതിരൂപതാതലം

വി. അൽഫോൻസാമ്മയുടെ തിരുനാൾ അതിരുപതാതലം കുന്നോത്ത് ശാഖയിൽ വച്ച് നടത്തി. അന്നേദിനം ഡയറക്ടർ ഫാ. ജോസഫ് വേങ്ങക്കുന്നേൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകുകയും കുട്ടികൾക്ക് ക്ലാസ്സ് എടുക്കുകയും ചെയ്തു.

## കർഷകനെ ആദരിച്ചു

18.8.19ന് അരീക്കമല ശാഖയിൽ വച്ച് അതിരൂപതയുടെ നേതൃത്വത്തിൽ പുലിക്കുരുമ്പ ശാഖയിലെ ജയ്സൺ മുതലക്കുഴിയിൽ എന്ന കർഷകനെ ആദരിച്ചു.

### ധ്യാനങ്ങൾ - സെമിനാറുകൾ

- 28-7-19ന് കുന്നോത്ത് ശാഖയിലെ കുട്ടികൾക്ക് ഡയറക്ടർ ക്ലാസ്സ് എടുത്തു.
- 28-7-19ന് കച്ചേരിക്കടവ്, പേരട്ട ശാഖയിലെ കുട്ടികൾക്ക് ബേബിസാർ ക്ലാസ്സ് എടുത്തു.
- 31.07.19ന് ആലക്കോട് മേഖലയിൽ ബേബിസാർ ദൈവവിളി സെമിനാർ നടത്തി.
- 11.8.19ന് പയ്യന്നൂർ ശാഖയിൽ ഡയറക്ടർ സെമിനാർ നടത്തി.
- 17.8.19ന് ആലക്കോട് മേഖലയിൽ എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് ശ്രീ. സുനിൽ കല്ലിടുക്കിൽ സെമിനാർ നടത്തി.
- 18.8.19ന് മണിപ്പാറ ശാഖയിൽ ശ്രീ. ബേബി പ്ലാശ്ശേരി സെമിനാർ നടത്തി.

## പരി. അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും സ്വാതന്ത്ര്യ ദിനാഘോഷവും

18.08.19 ന് അരീക്കമല ശാഖയിൽ വച്ച് അതിരൂപതാതലത്തിൽ പരി. അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനാഘോഷവും നടത്തി.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിനായി നാം ഒരുങ്ങുമ്പോൾ നമ്മുടെ ത്യാഗങ്ങളും സുകൃതങ്ങളും കോർത്തിണക്കി അമ്മയ്ക്ക് ഇഷ്ടപ്പെട്ട മനോഹരമായ ഒരു പിറന്നാൾ സമ്മാനം കൊടുക്കുവാൻ കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒത്തിരി സ്നേഹത്തോടെ പിറവിതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

## നിറംകൊടുക്കാമോ ഓഗസ്റ്റ് മാസത്തെ വിജയികൾ

I അയോണ എലിസബത്ത് - ആലക്കോട്
II ജോയൽ കണിവേലിൽ - ഭിമനടി
III അന്നമോൾ ചാത്തനാട് - ബദിയഡുക്ക

## നിങ്ങൾക്കറിയാമോ വിജയികൾ

I എയ്ഞ്ചൽ ഇടയാറ്റുപള്ളി - അങ്ങാടിക്കടവ്
II ഫിയ ആൻ കുഴുപ്പള്ളിൽ - അരിവിളഞ്ഞപോയിൽ
III ഹയമരിയ കട്ടക്കയം - കരുവഞ്ചാൽ

## ഈശോയെപ്പോലെ പ്രാർത്ഥിക്കാം .......

ഈ മാസം നമുക്ക് ഈശോയെപ്പോലെ പ്രാർത്ഥിക്കാം എന്ന 3-ാം അദ്ധ്യായം പഠിക്കാം. ഗത്സമാനിയിൽ പ്രാർത്ഥിക്കുന്ന ഈശോയുടെ ചിത്രം എല്ലാ കൂട്ടുകാരുടെയും ഹൃദയത്തിൽ പതിഞ്ഞിട്ടുള്ളതാണല്ലോ. കുഞ്ഞുനാൾമുതൽ മാതാപിതാക്കളോടൊപ്പമിരുന്ന് പ്രാർത്ഥിച്ച ഈശോ. ദൈവാലയത്തിലുംപോയി പ്രാർത്ഥിച്ചിരുന്നു. സ്വർഗ്ഗസ്ഥനായ പിതാവിന്റെ മുമ്പിൽ വിശ്വാസത്തോടെയും തീഷ്ണതയോടെയും ആണ് ഈശോ പ്രാർത്ഥിക്കുന്നത്. കൂട്ടുകാരേ, നമുക്കു ഈശോ പ്രാർത്ഥിച്ചതുപോലെ തീഷ്ണതയോടെ, ഭക്തിയോടെ, വിശ്വാസത്തോടെ, പ്രാർത്ഥിക്കാം കൂട്ടുകാരെ, അധ്യാപകരെ എല്ലാം സമർപ്പിച്ച് പ്രാർത്ഥിക്കാം.

## പ്രസംഗ മത്സര വിജയികൾ

വി. തോമാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും തിരുനാളിനോടനുബന്ധിച്ച് നടത്തിയ പ്രസംഗമത്സരത്തിൽ വിവിധ ശാഖകകളിൽ നിന്നുമായി 65 കുട്ടികൾ പങ്കെടുത്തു. വളരെ മനോഹമായി പ്രസംഗം അവതരിപ്പിച്ച എല്ലാ കൊച്ചു കൂട്ടുകാർക്കും പ്രത്യേകം

അഭിനന്ദനങ്ങൾ. ഇവരെ ഒരുക്കിയ ആനിമേറ്റേഴ്സിനെയും, മാതാപിതാക്കളെയും നന്ദിയോടെ ഓർക്കുന്നു. പങ്കെടുത്ത എല്ലാവർക്കും പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതായിരിക്കും.

## ആൺകുട്ടികളുടെ വിഭാഗം

| | |
|---|---|
| I പോൾ റെജി പടിഞ്ഞാറേ ആനശ്ശേരി | - പുലിക്കുരുമ്പ |
| II ഡോണൽ വെളുത്തേടത്ത്കാട്ടിൽ | - ആലക്കോട് |
| III ബെനിറ്റ് മലമാക്കൽ | - കുട്ടാപറമ്പ് |
| III എബിൻ | - കച്ചേരിക്കടവ് |

## പെൺകുട്ടികളുടെ വിഭാഗം

| | |
|---|---|
| I മെറിൻ ചെമ്പരത്തിങ്കൽ | - കൊളക്കാട് |
| II മരിയ വടക്കൻ | - പുളിങ്ങോം |
| III ആനിയ വാവലാങ്കൽ | - പുലിക്കുരുമ്പ |

## വൈസ് ഡയറക്ടേഴ്സിന്റെ പ്രത്യേക ശ്രദ്ധയ്ക്ക്

തിരുബാലസംഘ്യം വർക്ക് ബുക്കിന്റെ തുക ഇനിയും അടയ്ക്കാത്ത ശാഖകൾ ഈ മാസം തന്നെ അതിരൂപതാ ഓഫീസിൽ അടയ്ക്കുവാൻ ശ്രദ്ധിക്കുമല്ലോ. തിരുബാലസഖ്യം കുട്ടികൾക്ക് സെമിനാർ നടത്താൻ ആഗ്രഹിക്കുന്നവർ അതിരൂപതാ ഓഫീസിൽ വിളിച്ച് അറിയിക്കുമല്ലോ. കുട്ടികൾക്ക് ജപമാല ചൊല്ലാൻ പരിശീലനം നല്കുമല്ലോ. അംഗത്വസ്വീകരണം നടത്താത്ത ഇടവകകളെല്ലാം എത്രയുംപെട്ടെന്ന് നടത്തണം.

## വി. മദർതെരേസ ഫാൻസി ഡ്രസ്സ് മത്സരം

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് തിരുബാലസംഘം കുട്ടികൾക്കായി മദർതെരേസ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ശാഖയിൽ താൽപര്യമുള്ള കുട്ടികൾക്കെല്ലാം മത്സരത്തിൽ പങ്കെടുക്കാം. സെപ്റ്റംബർ 8-ാം തിയതിയോ, 15-ാം തിയതിയോ മത്സരം നടത്തി ശാഖയിൽ ഒന്നാം സ്ഥാനം കിട്ടുന്ന ഫാൻസി ഡ്രസ്സിന്റെ ഫോട്ടോ സെപ്റ്റംബർ 22-ന് മുമ്പ് ഓഫീസിലേക്ക് അയച്ചുതരുമല്ലോ. അതിരൂപതാ തലത്തിൽ 1,2,3 സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികൾക്ക് ട്രോഫിയു, ക്യാഷ് അവാർഡും ഉണ്ടായിരിക്കും. അയയ്ക്കേണ്ട വിലാസം holychildhoodtly01 എന്ന E-mail അക്കൗണ്ട്. ഫോട്ടോകൾ അയയ്ക്കുമ്പോൾ ഇടവകയുടെ പേരും പങ്കെടുക്കുന്ന കുട്ടിയുടെ പേരും അഡ്രസ്സും ഫോൺ നമ്പറും കൂടി കൂട്ടിച്ചേർക്കാൻ ശ്രദ്ധിക്കുമല്ലോ.

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# യുവജനശുശ്രൂഷ

**" Go MAD " - Make A  Difference**

നിങ്ങളുടെ യൗവ്വനം ഒരു ഇടവേളയല്ല. നിങ്ങൾ ദൈവത്തിന്റെ ഇപ്പോൾ ആണ്
(ക്രിസ്തൂസ് വിവിദ് 5 ; 178).

പ്രിയ വികാരിയച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജനസുഹൃത്തുക്കളെ,

## അഗതി ദിനാചരണം - സെപ്റ്റംബർ 5

കരുണയുടെ അമ്മയായ വി. മദർ തെരേസയുടെ അനുസ്മരണ ദിനത്തിൽ സാധിക്കുന്ന യൂണിറ്റുകൾ നമ്മുടെ രൂപതയിലെ അഗതി മന്ദിരങ്ങൾ സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ എത്തിച്ച് കൊടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## അതിരൂപത അഗതി ദിനാചരണം - സെപ്റ്റംബർ 7

തലശ്ശേരി അതിരൂപത അഗതി ദിനാചരണം കുന്നോത്ത് ഫൊറോനയുടെ ആതിഥേയത്വത്തിൽ കൂട്ടുപുഴ സ്നേഹഭവനിൽ വച്ച് സെപ്റ്റംബർ 7 ന് രാവിലെ 9 മണിക്ക് നടത്തപ്പെടുന്നു. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഫൊറോന പ്രസിഡന്റെയോ ഡയറക്ടർ അച്ചന്റെയോ പക്കൽ പേര് നൽകുക.

## ഗോ മാഡ് ഗോ മിഷൻ

വിജയവാഡ, ഒറീസ മിഷൻ ഗ്രാമ സന്ദർശനം. മിഷൻ പ്രദേശത്തുള്ള സഹോദരങ്ങളുടെ ജീവിതത്തെയും പ്രവർത്തനങ്ങളെ മനസ്സിലാക്കുന്നതിനും ദൈവവിളി പ്രോൽസാഹിപ്പിക്കുന്നതിനുമായി വിജയവാഡയിലെയും ഒറിസയിലെയും മിഷൻ ഗ്രാമത്തിലേക്ക് സെപ്റ്റംബർ 9 മുതൽ 16 വരെ യുവജനങ്ങൾ സന്ദർശനം നടത്തുന്നു.

## ദിയകോണിയ കർമ്മ പദ്ധതി

**ഫലസമൃദ്ധി - സീസൺ 2**

2018 ൽ നടപ്പിലാക്കിയ ഫലസമൃദ്ധിയുടെ തുടർച്ചയായി ഓരോ ഭവനത്തിനും ആവശ്യമായ ഫല വൃക്ഷതൈകൾ എത്തിച്ച് കൊടുക്കുന്നു.

**ബർത്തഡേ ട്രീ**

ഭവനത്തിലെ ഓരോ അംഗങ്ങളുടെയും ജൻമദിനം ഫലവൃക്ഷത്തൈ നട്ട് ആഘോഷിക്കുക. മരത്തിന് ജൻമദിനം ആഘോഷിക്കുന്ന വ്യക്തിയുടെ പേര് നൽകുന്നു.

## ROOTS - വേരുകൾ "GO MAD GO BACK TO ROOTS''

നമ്മളെ താങ്ങാനും ഉറപ്പിച്ച് നിർത്താനുമുള്ള ശക്തമായ വേരുകൾ നമുക്കില്ലാത്ത പക്ഷം വളരുക നമുക്ക് അസാധ്യമാണ്. (ക്രിസ്തൂസ് വിവിദ് - അദ്ധ്യായം 6, 179 )

## എന്താണ് വേരുകൾ (Go Mad Go back to Roots)

തലശ്ശേരി അതിരുപതയിലെ കെ സി വൈ എം, എസ് എം വൈ എം യുവജന പ്രസ്ഥാനത്തെ യൂണിറ്റ് - ഫൊറോന തലത്തിൽ ശക്തിപ്പെടു ത്താനും തിരുസഭയുടെ വിശ്വാസത്തിന്റെ വേരുകളെ പുനർജ്ജീവിപ്പിക്കുവാനും വേണ്ടി നടത്തുന്ന പദ്ധതിയാണ് ROOTS. ഫൊറോനയിലെ ഒരു പ്രദേശത്തുള്ള മൂന്ന് ഇടവകകളിലെ (സോൺ) യുവജനങ്ങളുടെ വൈകുന്നേരം 5 മുതൽ 8.30 വരെയുള്ള സംഗമങ്ങൾ ആണ് ഇത്.

## ROOTS ന്റെ ലക്ഷ്യങ്ങൾ

1. മൂന്ന് ഇടവകയിലെ യുവജനങ്ങൾ തമ്മിൽ ബന്ധം വർദ്ധിപ്പിക്കുക. ഇട വകകൾ ചെയ്യുന്ന നല്ല പ്രവർത്തനങ്ങളെ പരസ്പരം പങ്ക് വയ്ക്കുക. (Best practices sharing )
2. യുവതീ യുവാക്കളുടെ കഴിവുകൾ പ്രകടിപ്പിക്കുവാൻ വേദിയൊരുക്കുക. (സംഗീതം, നൃത്തം, മിമിക്രി തുടങ്ങിയവ) അനാരോഗ്യകരമായ മത്സരങ്ങൾ ഒഴിവാക്കുക ചിലവുകൾ സാധിക്കുന്നത്ര ചുരുക്കുക.
3. Input session - വിശ്വാസ ബോധ്യങ്ങൾ പകരുന്ന ചർച്ചകൾ, സംവാദ ങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ നടത്തുക.
4. Joyful spirituality --ആത്മീയത ആഘോഷിക്കുക. സംഗീത ജപമാല, ആരാധന, ജപമാല റാലി, ഗ്രൂപ്പ് പ്രയർ, വചന വിചിന്തനം

### ചില പ്രായോഗിക നിർദ്ദേശങ്ങൾ

* വ്യക്തമായ മുന്നൊരുക്കത്തോടെ റൂട്ട് നടത്തുക.
* ഡിസംബർ മാസത്തോടെ റൂട്ട്സ് പൂർത്തിയാക്കാൻ പരിശ്രമിക്കുക.
* ROOTS നെ കുറിച്ച് വ്യക്തമായ വിവരങ്ങൾ ഫൊറോനയിലെ വൈദീ കരെ അറിയിക്കുക.
* ആശംസകൾ, പ്രസംഗങ്ങൾ പരമാവധി കുറയ്ക്കുക
* സാധിക്കുമെങ്കിൽ open stage - ൽ നടത്തുക.
* ഫൊറോനയിലെ യുവജനങ്ങളെ വിശിഷ്ടാതിഥികളായി വിളിക്കുക.
* ROOTS നടത്തുന്ന ദിവസങ്ങളും സ്ഥലങ്ങളും നേരത്തെ നിശ്ചയിച്ച് രൂപതാ കേന്ദ്രത്തിൽ അറിയിക്കുന്നത് ഉപകാരമായിരിക്കും.
* ഒരു യൂണിറ്റ് 3 പരിപാടികൾ എങ്കിലും അവതരിപ്പിക്കാൻ ശ്രമിക്കുക.

## റൂട്ട്സ് ഉദ്ഘാടനം ചെയ്തു

യുവജന പ്രസ്ഥാനത്തിന്റെ ഈ വർഷത്തെ പ്രധാന പദ്ധതികളിൽ ഒന്നായ റൂട്ട്സ് (Roots) ന്റെ തലശ്ശേരി അതിരൂപതാ തല ഉദ്ഘാടനം സഹായ മെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിച്ചു.

പേരാവൂർ ഫൊറോനയുടെ ആതിഥേയത്വത്തിൽ ചെങ്ങോം ഇടവകയിൽ വച്ച് നടന്ന അതിരൂപതാതല ഉദ്ഘാടനത്തിൽ അതിരൂപതാ പ്രസിഡന്റ് സിജോ കണ്ണേഴത്ത് അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. സോണി വടശ്ശേരിൽ, ഫൊറോന ഡയറക്ടർ റവ. ഡോ. സന്തോഷ് നെടുങ്ങാട്ട് അതിരൂപത ജനറൽ സെക്രട്ടറി വിപിൻ മാറാട്ടുകുന്നേൽ, അഖിൽ എടത്താഴെ, ജോയൽ തൊട്ടിയിൽ, ബോണി ജോൺ, എബിൻ കുമ്പുക്കൽ, ടോമിൻ തോമസ് ചിഞ്ചു വി. ജെ. ഡെൽന മരിയ, നിമിഷ ടോം അതിരൂപത ആനിമേറ്റർ സി. പ്രീതി മരിയ തുടങ്ങിയവർ നേതൃത്വം നല്കി.

## സംസ്ഥാന അർദ്ധവാർഷിക സെനറ്റ്

41 -ാം മത് അർദ്ധ വാർഷിക സെനറ്റ് ജൂലൈ 26,27,28 തിയ്യതികളിലായി തിരുവനന്തപുരം മേജർ അതിരൂപതയുടെ ആതിഥേയത്വത്തിൽ മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്റർ നാലാഞ്ചിറയിൽ വച്ച് നടത്തപ്പെട്ടു. 29 രൂപതകളിൽ നിന്നുമായി 200 ഓളം പേർ പങ്കെടുത്തു. കെ സി വൈ എം സംസ്ഥാന പ്രസിഡന്റ് ശ്രീ സിറിയക് ചാഴിക്കാടന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനം തിരുവനന്തപുരം ലാറ്റിൻ ബിഷപ്പ് അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ് ഉദ്ഘാടനം ചെയ്തു. കെ സി വൈ എം സംസ്ഥാന ഡയറക്ടർ റവ.ഫാദർ സ്റ്റീഫൻ തോമസ് ചാലയ്ക്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. തലശ്ശേരി അതിരൂപതയുടെ റിപ്പോർട്ട് ജനറൽ സെക്രട്ടറി വിപിൻ മാറുകാട്ടുകുന്നേൽ നിശ്ചയിക്കപ്പെട്ട സമയത്തിനുള്ളിൽ വളരെ കൃത്യമായും വ്യക്തമായും അവതരിപ്പിച്ചു. സംസ്ഥാന അർദ്ധവാർഷിക റിപ്പോർട്ട് ജനറൽ സെക്രട്ടറി ബിജോ പി ബാബു അവതരിപ്പിച്ചു. 26 ന് വൈകുന്നേരം 6 മണിക്ക് വി.ബലിയോടെ ആരംഭിച്ച സെനറ്റ് 28 ന് ഉച്ചക്ക് അവസാനിച്ചു. അതിരൂപതയുടെ സെനറ്റ് അംഗങ്ങൾക്ക് പ്രത്യേകമായ അഭിനന്ദനങ്ങളും നന്ദിയും.

## കൂടെ

ഓഖി ദുരന്തത്തിൽ കഴിഞ്ഞ വർഷം നാശനഷ്ടം സംഭവിച്ച കോട്ടപ്പുറം ലാറ്റിൻ രൂപതക്ക് വിദ്യാഭ്യാസ സഹായം നൽകിയതിന്റെ തുടർച്ചയായി ഇനിയും ഞങ്ങൾ കൂടെയുണ്ട് എന്നോർമ്മപ്പെടുത്തികൊണ്ട് രണ്ടാം ഘട്ടം സഹായമായ 1,20,000 രൂപ കോട്ടപ്പുറം ലാറ്റിൻ രൂപതക്ക് അർദ്ധവാർഷിക സെനറ്റിൽ വച്ച് കെ സി വൈ എം തലശ്ശേരി അതിരൂപത കൈമാറി. സഹായ ധനം തന്ന് സഹകരിച്ച അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി...

## സ്നേഹത്തോണി

കാലവർഷ കെടുതിയാൽ ദുരിതമനുഭവിക്കുന്നവർക്ക് രക്ഷകരായി മാറിയ തലശ്ശേരി അതിരൂപതയിലെ യുവജനങ്ങൾക്ക് അഭിനന്ദനങ്ങൾ. ജാതി മത വിത്യാസമില്ലാതെ ദുരിതാശ്വാസ ക്യാമ്പുകളിലേക്കും ശുചീകരണ പ്രവർത്തന

ങ്ങൾക്കായ് ഭവനങ്ങളിലേക്കും കെ സി വൈ എം പ്രസ്ഥാനത്തിന്റെ തീക്ഷണ തയോടെ എത്തിച്ചേർന്ന യുവജന സുഹൃത്തുക്കളിലൂടെ സഭയുടെ കാരുണ്യ ത്തിന്റെ മുഖം പ്രകാശിതമായി. രാപകൽ ഇല്ലാതെയുള്ള നിങ്ങളുടെ പ്രവർത്തന ങ്ങളെ സഭ വിലമതിക്കുന്നു. റ്റി എസ് എസ് എസ് ന്റെ നേതൃത്വത്തിൽ കെ സി വൈ എം അതിരൂപത സമിതിയും ചേർന്ന് നടത്തിയ നിസ്തുലമായ പ്രവർത്തനങ്ങളെയും അഭിനന്ദിക്കുന്നു. കാസർഗോഡ്,കണ്ണൂർ,മാനന്തവാടി ജില്ലകളിലെ ക്യാമ്പുകളിലേക്ക് കടന്ന് ചെന്ന് സഹായിക്കുന്നതിനും മണ്ണിടി ച്ചിലും പ്രളയത്തിലുമായി കേടുപാടുകൾ സംഭവിച്ച ഭവനങ്ങൾ സന്ദർശിച്ച് സഹായിക്കുന്നതിനും ആശ്വസിപ്പിക്കുന്നതിനും തലശ്ശേരി അതിരൂപത കെ സി വൈ എം പ്രസ്ഥാനത്തിന് സാധിച്ചു. രാപകലില്ലാതെ കൈ മെയ്യ് മറന്ന് അദ്ധ്വാ നിച്ച യുവജന സുഹൃത്തുക്കളെയും നേതൃത്വം നൽകിയ യുവജന ശുശ്രൂഷ കരെയും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

## മാട്രിമോണിയൽ സൈറ്റ് - made2marry.com

കെ.സി.വൈ.എം. എസ്.എം.വൈ.എം. പേരാവൂർ മേഖല തലശ്ശേരി അതിരൂപതയിലെ 16 ഫൊറോനകളിലെയും മാനന്തവാടി രൂപതയിലെ ചുങ്കക്കുന്ന് ഫൊറോനയിലെ കത്തോലിക്കരായ വിവാഹാർത്ഥികൾക്കായും ഒരുക്കിയിരിക്കുന്ന മാട്രിമോണിയൽ വെബ്സൈറ്റ് made2marry.com സെപ്റ്റംബർ 1 മുതൽ പ്രവർത്തനം ആരംഭിക്കുന്നു. ഓഗസ്റ്റ് 8-ന് ചെങ്ങോം ഇടവകയിൽവച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് റൂട്ട്സ് പ്രോഗ്രാമിൽ വച്ച് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ 1 മുതൽ 10 വരെ സൗജന്യമായി 6 മാസത്തേയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. തുടർന്ന് രജിസ്റ്റർ ചെയ്യുന്നവർക്ക് 6 മാസത്തേക്ക് 400 രൂപയാണ് ഫീസ്. കുറഞ്ഞ ചെലവിൽ മികച്ച സേവനമാണ് made2marry.com ന്റെ ലക്ഷ്യം.

"മനുഷ്യർ നിങ്ങളുടെ സത്പ്രവർത്തികൾ കണ്ട് സ്വർഗ്ഗസ്ഥനായ നിങ്ങ ളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:16).

സ്നേഹപൂർവ്വം,

**ഫാ. സോണി സ്കറിയ വടശ്ശേരിൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

പ്രിയമുള്ള വൈദികരെ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ,

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

853, 854 എം.പി.സി കോഴ്സ് ജൂലൈ 23–25, ആഗസ്റ്റ് 6–8 എന്നീ തീയ്യതികളിൽ പേരാവൂർ മൗണ്ട് കാർമ്മൽ ആശ്രമം, തലശ്ശേരി സന്ദേശഭവൻ എന്നീ സ്ഥലങ്ങളിൽ വച്ച് നടക്കുകയുണ്ടായി. കോഴ്സിൽ 102 ആൺകുട്ടികളും, 116 പെൺകുട്ടികളും ഉൾപ്പെടെ 218 പേർ കോഴ്സിൽ സംബന്ധിച്ച് വിവാഹത്തിനായി ഒരുങ്ങി. അവരുടെ മാതാപിതാക്കൾക്കുവേണ്ടി നടത്തിയ ക്ലാസിൽ 85 പേർ സംബന്ധിച്ചു. ആവശ്യമുള്ളവർക്കുവേണ്ടി പ്രീ-മാരിറ്റൽ കൗൺസലിംഗ് നടത്തി വിവാഹത്തിനായി ഒരുക്കി.

**MPC - 2019**

| MONTH | SANDESABHAVAN | PADANNAKKAD | PERAVOOR |
|---|---|---|---|
| SEPTEMBER | 24 – 26 | 17 – 19 | Nil |
| OCTOBER | 15 – 17 | Nil | 29 - 31 |
| NOVEMBER | 5 – 7 | 12 – 14 | 26 - 28 |
| DECEMBER | 10 - 12 | 17-19 | Nil |

**പ്രത്യേക ശ്രദ്ധയ്ക്ക്**

• കോഴ്സ് കൂടാൻ ആഗ്രഹിക്കുന്നവർ www.familytly.com എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. എം.പി.സി യുടെ ഫീസ് 1100 രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg.Fee 600 രൂപ അടയ്ക്കേണ്ടതാണ്.

**Family Apostolate, Contact Number: 0490 2343414, Mob: 9400206974**

## Account Details :

**Name : Director Family Apostolate**
**A/c No : 0078053000073775**
**IFSC Code: SIBL0000078**

## II. അനുഗ്രഹ മാര്യേജ് ബ്യൂറോ

വിവാഹവേദിയിലേക്ക് പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന യുവതീ യുവാക്കൾക്ക് അനുയോജ്യരായ ജീവിതപങ്കാളിയെ കണ്ടെത്തുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി ബ്യൂറോ പ്രവർത്തിച്ചു വരുന്നു. താൽപര്യമുള്ളവർ താഴെ പറയുന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. **www.anugrahamarry.com** ഓൺലൈൻ രജിസ്ട്രേഷൻ അല്ലെങ്കിൽ ഓഫീസിൽ നേരിട്ടും രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

## III. മാതൃവേദി

### 1. തൂവാനീസ : - നിയോഗം

ഈ മാസത്തെ തൂവാനീസ നിയോഗത്തിൽ ജപമാലയിൽ നമുക്ക് രാഷ്ട്ര സഭാ നേതാക്കന്മാർക്കു വേണ്ടി പ്രാർത്ഥിക്കാം.

**2. യൂണിറ്റ്തല പ്രവർത്തനം** - അദ്ധ്യാപകർ, മതാദ്ധ്യാപകർ എന്നിവരെ ആദരിക്കുക.

### 3. ദിയാക്കോണിയ പ്രവർത്തനം - ആഗസ്റ്റ്, സെപ്റ്റംബർ

**ഭക്ഷ്യസ്വയം പര്യാപ്തത** - ജൈവകൃഷി ഇടവകകളിൽ നടത്തിയതിന്റെ ലിസ്റ്റ് ശേഖരിക്കുക. യൂണിറ്റ്, മേഖലാ തലത്തിൽ മീൻ വളർത്തൽ, കോഴി വളർത്തൽ, പശു വളർത്തൽ, ജൈവകൃഷി അവബോധന ക്ലാസുകൾ, ആട്, കോഴി, മുയൽ വിതരണം, പച്ചക്കറി വിത്ത് വിതരണം, കരനെല്ല്, കൂൺ കൃഷി, ടേറസ് കൃഷി പ്രോത്സാഹനം, ചക്ക മഹോത്സവം, മാലിന്യരഹിത ഭക്ഷണം, ബോധവത്ക്കരണ ക്ലാസുകൾ, മേഖല/യൂണിറ്റ് തലങ്ങളിൽ ഞായർ ചന്തയിൽ പച്ചക്കറി കൊണ്ടുവരിക.സാധിക്കുന്ന പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് നടപ്പാക്കുകയും റിപ്പോർട്ട് മേഖലയിൽ ശേഖരിച്ച് സമർപ്പിക്കുകയും ചെയ്യുക.

### 4. അതിരൂപതാ കലാ മത്സരങ്ങൾ

അതിരൂപതാ കലോത്സവം എന്ന നിലയിൽ മാതൃവേദി, മിഷൻലീഗ് സംയുക്തമായി മത്സരങ്ങൾ 2019 ഒക്ടോബർ 7 തീയ്യതികളിൽ ചെമ്പേരിയിൽ വച്ച് നടത്തുന്നതാണ്. സിംഗിൾ ഐറ്റംസ് ജൂനിയർ, സീനിയർ വിഭാഗങ്ങളായും ഗ്രൂപ്പ് ഐറ്റംസ് ജൂനിയർ, സീനിയർ വ്യത്യാസമില്ലാതെ ആയിരിക്കും നടത്തപ്പെടുക.

### മത്സര ഇനങ്ങൾ

- **പ്രസംഗം** (വിഷയങ്ങൾ : സഭ എന്റെ അമ്മയാണ്, മാതൃത്വം സേവനത്തിന്, കുടുംബം സ്വർഗ്ഗത്തിന്റെ മൂന്നാസ്വാദനം)
- **സംഗീതം** (പല്ലവിയും അനുപല്ലവിയും മാത്രം), ഭക്തിഗാനം (ക്ലാസിക്കൽ,

സെമിക്ലാസിക്കൽ ഗാനങ്ങൾ പാടില്ല)

- **മോണോ ആക്ട്** (വിഷയം ആനുകാലികം, 5 മിനിറ്റിൽ കവിയരുത്),
- **കഥാപ്രസംഗം** (വിഷയം ക്രിസ്തീയമായിരിക്കണം, സമയം 8 മിനിറ്റ് കവിയരുത്)
- **ബൈബിൾ വായന** ( വായനയ്ക്കുള്ള ഭാഗം മത്സരസമയത്ത് നൽകുന്നതാണ്. എടുക്കുക, ഭാഗം പറയുക, വായിക്കുക, ചുംബിക്കുക, ആദരവ്, അക്ഷരസ്ഫുടത, ശബ്ദം.
- **മാർഗ്ഗം കളി** (7 പേർ, 6 പേർ കളിക്കുന്നു, 1 ആൾ പാടുന്നു. സമയം വന്ദനഗാനം ഉൾപ്പെടെ 10 മിനിറ്റ്. പാട്ട്, താളം, മുദ്ര, വേഷം ഇവയെല്ലാം പരിഗണിക്കും.
- **സിംഗിൾ ഡാൻസ്** (സമയം 7 മിനിറ്റിൽ കവിയരുത്(നാടേടി നൃത്തം)
- **സംഘഗാനം** (ഒരു ഭക്തിഗാനം മാത്രം. സമയം 7 മിനിറ്റ് കവിയരുത്. 5 പേരിൽ കുറയാതെയും, 7 പേരിൽ കൂടാതെയും അംഗങ്ങൾ ഉണ്ടാകണം. (ക്ലാസിക്കൽ, സെമിക്ലാസിക്കൽ ഗാനങ്ങൾ പാടില്ല)
- **മാതൃവേദി ആന്തം** (7 പേരിൽ കൂടരുത്. കോറസ്സായിട്ടാണ് പാടേണ്ടത്, കാണാതെ പാടണം, (കൈകൾ ചുരുട്ടി പിടിക്കണമെന്നും താളമടിക്കാൻ പാടില്ല എന്ന നിബന്ധനയും ബാധകമല്ല)

## 6) അറിയിപ്പുകൾ

1) കലാമത്സരങ്ങൾ മേഖലാ തലത്തിൽ സംഘടിപ്പിച്ച് സെപ്റ്റംബർ 28 നകം വിജയികളുടെ ലിസ്റ്റ് അതിരൂപതാ ഓഫീസിൽ എത്തിക്കുവാൻ മേഖലാ സമിതി ശ്രദ്ധിക്കുക.
2) മത്സരത്തിൽ പങ്കെടുക്കുന്നവർക്ക്, യൂണിഫോം, ബാഡ്ജ്, ഫോട്ടോ പതിച്ച അംഗത്വകാർഡ് എന്നിവ ഉണ്ടായിരിക്കണം.
3) മേഖലകളിൽ ഫസ്റ്റ് കിട്ടിയവർ മാത്രമാണ് രൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
4) വികാരിയച്ചന്മാരുടെ ഒപ്പും, പള്ളിയുടെ സീലുമുള്ള മത്സരാർത്ഥികളുടെ പ്രായം തിരിച്ചുള്ള ലിസ്റ്റ് എത്തിക്കണം.
5) അതിരൂപതാ വിഹിതം കഴിഞ്ഞ വർഷത്തെ തുക തന്നെ എല്ലാ യൂണിറ്റുകളും രൂപതാ മത്സരത്തിനു മുമ്പ് നൽകേണ്ടതാണ്.
6) മാതൃവേദി 2020 കലണ്ടർ എല്ലാ ഭവനങ്ങളിലും എത്തിക്കുക. കലണ്ടറിന്റെ ഓർഡർ സെപ്റ്റംബർ 9 നകം ഓഫീസിൽ അറിയിക്കണം.
7) **മാതൃദിനം : സെപ്റ്റംബർ 8-ാം തീയതി മാതൃദിനമായി എല്ലാ യൂണിറ്റുകളിലും ആഘോഷിക്കുകയും അംഗത്വ സ്വീകരണം, കൊടിയേറ്റ്, ക്ലാസ്, സേവന പ്രവൃത്തികൾ എന്നിവ ക്രമീകരിക്കുകയും ചെയ്യുവാൻ ശ്രദ്ധിക്കുക.**

### 7) സീറോമലബാർ മാതൃവേദി അന്തർദേശീയ ജനറൽബോഡി യോഗം

അന്തർദേശീയ സീറോമലബാർ മാതൃവേദി ജനറൽബോഡി യോഗം ജൂലൈ 29,30 തീയ്യതികളിൽ സന്ദേശഭവനിൽ വച്ച് നടന്നു. പ്രസിഡണ്ട് ഡോ.റീത്താമ്മ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പ് മാർ ജോർജ്ജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ റവ. ഫാ.സെബാസ്റ്റ്യൻ ഇട്ടിയപ്പാറ, റവ.ഫാ.ഫിലിപ്പ് കവിയിൽ, റവ.ഫാ, വിൽസൺ എലുവത്തിങ്കൽ കൂനൻ, സി.പൗളിൻ സി.എച്ച്.എഫ്, സി.സാലി പോൾ, റോസ്‌ലി പോൾ തട്ടിൽ, ആൻസി ആൽബർട്ട് എന്നിവർ സംസാരിച്ചു. 2 ദിവസങ്ങളിലായി നടന്ന യോഗത്തിൽ സുശിക്ഷിത മാതൃത്വം സുരക്ഷിത തലമുറയ്ക്ക് എന്ന വിഷയത്തിൽ ക്ലാസുകൾ നടന്നു. ഫാ.ബെന്നി പുത്തൻനട, ഫാ.ജോൺസൺ അന്ത്യാംകുളം, മി.ജോബി മൂലയിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. ഗ്രൂപ്പ് ചർച്ചകൾക്ക് ഫാ.അബ്രാഹം പുതുശ്ശേരി മോഡറേറ്ററായി ഫാ.ജേക്കബ് വെണ്ണായിപ്പള്ളിൽ, ഫാ.ബിനീഷ് വേങ്ങക്കുന്നേൽ, സി.ലിയ റോസ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. സമാപന സന്ദേശം മാർ ജോർജ്ജ് വലിയമറ്റം പിതാവ് നൽകി. സമാപനദിവസം എല്ലാവരും ചേർന്ന് പിക്നിക് നടത്തി. ഇതിന്റെ സാമ്പത്തിക ചെലവുകൾക്കു വേണ്ടി എല്ലാ യൂണിറ്റുകളും സഹകരിച്ചു. പ്രത്യേകം നന്ദി.

### 8) പരി.അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാൾ-അതിരൂപതാതല ആചരണം-തളിപ്പറമ്പ് മേഖല

പരി.അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിന്റെ അതിരൂപതാതല ആചരണം തളിപ്പറമ്പ് ഫൊറോനയിലെ മേലേച്ചൊവ്വ ഇടവകയിൽ വച്ച് ആഗസ്റ്റ് 15 വ്യാഴാഴ്ച നടന്നു.

### 9)സഖറിയാസ് കൺവെൻഷൻ - പനത്തടി ഫൊറോന

ജൂലൈ 24, 25, 26 തീയ്യതികളിൽ പനത്തടി ഫൊറോനയിലെ 60 വയസ്സിനു മുകളിൽ പ്രായമായവർക്കു വേണ്ടി നടത്തിയ സഖറിയാസ് കൺവെൻഷനിൽ 250 ലധികം വയോജനങ്ങൾ പങ്കെടുത്തു.

### 10) സഖറിയാസ് കൺവെൻഷൻ - തോമാപുരം ഫൊറോന

ആഗസ്റ്റ് 20, 21, 22 തീയ്യതികളിൽ തോമാപുരം ഫൊറോനയിലെ 60 വയസ്സിനു മുകളിൽ പ്രായമായവർക്കു വേണ്ടി നടത്തിയ സഖറിയാസ് കൺവെൻഷനിൽ 550 ലധികം വയോജനങ്ങൾ പങ്കെടുത്തു.

### 11) സഖറിയാസ് കൺവെൻഷൻ - കാഞ്ഞങ്ങാട്

60 വയസ്സിനു മുകളിൽ പ്രായമുള്ള വയോജനങ്ങൾക്കുവേണ്ടി ഫാമിലി അപ്പൊസ്റ്റൊലേറ്റ് മലബാർ ക്രിസ്റ്റീൻ മിനിസ്ട്രിയോട് ചേർന്ന് നടത്തുന്ന ധ്യാനം സെപ്റ്റംബർ 16, 17, 18 തീയ്യതികളിൽ കാഞ്ഞങ്ങാട് ഫൊറോനയ്ക്കുവേണ്ടി

കാലിച്ചാനടുക്കം ഇടവകയിൽ വച്ച് നടക്കുന്നതാണ്. വയോജനങ്ങളെ കണ്ടെത്തുന്നതിനും കൺവെൻഷനിൽ പങ്കെടുപ്പിക്കുന്നതിനും മാതൃവേദി അംഗങ്ങൾ സഹകരിക്കുക.

**12) ജ്വാല - ചെറുപുഴ, കുന്നോത്ത്**

2019 പ്രവർത്തനവർഷത്തെ ജ്വാല പരിപാടി സെപ്റ്റംബർ 21-ാം തീയ്യതി ചെറുപുഴ മേഖലയ്ക്കു വേണ്ടിയും സെപ്റ്റംബർ 28-ാം തീയ്യതി കുന്നോത്ത് മേഖലയ്ക്കു വേണ്ടിയും നടത്തപ്പെടുന്നു. കൊടിയേറ്റ്, പൊതുസമ്മേളനം, ക്ലാസ്, കലാപരിപാടികൾ എന്നിവ ഉൾക്കൊള്ളുന്ന ജ്വാലയുടെ ക്രമീകരണത്തെക്കുറിച്ച് മാർഗ്ഗരേഖയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. റെക്കോർഡ്സ്, യൂണിറ്റ് രജിസ്ട്രേഷൻ ഫോം, മിനിട്ടസ് ബുക്ക്, അക്കൗണ്ട് ബുക്ക് എന്നിവ കൊണ്ടുവരേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഭാരവാഹികളും കൂടാതെ 5 മാതൃവേദി അംഗങ്ങളും പങ്കെടുക്കണം.

## IV. ഒന്നാകാൻ - മലബാർ മേഖല വിവാഹാർത്ഥികളുടെ സംഗമം

കെ.സി.ബി.സി മലബാർ മേഖല പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ വിവാഹാർത്ഥികളുടെ ഒരു സംഗമം നടത്തപ്പെടുന്നു. സംഗമം നടക്കുന്നത് 2019 സെപ്റ്റംബർ 12 -ാം തീയ്യതി കോഴിക്കോട് ചേവായൂർ പ്രസന്റേഷൻ സ്കൂൾ ഓഡിറ്റോറിയത്തിലായിരിക്കും. സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ. രജിസ്ട്രേഷൻ നടത്തിയവർ കൃത്യസമയത്ത് എത്തിച്ചേരുവാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ.

## V. ജീവോത്സവം 2019

വലിയ കുടുംബങ്ങളെ ആദരിക്കുകയും ജീവന്റെ സംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന പരിപാടിയാണ് ജീവോത്സവം. ഇതിൽ പങ്കെടുക്കാനുള്ള കുടുംബങ്ങളെ കണ്ടെത്താനും അയക്കാനും മാതൃവേദി അംഗങ്ങൾ മുൻകൈ എടുക്കുക. 2017 നു ശേഷം അവസാനത്തെ കുട്ടി ജനിച്ചതുവരെയാണ് ഈ വർഷത്തെ ജീവോത്സവത്തിനു പങ്കെടുപ്പിക്കേണ്ടത്.

**സ്ഥലം : സന്ദേശഭവൻ, തീയ്യതി : 2019 ഡിസംബർ 21**

സ്നേഹപൂർവ്വം,

**ഫാ. സെബാസ്റ്റ്യൻ ഇട്ടിയപ്പാറ**
ഡയറക്ടർ

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

കാലവർഷക്കെടുതിയുടെ ദുരിതങ്ങൾ വിട്ടൊഴിഞ്ഞു എന്നു കരുതുന്നു. പ്രളയ ദുരിത കാലത്ത് കാരുണ്യ സ്പർശവുമായി ഓടിയെത്തിയ അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, എന്നിവരെ പ്രത്യേകമായി അനുസ്മരിക്കുന്നു. ഒന്നാം പാദവർഷിക പരീക്ഷ ഓഗസ്റ്റ് 26 ന് ആരംഭിച്ചല്ലോ. പഠന മികവിന് ഒന്നാം സ്ഥാനം നൽകി കൊണ്ട് അധ്യാപകരും അനധ്യാപകരും വിദ്യാർഥികളും രക്ഷിതാക്കളും ഒത്തൊരുമയോടെ പ്രവർത്തിക്കുന്നുണ്ടെന്ന് കരുതുന്നു.

1) **അവധിക്കാലത്ത്** നടന്ന മികവ് പരീക്ഷയുടെ സമ്മാനങ്ങൾ ഓണാവധിക്ക് ശേഷം സ്കൂളുകളിൽ എത്തിക്കുന്നതാണ്.
2) **ഓണാവധിക്ക്** ശേഷം സ്കൂൾ തുറക്കുന്ന അന്നു തന്നെ പരീക്ഷ പേപ്പർ ചെക്ക് ചെയ്ത് വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്. അടുത്ത ദിവസങ്ങളിൽ തന്നെ ക്ലാസ് പി.ടി.എ വിളിച്ച് ചേർക്കേണ്ടതാണ്.
3) **പി.ടി ചാക്കോ** പ്രസംഗ മത്സരം സെപ്റ്റംബർ 9-ാം തീയതി ചെമ്പേരി, എടൂർ, വായാട്ടുപറമ്പ് എന്നീ സെന്ററുകളിൽ വെച്ച് നടത്തുന്നതാണ്.
4) **മെയിന്റനൻസ് ഗ്രാന്റ്** അപേക്ഷ ഇനിയും സമർപ്പിക്കാനുള്ളവർ എത്രയും പെട്ടെന്ന് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
5) ഹൈസ്കൂൾ വിഭാഗത്തിന്റെ പ്രോഗ്രസ് കാർഡുകൾ കോർപ്പറേറ്റ് ഓഫീസിൽ ലഭ്യമാണ്.

## അധ്യാപക സെലക്ഷൻ

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിലേക്ക് ഇംഗ്ലീഷ്, ഫിസിക്കൽ സയൻസ്, നാച്ചറൽ സയൻസ്, സോഷ്യൽ സയൻസ്, എൽ.പി.എസ്.ടി (ഡി.എഡ്) എന്നീ തസ്തികകളിലേക്ക് അധ്യാപക നിയമനത്തിന് സെലക്ഷൻ നടത്തുന്നു.

**എച്ച്.എസ്.എ (ഇംഗ്ലീഷ്, ഫിസിക്കൽ സയൻസ്, നാച്ചറൽ സയൻസ്, സോഷ്യൽ സയൻസ്,)**

**തീയതി : 12-09-2019**

HSA : English, Physical Science, Social Science, Natural Science

**സ്ഥലം : സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ, തലശ്ശേരി**

**സമയം : 11 am**

**തീയതി : 14-09-2019**

LPST, D.Ed

**സ്ഥലം : സാൻജോസ് മെട്രോപൊളിറ്റൻ സ്കൂൾ, തലശ്ശേരി**

**സമയം : 11 am**

സമർപ്പിച്ച അപേക്ഷയിൽ കൂടുതലായി എന്തെങ്കിലും രേഖകൾ ഉൾപ്പെടുത്താനുണ്ടെങ്കിൽ താഴെ പറയുന്ന ദിവസങ്ങളിൽ അവസരമുണ്ടാകും. അതിനുശേഷം അവസരം ഉണ്ടായിരിക്കുന്നതല്ല.

| | | |
|---|---|---|
| **ഫിസിക്കൽ സയൻസ്** | - | **സെപ്റ്റമ്പർ 03** |
| **ഇംഗ്ലീഷ്** | - | **സെപ്റ്റമ്പർ 04** |
| **സോഷ്യൽ സയൻസ്** | - | **സെപ്റ്റമ്പർ 05** |
| **നാച്വറൽ സയൻസ്** | | |
| **എൽ.പി.എസ്.എ** | - | **സെപ്റ്റമ്പർ 06** |

ഡിഗ്രിക്കും ബി.എഡിനും ഡി.എഡിനും പഠിച്ച മേഖലയായിരിക്കും പരീക്ഷ സിലബസ്. കൂടാതെ പൊതുവിജ്ഞാനം, മതബോധനം, സന്മാർഗ്ഗശാസ്ത്രം എന്നീ മേഖലകളിൽ നിന്നും ചോദ്യങ്ങളുണ്ടാകും. ഹൈസ്കൂളിലേക്ക് പരീക്ഷ നടത്തുന്നുവെങ്കിലും നിയമനം ആദ്യം യു.പി സ്കൂളിലേക്കായിരിക്കും.

**ഫാ. മാത്യു ശാസ്താംപടവിൽ**
കോർപ്പറേറ്റ് മാനേജർ

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

ഫോൺ: 8281750777, 8281730777
E-mail: sanjoseacademytly@gmail.com, sanjoactly@gmail.com

സാൻജോസ് അക്കാഡമിയുടെ വിവിധ പരിശീലനങ്ങൾ സജീവമായി വിവിധ സ്ഥലങ്ങളിൽ നടന്നുക്കൊണ്ടിരിക്കുന്നു. സെപ്റ്റംബർ മാസത്തെ പരിശീലനങ്ങൾ ചുവടെ ചേർക്കുന്നു.

## I. K-TET Coaching

എൽ.പി.സ്കൂൾതലം മുതൽ ഹൈസ്ക്കൂൾതലംവരെയുള്ള അദ്ധ്യാപകരാകാനുള്ള ഗവൺമെന്റ് എൻട്രൻസ് പരീക്ഷയായ K-TET അഞ്ചാം ബാച്ചിന്റെ പരിശീലനം ഓഗസ്റ്റ് മാസം 18-ാം തിയ്യതി ഞായറാഴ്ച മുതൽ ഇരിട്ടി സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിലും തളിപ്പറമ്പ് സെന്റ് മേരീസ് ചർച്ച് ഓഡിറ്റോറിയത്തിൽ 25- ാം തിയ്യതി മുതലും ആരംഭിച്ചു. കണ്ണൂർ ജില്ലയിലെ മികച്ച പരിശീലനകേന്ദ്രമായിതന്നെ സാൻജോസ് അക്കാഡമി മാറിയിട്ടുണ്ട്. ഈ ബാച്ചിൽ പ്രവേശനം ആഗ്രഹിക്കുന്നവർക്ക് 8281750777, 8281730777 എന്നീ നമ്പറുകളിൽ വിളിച്ച് സീറ്റ് ബുക്ക് ചെയ്യാവുന്നതാണ്.

## II. Bridge +1, +2

എൻട്രൻസ് പരീക്ഷകൾക്ക് ഒരുക്കമായി രണ്ടുവർഷം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പുകൾ ഇരിട്ടി സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിൽവച്ചു നടന്നുകൊണ്ടിരിക്കുന്നു. പ്രധാന അവധിദിവസങ്ങളിലും ശനിയാഴ്ച ദിവസങ്ങളിലും ഞായറാഴ്ചകളിൽ ഉച്ചകഴിഞ്ഞുമാണ് ക്ലാസ്സുകൾ നടത്തപ്പെടുക.

## III. PSC Coaching

കേന്ദ്ര- സംസ്ഥാന ഗവൺമെന്റ് മേഖലകളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള കവാടമാണല്ലോ P.S.C, U.P.S.C. പരീക്ഷകൾ. ലളിതവും എന്നാൽ നല്ല ഒരുക്കവും പരിശീലനവും ആവശ്യമായ പരീക്ഷാഘടനയാണ് ഇതിനുള്ളത്. നമ്മുടെ അതിരൂപതയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന ഈ പരിശീലന പദ്ധതി കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. പുതിയ ബാച്ച് ജൂലൈ മാസത്തിൽ പൈസക്കരി ദേവമാതാ കോളേജ്, ആരംഭിച്ചിട്ടുണ്ട്. അഡ്മിഷൻ ആവശ്യമുള്ളവർ കോളേജ് ഓഫീസിലോ, 8281 750 777, 8281 730 777 എന്നീ നമ്പരുകളിലോ ബന്ധപ്പെടേണ്ടതാണ്.

## IV. NET Exam Crash Coaching

കോളേജ് അധ്യാപകരാകാനും റിസേർച്ച് ഫെലോസ് ആകാനുമുള്ള യോഗ്യതാ പരീക്ഷയായ യു.ജി.സി. നെറ്റ് പരീക്ഷയ്ക്ക് വേണ്ടിയുള്ള പരിശീ

ലനം സെപ്റ്റംബർ മാസം 1–ാം തിയ്യതി ഞായറാഴ്ച മുതൽ ഇരിട്ടി സെന്റ് ജോസഫ്സ് ഓഡിറ്റോറിയത്തിൽവച്ച് ആരംഭിച്ചു. ഡിസംബർ മാസത്തിൽ 2 മുതൽ 6 വരെ തിയ്യതികളിലാണ് അടുത്ത NET പരീക്ഷ നടക്കുന്നത്. സെപ്റ്റംബർ 9 മുതൽ ഒക്ടോബർ 9 വരെയാണ് അപേക്ഷാ സമർപ്പണ തിയ്യതി. ഞായറാഴ്ചകളിലാണ് സാൻജോസ് അക്കാഡമിയുടെ പരിശീലന ക്ലാസ്സുകൾ നടക്കുന്നത്. വിവിധ യൂണിവേഴ്സിറ്റികളിലെ പ്രഗല്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നതായിരിക്കും. പി.ജി. രണ്ടാം വർഷം പഠിച്ചുകൊണ്ടിരിക്കുന്നവർക്കും പൂർത്തിയാക്കിയവർക്കും പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. താൽപ്പര്യമുള്ളവർ സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുക.

## V. IELTS പരിശീലനം

ഇംഗ്ലീഷ് ഭാഷ ലോക ഭാഷയായി മാറിയ ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികൾക്ക് വിവിധ കോഴ്സുകളിൽ അഡ്മിഷൻ നേടുവാനും വിജയിക്കുവാനും വിവിധ രാജ്യങ്ങളിൽ പഠനത്തിനും ജോലിക്കും IELTS, OET തുടങ്ങിയ സർട്ടിഫിക്കറ്റുകൾ അത്യന്താപേഷിതമാണ്. നമ്മുടെ കുട്ടികൾക്ക് നല്ല പരിശീലനം നൽകി വിജയികളാക്കുവാൻ സാൻജോസ് അക്കാഡമിയുടെ നേതൃത്വത്തിൽ തലശ്ശേരി മാതാ സെന്റർ കേന്ദ്രീകരിച്ച് IELTS പരിശീലനം ആരംഭിച്ചിരിക്കുന്നു. കോഴ്സ് ഫീസ് രണ്ട് മാസത്തേക്ക് 12000 രൂപയും + ഹോസ്റ്റൽ ഫീസും ഒരു മാസത്തേക്ക് 8000 രൂപയും ഹോസ്റ്റൽ ഫീസുമാണ് നിശ്ചയിച്ചിരിക്കുന്നത്. വിജയികൾക്ക് U Kയിൽ നേഴ്സിംഗ് സംബന്ധമായ ജോലികൾക്ക് പ്രത്യേക സഹായസഹകരണങ്ങൾ സൗജന്യമായി സാൻജോസ് അക്കാഡമി നൽകുന്നതാണ്. ഏത് ദിവസവും വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. അഡ്മിഷൻ ആവശ്യമുള്ളവർ 8281 750 777, 8281 730 777 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.കേരളത്തിലെ പ്രമുഖ അദ്ധ്യാപകർ കോഴ്സുകൾക്ക് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നു.

IELTS അക്കാഡമിയിലേക്ക് ഇംഗ്ലീഷിൽ ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അധ്യാപകരെ ആവശ്യമുണ്ട്. ഉദ്യോഗാർത്ഥികൾക്ക് 8281 750 777, 8281 730 777 എന്നീ നമ്പറുകളിൽ വിളിച്ച് ബന്ധപ്പെടാവുന്നതാണ്.

## VI. ജോലി ഒഴിവ്

തൊഴിലവസരങ്ങളെപ്പറ്റിയുള്ള അറിയിപ്പുകൾ ഇനി മുതൽ വാട്സ് ആപ്പ് മെസേജുകളായി നമ്മുടെ ബഹു. അച്ചൻമാരുടെ ഗ്രൂപ്പുകളിൽ അയച്ചുതരുന്നതാണ്. ഈ മെസേജുകൾ ഇടവക ഗ്രൂപ്പുകളിൽ ഫോർവേഡ് ചെയ്താൽ ഉപകാരമായിരുന്നു. വിവിധ സ്ഥാപനങ്ങളും കമ്പനികളും അവരുടെ വിവിധ കേന്ദ്രങ്ങളിൽ വരുന്ന ഒഴിവുകൾ സാൻജോസ് അക്കാഡമിയിൽ അറിയിക്കാറുണ്ട്. നമ്മുടെ ഇടവകകളിൽപ്പെടുന്ന അഭ്യസ്ഥവിദ്യരായ ആളുകൾക്ക് സാൻജോസ് അക്കാഡമിയുമായി ബന്ധപ്പെടുകയാണെങ്കിൽ ഇത്തരം ജോലി ഒഴിവുകളെ സംബന്ധിച്ചുള്ള അറിവുകൾ കൈമാറുന്നതാണ്.

## VII. വിജയവീഥി ഉപരിപഠന വഴികാട്ടി

സാൻജോസ് അക്കാഡമിയുടെ ആഭിമുഖ്യത്തിൽ പത്താം ക്ലാസ്സ്, പ്ലസ് ടു പഠിക്കുന്ന കുട്ടികൾക്ക് പഠനശേഷം തെരെഞ്ഞെടുക്കാവുന്ന വിവിധ കോഴ്സുകളെസംബന്ധിച്ചും പരീക്ഷകളെസംബന്ധിച്ചും വിശദമായി പ്രതിപാദിക്കുന്ന 'വിജയവീഥി ഉപരിപഠന വഴികാട്ടി' എന്ന പുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ കാലയളവിൽ വിവിധ പരീക്ഷകൾ എഴുതി പുതിയ കോഴ്സുകൾക്കുവേണ്ടി കാത്തിരിക്കുന്നവർക്ക് ഇത് ഒരു നല്ല വഴികാട്ടിയായ പുസ്തകമായിരിക്കും. എല്ലാ ഹൈസ്കൂളുകളിലെയും ഹയർസെക്കണ്ടറിയിലെയും കുട്ടികൾക്ക് ഇത് ഉപകാരപ്രദമാവട്ടെ എന്ന് ആശംസിക്കുന്നു. പുസ്തക വില 100 രൂപ . കൂടുതൽ കോപ്പികളെടുക്കുന്നവർക്ക് പ്രത്യേക ഡിസ്കൗണ്ട് നൽകുന്നതാണ്.

## VIII. സെമിനാറുകൾ - ക്ലാസ്സുകൾ

28/07/2019 ന് അൽഫോൻസഗിരി ഇടവകയിൽ ബഹു.പയസ് പടിഞ്ഞാറെമുറിയിൽ അച്ചൻ ഞായറാഴ്ച വി.കുർബ്ബാന അർപ്പിക്കുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

02/08/ 2019 ന് പൈസക്കരി ദേവമാതകോളേജിൽ പിഎസ് സി ക്ലാസ്സുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഓറിയന്റേഷൻ ക്ലാസ്സുകൾ നടത്തപ്പെട്ടു. ശ്രീ. സാബു ചെല്ലംകോട്ട് സാർ ക്ലാസ്സുകൾ നയിച്ചു. ബഹു. ഡയറക്ടർ അച്ചൻ സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

04/08/2019 ന് കാഞ്ഞിരടുക്കം ഇടവകയിൽ ബഹു. ഡയറക്ടറച്ചൻ സൺഡേ സ്ക്കൂൾ കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും ക്ലാസ്സുകൾ നൽകുകയും സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുകയും ചെയ്തു.

### ഹൃദയപൂർവ്വം

സാൻജോസ് അക്കാഡമിയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായ സഹകരണങ്ങൾ നല്കിയ ഏവരെയും നന്ദിയോടെ ഓർക്കുന്നു. തുടർന്നും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും പ്രതീക്ഷിച്ചുകൊണ്ട് .....

**ഫാ. പയസ് പടിഞ്ഞാറെമുറിയിൽ**
ഡയറക്ടർ

# ഇൻഫാം വാർത്തകൾ

കേരളം വീണ്ടുമൊരു പ്രളയ ദുരന്തത്തേക്കൂടി നേരിട്ടു. മുൻവർഷങ്ങളിൽ നിന്ന് വിഭിന്നമായി മലയോരമേഖലയിലാണ് പ്രളയം ദുരന്തമായി മാറിയത്. കോടിക്കണക്കിന് രൂപയുടെ കൃഷിനാശത്തിന് പുറമെ കൃഷിഭൂമിയും കിടപ്പാടവും കൂടി വൻ നഷ്ടമാണുണ്ടാക്കിയിട്ടുള്ളത്. കടക്കെണിയും വിലത്തകർച്ചയും നേരിടാനാവാതെ കർഷകർ കടുത്ത പ്രതിസന്ധിയെ നേരിടുമ്പോഴും കർഷകന്റെ മുൻപിൽ മുതലകണ്ണീരുമായി രാഷ്ട്രീയ മുതലെടുപ്പിന്റെ അവസാരവാദ നിലപാടാണ് ഭരണകർത്താക്കളുടെ ഭാഗത്ത് നിന്നുണ്ടാകുന്നത്.

പ്രകൃതിക്ക് കോട്ടം തട്ടുന്ന വിധത്തിലുള്ള വൻകിട വ്യവസായികളെ താലോലിക്കുകയും കർഷകന്റെ മേൽ കുറ്റമാരോപിക്കുകയും ചെയ്യുന്ന ദുരവസ്ഥയാണ് ഇന്നുള്ളത്. എന്തുകൊണ്ട് കർഷകന്റെ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടുന്നില്ല. കർഷകർക്ക് സഹായകമായ അടിസ്ഥാന നടപടികൾ സ്വീകരിക്കുന്നില്ല. കർഷർക്ക് മാനുഷിക പരിഗണനപോലും ഭരണകർത്താക്കളിൽ നിന്നുണ്ടാകുന്നില്ല. ഇത്തരം ചോദ്യങ്ങൾ സമൂഹത്തിൽ ചർച്ചചെയ്യപ്പെടണം. അതിനായി കർഷക സമൂഹം ഒറ്റക്കെട്ടായി മുന്നേറണം.

## ഇൻഫാം ദേശീയ ജനറൽ ബോഡി

2-7-19ന് കാഞ്ഞിരപ്പള്ളി ബിഷപ്പ് ഹൗസിൽ ഇൻഫാം ദേശീയ ജനറൽ ബോഡി യോഗം ചേർന്നു. ദേശീയ ചെയർമാൻ ഫാ. ജോസഫ് ഒറ്റപ്ലാക്കൽ അദ്ധ്യക്ഷത വഹിച്ചു. യോഗം മാർ മാത്യു അറയ്ക്കൽ പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. റവ. ഫാ. ആന്റണി കൊഴുവനാൽ, ഫാ. ജോസഫ് കാവനാടി, ഷെവ വി.സി. സെബാസ്റ്റ്യൻ ശ്രീ. നേരാസ് എടപ്പാടി എന്നിവർ പ്രസംഗിച്ചു. ഇൻഫാം മേഖലാ ജില്ലാ സംസ്ഥാന സമ്മേളനങ്ങൾ നടത്താൻ തീരുമാനിച്ചു.

## ഇൻഫാം കണ്ണൂർ ജില്ലാ കമ്മറ്റി

16-7-19ന് ശ്രീകണ്ഠാപുരം പാരീഷ് ഹാളിൽ ഇൻഫാം കണ്ണൂർ ജില്ലാ ജനറൽ ബോഡി യോഗം ചേർന്നു. പ്രസിഡന്റ് സ്ക്കറിയ നെല്ലംകുഴി അദ്ധ്യക്ഷത വഹിച്ചു. ഇൻഫാം അതിരൂപതാ ഡയറക്ടർ ഫാ. ജോസഫ് കാവനടി ഉദ്ഘാടനം നിർവ്വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ സണ്ണി തുണ്ടത്തിൽ, ജോസ് തോണിക്കൽ, ഷാജി തെക്കേക്കര, ഉണ്ണികൃഷ്ണൻ ചുഴലി, ലാലിച്ചൻ കുഴിയാത്ത് എന്നിവർ പ്രസംഗിച്ചു. തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന കർഷക മാർച്ച് വിജയിപ്പിക്കുന്നതിനായി പ്രവർത്തകർ സജീവമായി പ്രവർത്തിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.

**ഫാ. ജോസഫ് കാവനാടി**

ഡയറക്ടർ

# എ.കെ.സി.സി.

*പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിതിരുനാളിന്റെയും*
*തിരുവോണത്തിന്റെയും ആശംസകൾ!*

## അതിരൂപത ഭാരവാഹികളുടെ യോഗം

കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപതാ ഭാരവാഹികളുടെ യോഗം ആഗസ്റ്റ് 12ന് സന്ദേശഭവനിൽ നടന്നു. തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടത്തുന്ന ഉത്തരമലബാർ കർഷക പ്രക്ഷോഭത്തിന് പിന്തുണപ്രഖ്യാപിച്ചു. മുഴുവൻ കത്തോലിക്കാ കോൺഗ്രസ് നേതാക്കന്മാരും പ്രവർത്തകരും സജീവമായി പ്രക്ഷോഭപരിപാടികളിൽ പങ്കെടുക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകരിക്കുന്ന മുഴുവൻ ആളുകളെയും യോഗം അഭിനന്ദിച്ചു. കനത്തമഴയിലും വെള്ളപ്പൊക്കത്തിലും ദുരിതമനുഭവിക്കുന്ന വർക്ക് സഹായമെത്തിക്കാൻ അതിരൂപതയും ഇടവകകളും നടത്തുന്ന പ്രവർത്തനങ്ങളുമായി സഹകരിക്കണമെന്ന് യോഗം നിർദ്ദേശിച്ചു. അതിരൂപത പ്രസിഡന്റ് ദേവസ്യ കൊങ്ങോല അധ്യക്ഷം വഹിച്ചു.

## ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി

കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വർക്കിംഗ് കമ്മിറ്റി ആഗസ്റ്റ് 18ന് എറണാകുളം പി.ഒ.സി.യിൽ ചേർന്നു. അഡ്വ. ടോണി പുഞ്ചക്കുന്നേൽ, ജോണി തോമസ് വടക്കേക്കര എന്നിവർ പങ്കെടുത്തു.

## കത്തോലിക്കാ കോൺഗ്രസ് ആഗോളസമ്മേളനം - ദുബായ്

കത്തോലിക്കാകോൺഗ്രസിന്റെ അന്തർദദേശീയ സമ്മേളനം ഇന്ത്യക്ക് പുറത്തുള്ള ഒരു രാജ്യത്ത്, അതിന്റെ ചരിത്രത്തിൽ ആദ്യമായി നടക്കുകയാണ്. 2019 സെപ്തംബർ 30, ഒക്ടോബർ1, തീയതികളിൽ ദുബായിൽവെച്ച് നടന്ന സമ്മേളനത്തിൽ 20ൽപരം രാജ്യങ്ങളിൽ നിന്നായി 150 പ്രതിനിധികൾ പങ്കെടുക്കുന്നതാണ്. സീറോ മലബാർ സംഭാംഗങ്ങളു മായി ബന്ധപ്പെട്ട ദേശീയവും അന്തർദേശീയവുമായ വിഷയങ്ങൾ ചർച്ചചെയ്യുന്നതോടൊപ്പം സഭാംഗങ്ങളുടെ സാഹോദര്യവും സഹവർത്തി ത്വവും ഊട്ടിയുറപ്പിക്കുന്നതിനും കാലത്തിന്റെ സ്വരങ്ങൾ തിരിച്ചറിഞ്ഞ് ഒരു ചാലകശക്തിയായി കത്തോലിക്കാ കോൺഗ്രസിനെ വളർത്തികൊണ്ടു വരിക എന്നതാണ് 2 ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന്. കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ സ്വപ്ന പദ്ധതിയായ farmer producers company യുടെ ഔപചാരിക പ്രഖ്യാപനം സീറോമലബാർ മേജർ ആർച്ച്ബിഷപ്പ് കാർഡിനൽ മാർ ജോർജ് ആലഞ്ചേരി മറ്റ് ബിഷപ്പുമാരുടെ സാന്നിദ്ധ്യത്തിൽ നടക്കും. ലോകത്തിന്റെ ഏത് ഭാഗത്തും ഉല്പാദിപ്പിക്കപ്പെടുന്ന കാർഷിക

ഭക്ഷ്യവിളകൾ വളരെ സ്വതന്ത്രമായും ലാഭകരമായും വിനിമയം നചെയ്യുന്ന തിനുള്ള സാഹചര്യം ഒരുക്കുക എന്നതാണ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലക്ഷ്യം വയ്ക്കുന്നത്. വിഷൻ 2015 ലക്ഷ്യം വെച്ചുകൊണ്ടുള്ള ചർച്ചകളും റിപ്പോർട്ടിംഗും വരുംകാലങ്ങളിൽ കത്തോലിക്കാ കോൺഗ്രസ് വിവിധ മേഖലകളിൽ വ്യാപരിക്കുന്നതെങ്ങനെയെന്ന സൂചന നല്കും. സീറോ മലബാർ സഭാംഗങ്ങളുടെ ആധ്യാത്മികവും ഭൗതികവുമായ വളർച്ചക്കുതകുന്ന വിവിധ പ്രവർത്തനപദ്ധതികൾക്ക് ഊടും പാവും നല്കുവാൻ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ മീറ്റ് 2019 കൊണ്ട് സാധ്യമാകും എന്ന ആത്മവിശ്വാസമാണ് സംഘാടകർക്കുള്ളത്.

കത്തോലിക്കാ കോൺഗ്രസ് അതിരൂപത എക്സിക്യൂട്ടീവ് കമ്മിറ്റിയോഗം സെപ്തംബർ 16ന് തിങ്കളാഴ്ച രാവിലെ 10.30ന് സന്ദേശ ഭവനിൽ ചേരുന്നതാണ്. പരസ്പരസഹായനിധിയുടെ സെപ്തംബർ മാസത്തെ ജനറൽ ബോഡിയോഗം അന്നേദിവസം 12.30ന് ചേരുന്നതാണ്.

അതിരൂപത കർഷക പ്രക്ഷോഭപരിപാടികൾ വിജയിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ചർച്ചകളും നടത്തി അറിയിക്കണമെന്നും പരിപാടികൾ വിജയിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു. പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യവും സഹകരണവും ഉണ്ടാകണ മെന്നും താല്പര്യപ്പെടുന്നു.

സ്നേഹപൂർവ്വം,

**ദേവസ്യ കൊങ്ങോല**
അതിരൂപതാപ്രസിഡന്റ്

**ഫാ. മാത്യു ആശാരിപറമ്പിൽ**
ഡയറക്ടർ

# വിമൽ ജ്യോതി വാർത്തകൾ

**ചെമ്പേരി വിമൽജ്യോതിയിൽനിന്നും സ്നേഹാശംസകൾ!**

ഈ വർഷത്തെ അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയായിരിക്കുന്നു. മുൻവർഷത്തെ അപേക്ഷിച്ച് മെച്ചപ്പെട്ട അഡ്മിഷൻ നമുക്ക് ലഭിച്ചു. ഇക്കാര്യത്തിൽ സഹകരിച്ച എല്ലാവരോടും നന്ദി പറയുന്നു. തുടർന്നും നല്ല സഹകരണം ഉണ്ടാകണമെ എന്ന് അഭ്യർത്ഥിക്കുന്നു.

## ബിരുദദാന ചടങ്ങ് 2019

ചെമ്പേരി വിമൽ ജ്യോതിയിൽ എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ആദ്യബാച്ചിന്റെ ബിദുദദാനചടങ്ങ് 23.07.2019ന് നടത്തി. വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജിലെ 2015-19 ബാച്ചിലെ ബി.ടെക് ബിരുദധാരികളുടെയും, 2017-19 ബാച്ചിലെ എം.ടെക് ബിരുദധാരികളുടെയും ബിരുദദാനചടങ്ങ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ ഡയറക്ടർ ഡോ. ശിവജി ചക്രവർത്തി ഉദ്ഘാടനം ചെയ്തു. വിമൽ ജ്യോതി സ്ഥാപനങ്ങളുടെ ചെയർമാൻ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പ്രിൻസിപ്പാൾ ഡോ.ബെന്നി ജോസഫ് സ്വാഗതം ആശംസിച്ചു. കോളേജ് മാനേജർ റവ. ഫാ. ജയിംസ് ചെല്ലംകോട്ട് ആശംസകൾ നേർന്നു. ബർസാർ റവ.ഫാ. ജോർജ് ആശാരികുന്നേൽ ബിരുദധാരികൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

## ജ്യോതിർഗമയ & മെറിറ്റ് ഡേ 2019

2019 അദ്ധ്യയനവർഷത്തെ പ്രവേശനോത്സവം ജ്യോതിർഗമയയും, മെറിറ്റ് ഡേയും ജൂലൈ 24 ബുധനാഴ്ച്ച കോളേജ് ഓഡിറ്റോറിയത്തിൽ സംയുക്തമായി ആഘോഷിച്ചു. വിമൽ ജ്യോതി സ്ഥാപനങ്ങളുടെ സ്ഥാപക ചെയർമാൻ മോൺ. മാത്യു എം ചാലിൽ മുഖ്യാതിഥി ആയിരുന്നു. ചെമ്പേരി ഫൊറോന വികാരി റവ. ഡോ.ജോർജ് കാഞ്ഞിരക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ വിമൽ ജ്യോതി സ്ഥാപനങ്ങളുടെ മാനേജർ വെരി.റവ.ഫാ. ജെയിംസ് ചെല്ലംകോട്ട് സ്വാഗതം ആശംസിച്ചു. പ്രിൻസിപ്പാൾ ഡോ.ബെന്നി ജോസഫ് ആമുഖഭാഷണം നടത്തി. ബർസാർ റവ.ഫാ.ജോർജ് ആശാരികുന്നേൽ നവാഗതർക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

കോളേജിന്റെ അദ്ധ്യാപക രക്ഷാകർത്തൃസമിതി പ്രതിനിധി ശ്രീ മധുസൂധനൻ, സ്റ്റുഡന്റ് ചെയർമാൻ മിസ്റ്റർ ആദർശ് മോഹനൻ എന്നിവർ ആശംസകൾ നേർന്നു. പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ. ജോമി ജോസ് ചാലിൽ ഏവർക്കും നന്ദി രേഖപ്പെടുത്തി.

## പ്ലേസ്മെന്റ് വാർത്തകൾ

വിമൽ ജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികൾക്കായി ജൂൺ മാസം 24-ാം തീയതി മുതൽ 28-ാം തീയതി വരെ 5 ദിവസത്തെ തീവ്ര പരിശീലന പരിപാടി സംഘടിപ്പിച്ചു.

ETUWA Concepts എന്ന ഐ.ടി സ്റ്റാർട്ട് അപ്പ് കമ്പനി സംഘടിപ്പിച്ച ക്യാമ്പസ് റിക്രൂട്ട്മെന്റിൽ കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിലെ 3 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു.

Delhi Public School, Kollam വും, My School, Calicut ഉം, വിമൽ ജ്യോതിയിലെ ഇൻസ്ട്രുമെന്റേഷൻ ഡിപ്പാർട്ട്മെന്റിലെ 2 വിദ്യാർത്ഥികളെ റോബോട്ടിക് ട്രെയിനേഴ്സ് ആയി തിരഞ്ഞെടുത്തു.

C-Electric Automotives Drives Pvt. Ltd. സംഘടിപ്പിച്ച ഓഫ് ക്യാമ്പസ് റിക്രൂട്ട്മെന്റിൽ ഇലക്ട്രിക്കൽ ഡിപ്പാർട്ട്മെന്റിലെ 1 വിദ്യാർത്ഥിക്ക് ജോലി ലഭിച്ചു.

വിമൽ ജ്യോതിയിലെ അവസാനവർഷ വിദ്യാർത്ഥികളെ ക്യാമ്പസ് റിക്രൂട്ട്മെന്റിനായി ഒരുക്കുന്നതിനുവേണ്ടി പ്രശസ്ത ട്രെയിനിംഗ് കമ്പനിയായ SIXPHRASE ന്റെ ആഭിമുഖ്യത്തിൽ ദ്വിദിന ട്രെയിനിംഗ് പ്രോഗ്രാം ജൂലൈ 11 & 26 തീയതികളിൽ സംഘടിപ്പിച്ചു.

പ്രമുഖ ഐ.ടി കമ്പനിയായ TATA CONSULTANCY SERVICES (TCS) സംഘടിപ്പിച്ച NATIONAL QUALIFIER TEST (NQT-2020) ൽ വിമൽ ജ്യോതിയിൽ നിന്ന് 100-ലധികം കുട്ടികൾ പങ്കെടുത്തു.

ഉത്തരമലബാറിലെ 5 പ്രമുഖ എൻജിനീയറിംഗ് കോളേജുകളെ സംഘടിപ്പിച്ചുകൊണ്ട് ഇന്ത്യൻ നേവി വിമൽ ജ്യോതിയിൽവച്ച് ആഗസ്റ്റ് 22-ാം തീയതി POOL CAMPUS RECRUITMENT നടത്തുന്നു. 2020 ജൂൺ മാസത്തിൽ ഏഴിമല നേവൽ അക്കാദമിയിൽ ആരംഭിക്കുന്ന പരിശീലന പരിപാടിയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള ക്യാമ്പസ് റിക്രൂട്ട്മെന്റാണിത്.

പ്രശസ്ത ഐ.ടി കമ്പനിയായ UST GLOBAL, ആഗസ്റ്റ് മാസം 2019 ബാച്ചിലെ എൻജിനിയർമാർക്കുവേണ്ടി സംഘടിപ്പിക്കുന്ന ഓഫ് ക്യാമ്പസ് റിക്രൂട്ട്മെന്റിൽ വിമൽ ജ്യോതിയിലെ 14 കുട്ടികളെ ഷോർട്ട്ലിസ്റ്റ് ചെയ്തു.

**ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗിൽ ക്രാഷ് കോഴ്സ്** ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ അസാപ്പ്, കേരള ഗവൺമെന്റിന്റെ സ്കിൽ കോഴ്സായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ് കോഴ്സിലെ ആദ്യ ബാച്ച് കുട്ടികൾക്ക് 2 ആഴ്ച്ചക്കാലം നീണ്ടുനിന്ന ക്രാഷ് കോഴ്സ് നടത്തി.

## 35 പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചു

ചെമ്പേരി വിമൽ ജ്യോതിയിൽ സിവിൽ എൻജിനീയറിംഗ് ഡിപ്പാർട്ട്

മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ദേശീയ സെമിനാറിൽ നൂതന നിർമ്മാണ സാധ്യതകളെക്കുറിച്ച് അവതരിപ്പിച്ച പ്രബന്ധങ്ങളിൽനിന്ന് തിരഞ്ഞെടുത്ത 35 പ്രബന്ധങ്ങൾ International Journal of Applied Engineering Research (Vol.14,No.12-2019) പ്രസിദ്ധീകരിച്ചു. Research India Publications ആണ് പ്രസിദ്ധീകരണ ചുമതല നിർവ്വഹിച്ചത്.

## വിമൽ ജ്യോതി എം.ബി.എ കോളേജിൽ പ്രവേശനോത്സവം

ചെമ്പേരി വിമൽ ജ്യോതി എം.ബി.എ ഒന്നാംവർഷ വിദ്യാർത്ഥികളുടെ പ്രവേശനോത്സവം ജ്യോതിർഗമയ 2019 തലശ്ശേരി അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. മാനേജർ ഫാ.ജെയിംസ് ചെല്ലംകോട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നോർത്ത് മലബാർ ചേംബർ ഓഫ് കൊമേഴ്സ് പ്രസിഡന്റ് ശ്രീ. വിനോദ് നാരായണൻ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ.തോമസ് മൈക്കിൾ, ബർസാർ റവ.ഫാ. ജോർജ് ആശാരികുന്നേൽ, ഫാ.സുബിൻ റാത്തപ്പിള്ളിൽ എന്നിവർ സംസാരിച്ചു. കോർഡിനേറ്റർ പ്രൊഫ.ഡോണ ജെയിംസ് നന്ദി പറഞ്ഞു.

## വിമൽ ജ്യോതി എം.ബി.എ കോളേജിൽ ബിരുദദാന ചടങ്ങ്

ചെമ്പേരി വിമൽ ജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ നിന്ന് 2017–19 വർഷത്തിൽ ബിരുദപഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ്, ബാംഗ്ലൂർ റസ്റ്റിക്വെൻജേഴ്സ് സ്ഥാപകൻ ഡോ.ഹേമന്ത് സോറംങ്ങ് ഉദ്ഘാടനം ചെയ്തു. തലശ്ശേരി അതിരൂപതാ ചാൻസലർ റവ.ഡോ.തോമസ് തെങ്ങുംപള്ളിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മാനേജർ റവ. ഫാ.ജെയിംസ് ചെല്ലംകോട്ട്, പ്രിൻസിപ്പാൾ ഡോ.തോമസ് മൈക്കിൾ, ബർസാർ റവ.ഫാ.ജോർജ് ആശാരികുന്നേൽ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ റവ.ഫാ. സുബിൻ റാത്തപ്പിള്ളിൽ എന്നിവർ സംസാരിച്ചു. പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ.പ്രസാദ് തോമസ് നന്ദി പറഞ്ഞു.

## വിമൽ ജ്യോതി സിവിൽ സർവ്വീസ് അക്കാഡമി – സിവിൽ സർവ്വീസ്, UPSC, PSC പരീക്ഷാപരിശീലനം

ഇന്ത്യയിലെ പ്രശസ്ത സിവിൽ സർവ്വീസ് പരിശീലനസ്ഥാപനമായ ALS - IAS ന്യൂഡൽഹിയുടെ വിമൽ ജ്യോതി എൻജിനീയറിംഗ് കോളേജ് സെന്ററിൽ IAS, UPSC, PSC പരീക്ഷകൾക്കുള്ള പുതിയ ബാച്ച് ആഗസ്റ്റ് 20ന് ആരംഭിക്കുന്നു. ഡിഗ്രി യോഗ്യതയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. സ്റ്റഡി മെറ്റീരിയൽസ്, ടെസ്റ്റ് സീരീസ് എന്നിവയെല്ലാം പാക്കേജിൽ ഉൾപ്പെടുന്നു. ആദ്യദിവസങ്ങളിലെ ഓറിയന്റേഷൻ ക്ലാസ്സുകളിൽ താല്പര്യമുള്ളവർക്ക് സൗജന്യമായി പങ്കെടുക്കാം. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് : 9946789490

സ്നേഹാശംസകളോടെ,

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
മാനേജർ

# നിർമ്മലഗിരി വാർത്തകൾ

## 1. മികവ് 2019

എൻ.ഐ.ആർ.എഫ്. ദേശീയ റാങ്കിംഗിൽ നിർമലഗിരി കോളേജ് 93-ാം സ്ഥാനം നേടിയ പശ്ചാത്തലത്തിൽ മികവ് പ്രോഗ്രാം സംഘടിപ്പിച്ചു. വ്യവസായ വകുപ്പ് മന്ത്രി ശ്രീ.ഇ.പി.ജയരാജൻ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. ദേശീയ റാങ്കിംഗിന്റെ കാര്യത്തിൽ കണ്ണൂർ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഒന്നാം സ്ഥാനത്തെത്തിയത് അസൂയാവഹമായ നേട്ടമാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. കോളേജിലെ മാർ വള്ളോപ്പിള്ളി ഹാളിൽ നടന്ന പരിപാടിയിൽ തലശ്ശേരി അതിരൂപതാ ആർച്ച് ബിഷപ്പും കോളേജ് രക്ഷാധികാരിയുമായ മാർ ജോർജ് ഞറളക്കാട്ട് അധ്യക്ഷത വഹിച്ചു.

## 2. ഓറിയന്റേഷൻ പ്രോഗ്രാമുകൾ

കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം കോളേജ് മാനേജർ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്യുകയും ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾക്കായുള്ള ലൈബ്രറി ഓറിയന്റേഷൻ പ്രോഗ്രാം, കോളേജ് ലൈബ്രറിയിൽ വച്ച് റവ.ഫാ.അനീഷ് ചെല്ലങ്കോട്ടിന്റെ നേതൃത്വത്തിൽ നടന്നു.

ഹിസ്റ്ററി വിദ്യാർത്ഥികൾക്കായുള്ള GOOGLE CLASS ROOM' നെ കുറിച്ചുള്ള ഓറിയന്റേഷൻ പ്രോഗ്രാമിൽ ഇക്കണോമിക്സ് വിഭാഗത്തിലെ അസി. പ്രൊഫസർ ശ്രീ.മനു കെ.എം. നേതൃത്വം നൽകി.

## 3. FIELD VISIT

ഹിസ്റ്ററി ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ മൂന്നാം വർഷ ഹിസ്റ്ററി വിദ്യാർത്ഥികൾ മട്ടന്നൂരിൽ ഉള്ള പഴശ്ശി മെമ്മോറിയൽ സന്ദർശിച്ചു.

## 4. PRE PLACEMENT TRAINING PROGRAME

കരിയർ ഗൈഡൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ കൊമേഴ്സ്, ഇക്കണോമിക്സ് വിദ്യാർത്ഥികൾക്കായി Pre Placement Training Program സംഘടിപ്പിച്ചു. Happy Valley Business School- se HR Manager ശ്രീ. എ.സമ്പത്ത് ആണ് പ്രോഗ്രാമിന് നേതൃത്വം നൽകിയത്. പ്രോഗ്രാമിൽ 75 വിദ്യാർത്ഥികൾ പങ്കെടുത്തു.

## 5. NSS -ന്റെ ഒരു കൈസഹായം

കോളേജ് എൻ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ മഴക്കാല ദുരിതമനുഭവിക്കുന്നവർക്ക് നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്തു. തൊണ്ടർനാട് പഞ്ചായത്തിലെ ഉൾപ്രദേശങ്ങളായ ചെമ്പിലോട്ട് കോളനി, മണപ്പാട്ടിൽ, മാട്ടിലായം ട്രൈബൽ റെസിഡൻസ് സ്കൂൾ ക്യാമ്പ്, അരീക്കരപാലേരി, നെല്ലേരി മന്നം തുടങ്ങിയ വിവിധ കോളനികളിലും ക്യാമ്പിലും, വീടുകളിലും ക്ഷണകിറ്റും, വസ്ത്രകിറ്റും, ക്ലീനിംഗ് കിറ്റും വിതരണം നടത്തി.

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം
## തലശ്ശേരി സോൺ

### പ്രാർത്ഥനാ ഗ്രൂപ്പ് നേതൃത്വ പുനഃസംഘടന

5 സബ്സോണുകളിലും പകുതിയിലധികം പ്രാർത്ഥനാഗ്രൂപ്പുകളിൽ പുനഃസംഘടന പൂർത്തിയായി. ഈ മാസത്തോടെ പുനഃസംഘടന പൂർത്തിയാകുന്നതാണ്. പ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങളുടെ ഭവന സന്ദർശനം സോണൽ, സബ്സോൺ നേതൃത്വത്തിന്റെ സഹകരണത്തോടെ നടക്കുന്നു.

### സർവ്വീസ് ടീം, കോർഗ്രൂപ്പ് സമ്മേളനം

സോണൽ സർവ്വീസ് ടീമിന്റെയും കോർഗ്രൂപ്പിന്റെയും സമ്മേളനം ഓഗസ്റ്റ് 3ന് 10 മണിമുതൽ 5 മണിവരെ സെഹിയോൻ പ്രാർത്ഥനാലയത്തിൽ വെച്ച് നടന്നു. സബ്സോൺ, പുനഃസംഘടനയെപ്പറ്റി ചർച്ചചെയ്തു. പ്രാർത്ഥനാ ഗ്രൂപ്പ് പുനഃസംഘടനയെക്കുറിച്ച് സബ്സോൺ ലീഡേർസ് വിശദീകരിച്ചു.

### സോണൽ മീറ്റിംഗ്

ഓഗസ്റ്റ് 24ന് 9.30 മുതൽ 4 മണിവരെ സോണൽ മീറ്റിംഗ് നടക്കുന്നു. കെ.സി.സി. ആർ.എസ്.ടി. മെമ്പർ ഷിബു ചെമ്പരപ്പള്ളിൽ (കാസർഗോഡ്) ക്ലാസ്സെടുക്കുന്നു.

### വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനം

വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പു സന്ദർശിച്ച് വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തു. വീടുകൾ ക്ലീൻ ചെയ്യുവാൻ സഹായിച്ചു. കാലാങ്കിയിൽ പ്രളയ ദുരന്തത്തിൽ മരണമടഞ്ഞ പുളിമൂട്ടിൽ ദേവസ്യയുടെ ആത്മശാന്തിക്കായി പ്രാർത്ഥിച്ചു.

**ഫാ. മാത്യു ഇളംതുരുത്തിപ്പടവിൽ**
ഡയറക്ടർ

---

### 6. രുചിമേള

നിർമലഗിരി കോളേജ് മലയാളം വിഭാഗം ഫോക്‌ലോർ ക്ലബിന്റെ ആഭിമുഖ്യത്തിൽ നാടൻ രുചിമേള (ഉപ്പും മുളകും) നടത്തി. മൂന്നാം വർഷ വിദ്യാർത്ഥികൾ തയ്യാറാക്കിയ അറുപതോളം നാടൻ രുചിവിഭവങ്ങൾ മേളയെ വ്യത്യസ്തമാക്കി.

**പി.ആർ.ഒ., നിർമലഗിരി കോളേജ്**

# പ്രതീക്ഷ പുനരധിവാസ ചികിത്സാകേന്ദ്രം

## മാനേജിംഗ് കമ്മിറ്റിയും ജയ്സൺ മർക്കോസ് അനുസ്മരണം

പ്രതീക്ഷാ കേന്ദ്രത്തിൽ വച്ച് ചേർന്ന മനേജിംഗ് കമ്മിറ്റിയിൽ മുൻ മാസങ്ങളിലെ കണക്ക് വായിച്ച് പാസാക്കി. ഭാവി കർമപദ്ധതികളെക്കുറിച്ച് ചർച്ച ചെയ്തു. തുടർന്ന് നടന്ന ജയ്സൺ മർക്കോസ് അനുസ്മരണ സമ്മേളനത്തിൽ ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. സണ്ണി പായ്ക്കാട്ട്, മാത്യു.എം. കണ്ടത്തിൽ, തങ്കച്ചൻ കൊല്ലക്കൊമ്പിൽ എന്നിവർ സംസാരിച്ചു. സി. തെരേസ് CHF സ്വാഗതവും സി. ഷാന്റി SKD നന്ദിയും പറഞ്ഞു.

## എ.എ. മീറ്റിംഗും ലഹരിവിരുദ്ധ സംഗമവും

പ്രതീക്ഷയുടെ മാസാദ്യഞായറിലെ എ.എ. സമ്മേളനത്തിൽ ഫാ. ജോൺസൺ അന്ത്യാംകുളം അധ്യക്ഷത വഹിച്ചു. സമ്മേളന ഉദ്ഘാടനം സിസ്റ്റർ ജയ F.C.C. നിർവഹിച്ചു.

## ഏകദിന പഠനശിബിരം

കണ്ണൂർ A.K.G കോളേജ് ഓഫ് നഴ്സിംഗ് വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട ഏകദിന പരിശീലന പരിപാടികളിൽ ഫാ. ജോൺസൺ അന്ത്യാംകുളം, സി. തെരേസ് CHG, സി. ഷാന്റി S.K.D, സി. എബീന SABS എന്നിവർ നേതൃത്വം നൽകി.

## സ്വാതന്ത്ര്യദിനാഘോഷം

ചികിത്സാലയത്തിൽ വച്ച് നടത്തപ്പെട്ട സ്വാതന്ത്ര്യദിനാഘോഷപരിപാടികളുടെ ഭാഗമായി പൊതുസമ്മേളനവും സ്വാതന്ത്ര്യസമരസേനാനി സ്മരണവും നടത്തപ്പെട്ടു.

## മേരിപുരം ഇടവകയിൽ ബോധവൽക്കരണ സെമിനാർ

ആഗസ്റ്റ് 18-ാം തിയതി മേരിപുരം ഇടവകയിൽ മുതിർന്നവർക്കുവേണ്ടി ലഹരിവിരുദ്ധ ജീവിതക്രമത്തെക്കുറിച്ചും ചറുപുഷ്പമിഷൻ ലീഗിന്റെ നേതൃത്വത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും വേണ്ടി വിദ്യാർത്ഥികളും ലഹരിയുടെ ചതിക്കുഴികളെയും സംബന്ധിച്ച് ഫാ. ഡയറക്ടർ ക്ലാസ്സുകളെടുത്തു. ഫാ. മാത്യു പൊട്ടംപ്ലാക്കൻ, സണ്ണി തേക്കുംകാട്ടിൽ, കുര്യൻ മാന്തോട്ടത്തിൽ എന്നിവർ പ്രസംഗിച്ചു.

## ഡോൺ ബോസ്കോ കോളേജിൽ ലഹരിവിരുദ്ധ പഠനശിബിരം

അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിൽ വച്ച് വിവിധ ബാച്ചുകളിലായി ആഗസ്റ്റ് 20, 21 എന്നീ തിയതികളിൽ ‘ ലഹരിക്കെതിരെ ജാഗ്രത’ എന്ന വിഷയത്തെ അധികരിച്ച് ഡയറക്ടർ ക്ലാസുകൾ നയിച്ചു.

# എ.ഡി.എസ്.യു.

## തോട്ടട സെന്റ് ഫ്രാൻസിസ് സ്കൂളിൽ യുണിറ്റാരംഭം

ആഗസ്റ്റ് ഒന്നിന് കണ്ണൂർ തോട്ടട സെന്റ് ഫ്രാൻസിന് ഹയർ സെക്കണ്ടറി സ്കൂളിൽ എ.ഡി.എസ്.യു.വിന്റെ പുതിയ യൂണിറ്റ് ആരംഭിച്ചു. സമ്മേളനത്തിൽ സ്കൂൾ മാനേജർ ഫാ. സണ്ണി തോട്ടപ്പള്ളി അധ്യക്ഷത വഹിച്ചു. യൂണിറ്റിന്റെ സ്ഥാപക ഉദ്ഘാടനം ഡയറക്ടർ ഫാ. ജോൺസൺ അന്ത്യാംകുളം നിർവഹിച്ചു.

## എക്സിക്യുട്ടീവ് മീറ്റിംഗ്

പ്രതീക്ഷയിൽ വച്ച് നടത്തപ്പെട്ട എക്സിക്യുട്ടീവ് യോഗത്തിൽ ആൽബിൻ മണ്ടുംപാല സ്വാഗതം ആശംസിച്ചു. 2018 – 2019 വർഷത്തെ മികച്ച സ്കൂളുകളുടെ അവാർഡ് ദാനം, സാഹിത്യ–കലാമത്സരങ്ങൾ എന്നിവയെക്കുറിച്ചും വിസിറ്റർമാരുടെ സ്കൂൾ സന്ദർശനത്തെക്കുറിച്ചും ചർച്ച ചെയ്തു.

## 2018 – 19 വർഷത്തെ മികച്ച സ്കൂളുകൾ

| | |
|---|---|
| ഹയർ സെക്കണ്ടറി | – സെന്റ് തോമസ്, തോമാപുരം |
| ഹൈസ്കൂൾ | – സെന്റ് ജോസഫ്സ്, കുന്നോത്ത് |
| യു.പി.സ്കൂൾ | – സെന്റ് ജോൺസ്, പേരാവൂർ |
| എൽ.പി.സ്കൂൾ | – മഞ്ഞളാംപുറം |

എ.ഡി.എസ്.യു–വിന്റെ ജൂബിലിവർഷം പ്രവർത്തിച്ച് സംഘടിക്കപ്പെട്ട കൈയ്യെഴുത്തു മാസികാ രചനാമത്സരത്തിൽ വിജയികളായവർ.

I - എസ്കേപ്പ് (പേരാവൂർ H.S.S.)

II - മൂവരെ (അങ്ങാടിക്കടവ് H.S.S.)

---

## പ്രതീക്ഷാ വാർഷികം നവംബർ മൂന്നിന്

പ്രതീക്ഷ ലഹരിവിമോചനപുനരധിവാസ ചികിത്സാ കേന്ദ്രത്തിന്റെ 36–ാം വാർഷിക സമ്മേളനം നവംബർ മൂന്നിന് ചികിത്സാ കേന്ദ്രത്തിൽ വച്ച് നടക്കുന്നതാണ്. വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

പ്രതീക്ഷാ ചികിത്സാ കേന്ദ്രത്തിലേക്ക് ചികിത്സായ്ക്കായി ആസക്തരെ കണ്ടെത്തി പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാരും ഇതിന്റെ മാന്യവായനക്കാരും ശ്രദ്ധിച്ചാൽ കുറച്ച് കൂടി ജനങ്ങളെ രക്ഷപ്പെടുത്താനാകുമല്ലോ.

**ഫാ.ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ

III - മുക്തി (എടൂർ H.S.S.)

ബെസ്റ്റ് സ്കൂൾ അവാർഡുവിതരണവും കൈയ്യെഴുത്തു മാസികാ വിജയികൾക്കുള്ള സമ്മാനങ്ങളും വിതരണം ചെയ്യുന്ന സമയവും മറ്റ് വിശദാംശങ്ങളും പിന്നീട് അറിയിക്കുന്നതാണ്.

## സ്കൂൾ സന്ദർശനങ്ങളും ബോധവൽക്കരണ ക്ലാസ്സും

1. കുന്നോത്ത് സെന്റ് ജോസഫ് ഹൈസ്കൂൾ: ആഗസ്റ്റ് 20-ന് കുന്നോത്ത് ഹൈസ്ക്കൂളിൽ ഫാ. ഡയറക്ടർ സന്ദർശിച്ച് രേഖകൾ വിലയിരുത്തുകയും ബോധവൽക്കരണ ക്ലാസ് നടത്തുകയും ചെയ്തു.

2. അങ്ങാടിക്കടവ് ഹയർസെക്കണ്ടറി സ്കൂൾ: 2-ാം തിയതി നടത്തപ്പെട്ട ബോധവൽക്കരണ ക്ലാസിൽ പ്രിൻസിപ്പാൾ കെ.ജെ. ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. ഫാ. ഡയറക്ടർ വിദ്യാർത്ഥികൾക്ക് ലഹരിവിരുദ്ധ ക്ലാസ്സെടുത്തു.

3. അങ്ങാടിക്കടവ് യു.പി. സ്കൂൾ**:** 21-ാം തിയതി രാവിലെ വിദ്യാർത്ഥികൾക്കുവേണ്ടി നടത്തപ്പെട്ട ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസിന് ഫാ. ഡയറക്ടർ നേതൃത്വം നൽകി.

4. അങ്ങാടിക്കടവ് ഹൈസ്കൂൾ: 21-ാം തിയതി ഉച്ചകഴിഞ്ഞ് നടത്തപ്പെട്ട ബോധവൽക്കരണ സെമിനാറിൽ മയക്കുമരുന്നിന്റെ ദൂഷ്യഫലങ്ങളെപ്പറ്റി ഫാ. ഡയറക്ടർ ക്ലാസെടുത്തു.

## കലാ-സാഹിത്യമത്സരം - 2019

എ.ഡി.എസ്.യു.വിന്റെ ഈ വർഷത്തെ സാഹിത്യരചനാ മത്സരങ്ങളെയും കലോത്സവത്തേയും സംബന്ധിച്ചുള്ള വിശദാംശങ്ങൾ പ്രിൻസിപ്പാൾ, ഹെഡ്മാസ്റ്റർ എന്നിവർക്ക് കോർപ്പറേറ്റ് ഓഫീസിൽ നിന്നും മെയിൽ ചെയ്തിട്ടുണ്ട്.

## ലഹരി വിരുദ്ധ കലോത്സവം - 2019

**a. ലഹരി വിരുദ്ധ സാഹിത്യ മത്സരങ്ങൾ :** സെപ്റ്റംബർ 17ന് ചൊവ്വാഴ്ച

സമയം: രാവിലെ 10 മുതൽ 12 വരെ

സ്ഥലം: **ഇരിട്ടി സെന്റ് ജോസഫ് പാരിഷ് ഹാൾ:** നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ,പേരാവൂർ എന്നീ ഫെറോനകളിലെ സ്കൂളുകൾ.

സ്ഥലം: **തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയം:** തളിപ്പറമ്പ്, പൈസക്കരി ചെമ്പേരി, മേരിഗിരി,ആലക്കോട്, വായാട്ടുപറമ്പ്, ചെമ്പൻത്തോട്ടി എന്നീ ഫെറോനകളിലെ സ്കൂളുകൾ.

സ്ഥലം : **തോമാപുരം സെന്റ് തോമസ് ഹൈസ്കൂൾ**: തോമാപുരം, വെള്ളരിക്കുണ്ട്, പനത്തടി, കാഞ്ഞങ്ങാട്, ചെറുപുഴ എന്നീ ഫെറോനകളിലെ സ്കൂളുകൾ.

**മത്സരയിനങ്ങൾ**

LPS - വാക്സ് ക്രയോൺസ്, പെൻസിൽ ഡ്രോയിംങ്ങ്: പെയിന്റ് ചെയ്യേണ്ട ചിത്രങ്ങൾ മത്സരസമയത്ത് നല്കുന്നതാണ്.

UPS - പോസ്റ്റർ രചന -വിഷയം - മയക്കുമരുന്നിനെതിരെ
നോട്ടീസ് നിർമ്മാണം - വിഷയം - ലഹരിക്കെതിരെ ADSU-
കാർട്ടൂൺ - വിഷയം - തത്സമയം നല്കുന്നു.

HSS - പ്രബന്ധ രചന -വിഷയം - വിദ്യാർത്ഥികൾക്ക് കെണി ആകുന്ന ലഹരി ആസക്തി കാർട്ടൂൺ - വിഷയം - തത്സമയം നല്കുന്നു.

ചെറുകഥ - വിഷയം - തത്സമയം നല്കുന്നു.

**b. ലഹരി വിരുദ്ധ കലോത്സവം: സെപ്തംബർ 21 ഞായറാഴ്ച**

സമയം: 9.30 മുതൽ 3.30 വരെ ; സ്ഥലം: ചെമ്പേരി സ്കൂൾ

**മത്സരയിനങ്ങൾ:**

LPS - പ്രസംഗം - വിഷയം - ലഹരി ഒരു മഹാകെണി - 5 മിനിറ്റ്
കവിതാപാരായണം - 5 മിനിറ്റ്
മോണോ ആക്റ്റ് - 7 മിനിറ്റ്

UPS - പ്രസംഗം - വിഷയം ADSU വിദ്യാർത്ഥിലോകവും - 5 മിനിറ്റ്
കവിതാപാരായണം - 5 മിനിറ്റ്
മോണോ ആക്റ്റ് - 7 മിനിറ്റ്
കഥാപ്രസംഗം - 10 മിനിറ്റ്

HS: - പ്രസംഗം - വിഷയം-തത്സമയം നല്കുന്നു - 7 മിനിറ്റ്
മോണോ ആക്റ്റ് - 7 മിനിറ്റ്
കഥാപ്രസംഗം - 10 മിനിറ്റ്
സ്കിറ്റ് -വിഷയം-ലഹരിയും ധാർമ്മിക മൂല്യങ്ങളും-10 മിനിറ്റ്
കവിത - ചതിക്കുഴിയിൽ

**ക്വിസ്സ് മത്സരം:-**

ഒരു സ്കൂളിൽനിന്നും രണ്ടുപേർ അടങ്ങിയ ഒരു ടീം പങ്കെടുക്കുന്നു.

**മത്സരഭാഗം:**

1. പൊതു വിജ്ഞാനം - 35 മാർക്ക്
2. ഗാന്ധിജിയും മദ്യ നിരോധനവും - 15 മാർക്ക്
3. എരിഞ്ഞടങ്ങുന്ന ജീവിതം - 15 മാർക്ക്
4. മദ്യ പഞ്ചകം - പേജ് 47 മുതൽ 74 വരെ - 15 മാർക്ക്
5. ADSU : സംഘടന - 10 മാർക്ക്
6. പാൻപരാക് കൊലയാളിയോ? 10 - മാർക്ക്

HSS : പ്രസംഗം -വിഷയം - തത്സമയം നല്കുന്നു - 7 മിനിറ്റ്
മോണോ ആക്റ്റ് - വിഷയം - തത്സമയം നല്കുന്നു 7 മിനിറ്റ്

കഥാപ്രസംഗം– വിഷയം – തത്സമയം നല്കുന്നു. 10– മിനിറ്റ്
മോണോ ആക്റ്റ്, കവിത, കഥാപ്രസംഗം – എന്നിവ ലഹരി വിരുദ്ധ ആശയങ്ങൾ ഉൾക്കൊള്ളുന്നവ ആയിരിക്കണം.

## പ്രത്യേക ശ്രദ്ധയ്ക്ക്:

1. സ്കോറിംങ്ങ് : 10, 7,5 എന്നീ ക്രമത്തിൽ ആയിരിക്കും 1ഉം 2ഉം സ്ഥാനം ലഭിക്കുന്നവർക്ക് വ്യക്തിഗത സമ്മാനങ്ങളും സർട്ടിഫിക്കറ്റും. 3 സ്ഥാനത്തിന് സർട്ടിഫിക്കറ്റ് മാത്രവും ഉണ്ടായിരിക്കുന്നതാണ്.
2. സ്കിറ്റ് മത്സരം കലോത്സവ ദിവസം രാവിലെ 9.30 ആയിരിക്കും. മാർക്കുകൾ 15, 12,10 എന്നിങ്ങനെ ആയിരിക്കും.
3. എൻട്രി ഫോം ഈ മെയിൽ ആയി അയക്കുന്നതാണ്. ആഗസ്റ്റ് 30ന് മുൻപ് മത്സരാർത്ഥികളുടെ പേരുകൾ എൻട്രി ചെയ്ത് ADSU കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്.
4. സാഹിത്യ മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് കലാമത്സരത്തിലും പങ്കെടുക്കാവുന്നതാണ്.
5. രചനാ മത്സരങ്ങൾക്ക് ഓരോ സ്കൂളിൽ നിന്നും ഓരോ ഇനത്തിലും ഒരാൾ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. ഒരു വ്യക്തി രണ്ടിനങ്ങളിൽ പങ്കെടുക്കാൻ പാടില്ല.
5. സാഹിത്യ രചനയുടെ മാർക്കുകൾ കലോത്സവ റോളിംഗ് ട്രോഫിക്ക് പരിഗണിക്കുന്നതാണ്.
7. കലാസാഹിത്യ മത്സരങ്ങളിൽ പങ്കെടുക്കുന്ന ഓരോ സ്കൂളും LP വിഭാഗം 200 രൂപയും UP വിഭാഗം 300 രൂപയും HS, HSS വിഭാഗം 500 രൂപയും അടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.
8. കലോത്സവ റോളിംഗ് ട്രോഫി LPS, UPS, HS, HSS എന്നീ നാല് വിഭാഗങ്ങൾക്കും വെവ്വേറെ ഉണ്ടായിരിക്കുന്നതാണ്.
9. കഴിഞ്ഞ വർഷത്തെ റോളിംങ്ങ് ട്രോഫികൾ നേടിയ സ്കൂളുകൾ, ട്രോഫികൾ, എത്തിക്കാത്തവർ സെപ്തംബർ 30 മുൻപ് തലശ്ശേരി കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 5. സ്കൂൾ സന്ദർശനങ്ങളും – നേതൃത്വം നൽകിയവരും

ചെറുപുഴ സെന്റ് മേരിസ് എച്ച്.എസ്. (സി. ജോസ്ന S.H, സി. ലൂസീന S.H.), കടുമേനി സെന്റ് മേരിസ് H. S., (സി. ജോസ്ന S.H.),ജോസ് ഗിരി L.P. (സി. ജോസ്ന S.H.),ഉദയ ഗിരി U.P. (സി. ലൂസീന S.H.),എടത്തൊട്ടി (സി. ലൂസീന S.H.),തോമാപുരം സ്കൂൾ (സി. ലിസ്ബെൽ SABS,സി. ലിബിയ SABS),വായാട്ടുപറമ്പ് സ്കൂൾ (സി. ലിസ്ബെൽ SABS, സി. ലിസിയ SABS),

രണ്ടാം കടവ് സ്കൂൾ (സി. ലിസ്ബെൽ SABS, സി. ലിബിയ SABS), വെള്ളരിക്കുണ്ട് (സി. ലിസ്ബെൽ SABS, സി. ലിസിയ SABS).

## പ്രത്യേക ശ്രദ്ധയ്ക്ക്

1. മഴക്കെടുതി മൂലം മാറ്റിവയ്ക്കപ്പെട്ടതും നടത്താൻ സാധിക്കാതെ വന്നതുമായ സ്കൂൾ സന്ദർശനങ്ങൾ പരീക്ഷയ്ക്ക് ശേഷം നടത്തപ്പെടുന്നതായിരിക്കും.
2. സന്ദർശകർ വരുമ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന റിക്കാർഡുകൾ ഒപ്പുവെച്ച് വാങ്ങി സൂക്ഷിക്കാൻ യൂണിറ്റ് ആനിമേറ്റർമാർ ശ്രദ്ധിക്കുമല്ലോ.
3. നമ്മുടെ സ്കൂളുകളിൽ വിദ്യാർത്ഥികൾക്കായി ലഹരിവിരുദ്ധ ക്ലാസ്/ സെമിനാർ/ കൺവെൻഷൻ എന്നിവ നടത്താൻ ആഗ്രഹിക്കുന്നവർ ദയവായി മുൻകൂട്ടി തിയതി നിശ്ചയിച്ച് ഡയറക്ടറച്ചനെ അറിയിക്കാൻ ശ്രദ്ധിക്കണേ.

പഠനത്തോടൊപ്പം നമുക്കും ലഹരിക്കെതിരെ ബോധ്യമുള്ളവരാവാൻ ലഹരിക്കെതിരെ പ്രവർത്തിക്കാൻ കൂട്ടായി പരിശ്രമിക്കാം.

ആശംസകളോടെ,

**ഫാ. ജോൺസൺ അന്ത്യാംകുളം**
ഡയറക്ടർ.

# കെ. സി. ബി. സി. മദ്യവിരുദ്ധ സമിതി

## പ്രകാശിതമായ കുടുംബവും ഇടവകയും

സായാഹ്ന കൺവെൻഷനുകൾ

ചെറിയ അരീക്കമല, മുള്ളേരിയ, കാലിച്ചാനടുക്കം എന്നീ ഇടവകകളിൽ സായാഹ്ന കൺവെൻഷനുകൾ സംഘടിപ്പിച്ചു. വൈകുന്നേരം 4.30 മുതൽ 8.30വരെയായിരുന്നു കൺവെൻഷൻ. ജപമാല, കുമ്പസാരം, വി. കുർബ്ബാന, വചനസന്ദേശം, ദിവ്യകാരുണ്യാരാധന എന്നീ ശുശ്രൂഷകൾ ഉണ്ടായിരുന്നു. വികാരിമാരായ റവ. ഫാ. സേവ്യർ പുത്തൻപുരയിൽ, റവ. ഫാ. ആന്റണി ചിറ്റേട്ട്, റവ. ഫാ. ലൂയിസ് മേനാമ്പേരിൽ എന്നിവർ നേതൃത്വം നൽകി. ഫാ. ചാക്കോ കുടിപ്പറമ്പിൽ കൺവെൻഷൻ നയിച്ചു.

## സ്വാതന്ത്ര്യദിനം. ലഹരിവിരുദ്ധ സന്ദേശം

### തോമാപുരം ഫെറോന ഇടവക, തയ്യേനി ഇടവക

തോമാപുരം ഫൊറോന ദൈവാലയത്തിൽ രാവിലെ 7.30ന് ദിവ്യബലിയർപ്പിച്ച്, ലഹരിയുടെ പിടിയിൽ നിന്ന് സ്വതന്ത്രനാകാനും ലഹരിയുടെ അടിമത്തത്തിൽ കഴിയുന്നവരെ രക്ഷിക്കുവാനും നാം സന്നദ്ധരാകണമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഡയറക്ടർ അച്ചൻ സന്ദേശം നൽകി. ഉച്ചകഴിഞ്ഞ് 4.30ന് തയ്യേനി ഇടവകയിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

ഫൊറോനവികാരി റവ.ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ, റവ. ഫാ. മാത്യു ഓലിക്കൽ, റവ. ഫാ. കുര്യാക്കോസ് പുതുകുളങ്ങര എന്നിവരെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

## യൂണിറ്റ് സന്ദർശനം - ചെറിയ അരീക്കമല

ചെറിയ അരീക്കമലയിൽ കെ.സി.ബി.സി. മദ്ധ്യവിരുദ്ധസമിതിയുടെയും മുക്തിശ്രീയുടെയും അംഗങ്ങളെ സന്ദർശിച്ച് യൂണിറ്റ് പ്രവർത്തനങ്ങൾ ഡയറക്ടറച്ചൻ വിലയിരുത്തുകയും നല്ല പ്രവർത്തനങ്ങളെ അഭിനന്ദി ക്കുകയും ചെയ്തു. വികാരി റവ.ഫാ. സേവ്യർ പുത്തൻപുരയിൽ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. മേഖലാ പ്രസിഡന്റ് ശ്രീ. പാപ്പച്ചൻ കണ്ണംകുളത്ത് ആശംസയർപ്പിച്ചു.

## കാലിച്ചാനടുക്കം ഇടവകയിൽ മദ്യവിരുദ്ധ സമിതി, മുക്തിശ്രീ യൂണിറ്റുകൾ

കാലിച്ചാനടുക്കം ഇടവകയിൽ ഓഗസ്റ്റ് 18 ഞായറാഴ്ച രാവിലെ 7.30ന് വി. കുർബ്ബാനയർപ്പിച്ച് ഡയറക്ടറച്ചൻ ലഹരിവിരുദ്ധ സന്ദേശം നല്കി. വി.

കുർബ്ബാനയ്ക്ക് ശേഷം നടന്ന മീറ്റിംഗിൽ വെച്ച് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും യൂണിറ്റുകൾ ഇടവകയിൽ രൂപീകൃതമായി. വികാരി. ഫാ. ലൂയിസ് മേനാച്ചേരിക്ക് അഭിനന്ദനങ്ങൾ.

## പാലാവയൽ യുവജന നൈറ്റ് വിജിൽ

പാലാവയലിൽവെച്ച് ഓഗസ്റ്റ് 18ന് ഞായറാഴ്ച വൈകുന്നേരം 5.30ന് മുതൽ 8.15വരെ യുവജനങ്ങൾക്ക് വേണ്ടി ക്രമീകരിച്ച ഏകദിന സായാഹ്ന കൺവെൻഷനിൽ മേഖലാ യുവജന ഡയറക്ടർ ഫാ. അലക്സ് നിരപ്പേൽ ജപമാലയ്ക്ക് നേതൃത്വം നല്കി. 'ലഹരിമുക്തയുവജനം' എന്ന വിഷയത്തെ അധികരിച്ച് ഫാ. ചാക്കോ കുടിപ്പറമ്പിൽ വചനപ്രഘോഷണവും തുടർന്ന് ദിവ്യകാരുണ്യാരാധനയും നടത്തി. പാലാവയൽ വികാരി റവ.ഫാ. തോമസ് ചിറ്റിലപ്പള്ളി, അസിസ്റ്റന്റ് വികാരി റവ. ഫാ. ജോസഫ് ചക്കിട്ടമുറിയിൽ എന്നിവർ ഇടവകയിൽ നേതൃത്വം നൽകി.

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി, മുക്തിശ്രീ മേഖലാ പ്രസിന്റുമാരുടേയും ആനിമേറ്റേഴ്സിന്റേയും സമ്മേളനം

സെപ്തംബർ 10 ചൊവ്വാഴ്ച സന്ദേശഭവനിൽ വെച്ച് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും, മുക്തിശ്രീയുടെയും മേഖലാ പ്രസിഡന്റുമാർ, ആനിമേറ്റർസിസ്റ്റേഴ്സ് എന്നിവരുടെ സമ്മേളനം നടക്കുന്നു. രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.30വരെ ആയിരിക്കും സമ്മേളനം. മാർ ജോർജ് ഞറളക്കാട്ട് സമ്മേളനം ഉദ്ഘാടനം ചെയ്ത്, മാർഗ്ഗരേഖ പ്രകാശനവും നടത്തും. മേഖലാ ഡയറക്ടർ അച്ചന്മാർ മേഖലാ പ്രസിഡന്റുമാരെ പറഞ്ഞയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

സ്നേഹാദരവോടെ,

**ഫാ. ചാക്കോ കുടിപ്പറമ്പിൽ**
ഡയറക്ടർ

# ഫ്രാൻസിസ്കൻ അൽമായസഭ
## (എസ്.എഫ്.ഒ.)

### ഏവർക്കും സമാധാനവും സൗഭാഗ്യവും!!!

ഫ്രാൻസിസ്കൻ അൽമായ സഭയുടെ തലശ്ശേരി അതിരൂപതയിൽ ഉൾപ്പെട്ട ചെമ്പേരി, ഇരിട്ടി, ചെറുപുഴ, പേരാമ്പ്ര എന്നീ നാല് റീജയണുകളിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളേയും ആത്മീയ സഹായികളേയും പങ്കെടുപ്പിച്ച് കൊണ്ട് ഫ്രാൻസീസ്കൻ ആത്മീയതയുടെ പ്രസക്തിയും വെല്ലുവിളികളും എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഏകദിന സെമിനാർ 01.08.2019ന് കണ്ണൂർ പാവനാത്മ കപ്പൂച്ചിൻ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്നു. അതിരൂപതാ ഡയറക്ടർ ബഹു. ജോൺ ബോസ്കോ താന്നിക്കപ്പാറ അച്ചൻ ഏവർക്കും സ്വാഗതം പറഞ്ഞു. മേലെചൊവ്വ സെന്റ് ഫ്രാൻസീസ് ഇടവകവികാരിയും സേവാശ്രം ഗാർഡിയനുമായ റവ. ഫാ. പോൾ കൈനിക്കൽ പ്രസ്തുത സെമിനാർ ഉദ്ഘാടനം ചെയ്തു. ബ്രദർ മാർട്ടീനിയൻ കപ്പൂച്ചിൻ അനുഗ്രഹപ്രഭാഷണവും ബ്രദർ ജോൺസൺ പൂവത്തുങ്കൽ, പേരാമ്പ്ര മുഖ്യപ്രഭാഷണവും നടത്തി.

കണ്ണൂർ പാവനാത്മ പ്രൊവിൻഷ്യൽ റവ. ഫാ. സ്റ്റീഫൻ ജയരാജ് സെമിനാറിനെ അഭിസംബോധന ചെയ്ത് സംസാരിച്ചു. നിലവിലുള്ള യൂണിറ്റുകൾ കൂടുതൽ ശക്തിപ്പെടുത്തണമെന്നും, പുതിയ തലമുറയെ വളർത്തിയെടുക്കാൻ പരിശ്രമിക്കണമെന്നും ബഹു. പ്രൊവിൻഷ്യൽ പറഞ്ഞു. ബ്ര. സോജൻ കൊച്ചുമല എല്ലാവർക്കും നന്ദി പറഞ്ഞു.

സാഹോദര്യപൂർവ്വം,

**ഫാ. ജോൺ ബോസ്കോ താന്നിക്കപ്പാറ, കപ്പൂച്ചിൻ**

അതിരൂപതാ ആത്മീയ സഹായി

# സാമൂഹ്യസേവനവേദി

## തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി
## (ടി.എസ്.എസ്.എസ്.)

### ദുരന്തമുഖത്ത് സജീവസാന്നിധ്യമായി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി

ഓഗസ്റ്റ് 9. 2019ന് കാലവർഷത്തെ തുടർന്ന് ഉണ്ടായ മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന തലശ്ശേരി അതിരൂപതയുടെ കീഴിലുള്ള ദുരന്ത പ്രദേശങ്ങളിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രളയബാധിതർക്ക് സഹായവുമായി എത്തി. ദുരന്തം നേരിടുന്ന വർക്കായി അരി, പച്ചക്കറികൾ, വസ്ത്രങ്ങൾ, മരുന്ന്, മറ്റു അത്യാവശ്യ സാധനങ്ങൾ എന്നിവ നൽകിക്കൊണ്ട് തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ എന്നിവർ അവരെ സന്ദർശിച്ചു ആശ്വാസമേകി. അതിരൂപതയിലെ മറ്റ് ബഹുമാനപ്പെട്ട, ഫാ. ആന്റണി പരതേപതിക്കൽ, ഫാ. ബിനോയ് ശാസ്താംപടവിൽ, ഫാ. സോണി വടശ്ശേരിയിൽ, ഫാ. ഡയസ് തുരുത്തിപ്പള്ളിയിൽ, ഫാ. ഷിനു ഞാമത്തോലിൽ എന്നീ വൈദികരും കെ സി വൈ എം പ്രവർത്തകരും ഇവർക്കൊപ്പം അണിചേർന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകരിച്ച എല്ലാവരെയും അഭിനന്ദിക്കുന്നു.

### പ്രളയദുരന്ത പ്രദേശങ്ങളിൽ സഹായഹസ്തവുമായി തലശ്ശേരി അതിരൂപത

കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ആയി ഈ ദിവസങ്ങളിൽ നടന്ന മഴക്കെടുതിയിൽ വീട് നഷ്ടപ്പെട്ടവരെ തലശ്ശേരി അതിരൂപതയുടെ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി പിതാവ് സന്ദർശിച്ചു. പ്രളയത്തിൽ ചെറുപുഴ, മണ്ഡപത്തിൽ ഭവനം നഷ്ടപ്പെട്ട ഷൈൻവില്ലയിൽ സ്റ്റീഫൻ ജോർജ് മാറ്റത്തിൽ എന്നിവരുടെ ഭവനം സന്ദർശിക്കുകയും അവർക്ക് ആശ്വാസ മേകുകയും അവർക്ക് സഹായം വാഗ്ദാനം നൽകുകയും മാർ ജോസഫ് പാംപ്ലാനി പിതാവ് ചെയ്യുകയുണ്ടായി.

അഭിവന്ദ്യ പിതാവിന് ഒപ്പം ചാൻസലർ റവ. ഫാ. തോമസ് തെങ്ങുംപള്ളിൽ തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, കെ. സി. വൈ. എം ഡയറക്ടർ ഫാ. സോണി വടശ്ശേരിയിൽ, തോമാപുരം ഫൊറോന വികാരി റവ. ഫാ. മാർട്ടിൻ കിഴക്കേതലയ്ക്കൽ, ഫാ. സെബാസ്റ്റ്യൻ മുട്ടത്ത്പാറ ടി എസ് എസ് എസ് സ്റ്റാഫ് അംഗങ്ങളും എന്നിവരും പിതാവി നോടൊപ്പം പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കു കയുണ്ടായി.

## മേഖല പൊതുയോഗം

തലശ്ശേരി അതിരൂപതയുടെ കീഴിലുള്ള സാമൂഹിക സേവന വിഭാഗത്തിന്റെ മേഖല പൊതുയോഗങ്ങൾ സംഘടിപ്പിച്ചു.

- 14-8 ന് പനത്തടിയിൽ മേഖല ഡയറക്ടർ ഫാ. തോമസ് പട്ടാംകുളം അധ്യക്ഷത വഹിച്ചു, തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘടനം നിർവഹിച്ചു.
- 20-8 എടൂർ മേഖല ഡയറക്ടർ റവ. ഫാ ആന്റണി മുതുകുന്നേൽ അധ്യക്ഷത വഹിച്ചു, തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബെന്നി നിരപ്പേൽ ഉദ്ഘടനം നിർവഹിച്ചു
- 23-8 ചെമ്പേരിയിൽ റവ. ഫാ. പോൾ എടത്താനത് അധ്യക്ഷത വഹിച്ചു, തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉൽഘടനം നിർവഹിച്ചു.
- 27-8 പേരാവൂർ മേഖല ഡയറക്ടർ ഫാ. തോമസ് കൊച്ചുകരോട്ട് അധ്യക്ഷത വഹിച്ചു, തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘടനം നിർവഹിച്ചു.
- 28-8 വെള്ളരിക്കുണ്ട് മേഖല ഡയറക്ടർ റവ. ഫാ. ആന്റണി തെക്കേമുറിയിൽ അധ്യക്ഷത വഹിച്ചു, തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘടനം നിർവഹിച്ചു.
- 29-8 പൈസക്കരി മേഖല ഡയറക്ടർ വെരി റവ ഫാ സെബാസ്റ്റ്യൻ പാലകുഴിയിൽ അധ്യക്ഷത വഹിച്ചു, തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. ബെന്നി നിരപ്പേൽ ഉദ്ഘടനം നിർവഹിച്ചു.
- 30-8 മേരിഗിരിയിൽ മേഖല ഡയറക്ടർ റവ. ഫാ. മാത്യു മണിമലത്തറപ്പേൽ അധ്യക്ഷത വഹിച്ചു, തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘടനം നിർവഹിച്ചു.
- 31-8 തോമാപുരം മേഖല ഡയറക്ടർ റവ .ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ അധ്യക്ഷത വഹിച്ചു, തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ഉദ്ഘാടനം നിർവഹിച്ചു.

വാർഷിക പൊതുയോഗം വളരെ ഭംഗിയായി നടത്തിയ മേഖലാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി, വൈസ് പ്രസിഡന്റ്, ജോയിന്റ് സെക്രട്ടറി, മറ്റു ഭാരവാഹികൾ, ആനിമേറ്റർ എന്നിവർക്ക് നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു

2019 ഓഗസ്റ്റ് 15 ടി എസ് എസ് എസ് കരുണാപുരം ക്രെഡിറ്റ് യൂണിയന്റെയും വായാട്ടുപറമ്പ വൈസ്മെൻസ് ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ

നിറക്കൂട്ട് എന്ന പേരിൽ സ്കൂൾ കുട്ടികൾക്കായുള്ള ദേശീയോത്ഗ്രഥന പെയിന്റിംഗ് മത്സരം സംഘടിപ്പിച്ചു. കരുണാപുരം സെൻറ് ജൂഡ് പാരിഷ്ഹാളിൽ വെച്ചായിരുന്നു സംഘടിപ്പിച്ചത്.

## കാരിത്താസ് ഇന്ത്യ

16.8.2019 ന് കാരിത്താസ് ഇന്ത്യ അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോളി തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ടി എസ് എസ് എസ് സ്റ്റാഫ് അംഗങ്ങളും എന്നിവർ മഴക്കെടുതി മൂലം നാശനഷ്ടം സംഭവിച്ച ഇരിട്ടി, കച്ചേരിക്കടവ്, കുന്നോത്ത്, നീലേശ്വരം, ചിറ്റാരിക്കാൽ മേഖലകൾ സന്ദർശിച്ചു.

## ഭഗവത്പാത ഐ ടി ഐയിൽ അധ്യനവർഷ ആരംഭം

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള ഭഗവത്പാത ഐ ടി ഐയിൽ പുതിയ അധ്യായന വർഷം ആരംഭിച്ചു.

## ദർശൻ ജനറൽ ബോഡി

2019 ഓഗസ്റ്റ് 23ന് കോട്ടയം സോഷ്യൽ സർവീസ് ഫോറത്തിൽ വെച്ച് നടന്ന ദർശൻ ജനറൽ ബോഡി മീറ്റിഗിൽ ടി എസ് എസ് എസ് സ്റ്റാഫ്സ് ജുവൽ മരിയ, വത്സമ്മ ടോമി എന്നിവർ പങ്കെടുത്തു.

## മെഡിക്കൽ ക്യാമ്പ്

2019 ഓഗസ്റ്റ് 25 ഞായറാഴ്ച ചെമ്പേരി വിമല ഹോസ്പിറ്റലിൽ വച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ക്രിസ്തുരാജ് ഹോസ്പിറ്റലിലെ ഡോക്ടർ സിസ്റ്റർ വിനീതയുടെ നേതൃത്വത്തിൽ മെഡിക്കൽ ഹെൽത്ത് ക്യാമ്പ് സംഘടിപ്പിച്ചു. ഏകദേശം മുപ്പതോളം പേർ ക്യാമ്പിൽ പങ്കെടുത്തു.

## യൂണിറ്റ് വാർത്തകൾ

2019 ഓഗസ്റ്റ് 2ന് ആലക്കോട് മേഖലയുടെ കീഴിലുള്ള വായാട്ടുപറമ്പ് ഗ്രാമിക യൂണിറ്റിന്റെ നേതൃത്വത്തിൽ സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പും പകർച്ചപ്പനി പ്രതിരോധ മരുന്ന് വിതരണവും നടത്തി.

ആലക്കോട് മേഖലയുടെ കീഴിലുള്ള വായാട്ടുപറമ്പ് യൂണിറ്റിലെ സ്നേഹതീരം ഗ്രാമിക പ്രവർത്തകർ സമീപത്തുള്ള ജിസ്നറോഡും പരിസരവും വൃത്തിയാക്കി. അലങ്കാരമത്സ്യകൃഷിയുടെ സാധ്യതകളെക്കുറിച്ചുള്ള ക്ലാസ് കരുവഞ്ചാൽ ഗ്രാമിക യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ടു ശ്രീ. ബേബി തറപ്പേൽ ക്ലാസ് നയിച്ചു.

## ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി വഴി സ്വാഭിമാൻ ഉത്പന്നങ്ങളുയുടെ ട്രെയിനിങ് പ്രോഗ്രാം വടകര സെന്റ് ആന്റണീസ് ജൂനിയർ ബേസിക് സ്കൂളിൽ നടത്തി. പ്രോഗ്രാം ഓഫീസർ ശ്രീമതി ലിസി ജിജി ക്ലാസെടുത്തു.

11 ഓഗസ്റ്റ് 2019ന് തലശ്ശേരി ജയിൽ അന്തേവാസികൾക്കായി ടി എസ് എസ് എസ് പ്രോഗ്രാം മാനേജർ ലിസി ജിജി സ്വാഭിമാൻ ഉത്പന്നങ്ങളുടെ ട്രെയിനിങ് പ്രോഗ്രാം നടത്തി. ഈ പരിപാടി സംഘടിപ്പിച്ച തലശ്ശേരി ജയിൽ സൂപ്രണ്ട് ശ്രീ. അശോകൻ സാറിന് നന്ദി അറിയിക്കുന്നു. തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി അസിസ്റ്റന്റ് ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിലും പരിപാടിയിൽ പങ്കെടുത്തു.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
അസി. ഡയറക്ടർ

**ഫാ. ബെന്നി നിരപ്പേൽ**
ഡയറക്ടർ

# ACCOMPAINYING DEAF AND AWAKINING MISSION (ADAM)

ഓഗസ്റ്റ് 4 ഞായറാഴ്ച ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സകൂളിൽ വച്ച് വിശുദ്ധ കുർബാനയും ബൈബിൾ ക്ലാസും നടത്തി

ഓഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനാഘോഷവും പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ആഘോഷിച്ചു രാവിലെ 9 മണിക്ക് ആലക്കോട് റിക്രിയേഷൻ ക്ലബ്ബിൽ വച്ച് പതാക ഉയർത്തൽ ചടങ്ങ് നടത്തി. തുടർന്ന് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വെച്ച് പരിശുദ്ധ അമ്മയെക്കുറിച്ച് ക്ലാസും ആഘോഷമായ വിശുദ്ധ കുർബാനയും അർപ്പിക്കപ്പെട്ടു. സ്നേഹവിരുന്നോടെ അവസാനിപ്പിച്ച് പരിപാടിയിൽ അൻപതോളം സഹോദരീസഹോദരന്മാർ പങ്കുചേർന്നു.

## സെപ്റ്റംബർ പ്രോഗ്രാംസ്

01.09.19 Holy Mass and Class St. Mary's English Mediuam School, Alakode

06.09.19 Holy Mass Donbosco School Krakunde

14.09.19 Alpha Bible Class Thrissur

15.09.19 Holy Mass St Partric Church, Bangalore

22.09.19 Holy Mass Poomala, Bathery

## ലോഗോസ് ക്വിസ് 2019

ആംഗ്യഭാഷക്കാർക്ക് ഈ വർഷവും കെ.സി.ബി.സി ബൈബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ലോഗോസ് ക്വിസ് നടത്തുന്നതാണ്. മലയാളത്തിലും ഇംഗ്ലീഷിലും പരീക്ഷ എഴുതാവുന്നതാണ് മത്തായി 19-28 അധ്യായങ്ങളും വെളിപാട് 17-22 അധ്യായങ്ങളും മാത്രമാണ് പരീക്ഷയ്ക്ക് ഉള്ളത്. രൂപതാതല മത്സരം സെപ്റ്റംബർ 29 ഞായറാഴ്ച നടത്തപ്പെടുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്നവർ 7506604885, 9447482445 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

സ്നേഹപൂർവ്വം,

**ഫാ. ജോർജ് കളരിമുറിയിൽ**
ഡയറക്ടർ

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2019 സെപ്റ്റംബർ & ഒക്ടോബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

**സെപ്റ്റം.**1-6 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
3 : മദർ ഹോം പ്രാർത്ഥനാ ദിനം
6-8 : തപസ്സ് ധ്യാനം (10 am ആരംഭം)
8-13 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
14 : മദർ ഹോം വാർഷികവും വചനാഗ്നി കൺവെൻഷനും
22-27 : അതിരൂപത വൈദികരുടെ ധ്യാനം
**ഒക്ടോ.** 6-11 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
11 : മദർ ഹോം പ്രാർത്ഥനാ ദിനം
12 : വചനാഗ്നി ബൈബിൾ കൺവെൻഷൻ
20-25 : ആന്തരീക - ശാരീരിക സൗഖ്യ ധ്യാനം
25-27 : മരിയൻ ധ്യാനം
26-27 : എഫ്ഫാത്ത മരിയൻ ധ്യാനം (ശ്രവണവൈകല്യമുള്ളവ വർക്ക്) (ശനി10 am -ഞായർ 3 pm)

**3. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി**
**ഫോൺ: 0490-2493491, 9745017131, 0490 2491941**

**സെപ്റ്റം.**1-5: ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
6-7 : അഖണ്ഡജപമാല
8-12 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
13 : ജാഗരണപ്രാർത്ഥന
14 : കുട്ടികളുടെ ഏകദിനം
21 : ഏകദിനകൺവെൻഷൻ
22-26 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
28 : ഏകദിനകൺവെൻഷൻ
29- ഒക്ടോ 3 : വളർച്ചാധ്യാനം ( ബ്രദർ സന്തോഷ് കരുമാത്ര & ടീം)
29- ഒക്ടോ 3 : വളർച്ചാധ്യാനം ( ബ്രദർ സന്തോഷ് കരുമാത്ര & ടീം)
**ഒക്ടോ.** 5 : ഏകദിനധ്യാനം
6-10 : ആന്തരിക സൗഖ്യ ധ്യാനം
11 : ജാഗരണപ്രാർത്ഥന
12 : കുട്ടികളുടെ ഏകദിന ധ്യാനം
14-17 : കപ്പൂച്ചിൻ വാർഷികധ്യാനം
19 : ഏകദിനധ്യാനം
20-24 : ആന്തരിക സൗഖ്യ ധ്യാനം
26 : ഏകദിനധ്യാനം
27- 31 : പരിശുദ്ധാത്മാഭിഷേകധ്യാനം

**4. മൗണ്ട് കാർമ്മൽ പേരാവൂർ : ഫോൺ. 0490 2444595, 9446687556**

**സെപ്റ്റം.**8-10 : വിദ്യാർത്ഥികൾക്ക് പഠനസഹായ ധ്യാനം
13-15 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)
27-29 : ആന്തരീക സൗഖ്യ- ആത്മാഭിഷേക ധ്യാനം
(വെള്ളി വൈകു. 4 മണി മുതൽ ഞായർ രാത്രി 9 വരെ)

**5. ദർശന ധ്യാന കേന്ദ്രം പുഷ്പഗിരി, തളിപ്പറമ്പ്**
**ഫോൺ :0460 2202613, 0460 2204556, 9447424076**

**സെപ്റ്റം.**8-12 : ആന്തരികസൗഖ്യധ്യാനം
13-15 : (വെള്ളി - ഞായർ) കുടുംബദർശന ധ്യാനം
15-20 : ആന്തരികസൗഖ്യധ്യാനം (സിസ്റ്റേഴ്സിന്)
26-29 : (വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം- ഫാ. ജോസഫ് വയലിൽ സി. എം.ഐ & ടീം
**ഒക്ടോ.** 13-17 : ആന്തരികസൗഖ്യധ്യാനം
18-20 : (വെള്ളി - ഞായർ) കുടുംബദർശന ധ്യാനം
24-27 : (വ്യാഴം- ഞായർ) ഹീലിംഗ് & ഡെലിവറൻസ് ധ്യാനം- ഫാ. ജോസഫ് വയലിൽ സി. എം.ഐ & ടീം

**6. കൃപാലയം ധ്യാനകേന്ദ്രം, കാക്കേഞ്ചാൽ - ചെറുപുഴ**
**ഫോൺ: 9526609050, 9447481643, 9496253756**

**സെപ്റ്റം.** 5-7 : കൃപാലയം - സിൽവർ ജൂബിലി
8-13 : ആന്തരിക സൗഖ്യ ധ്യാനം
3, 10, 17, 24 : ഏകദിന കൺവെൻഷൻ

**7. IMS ധ്യാന കേന്ദ്രം - കൂട്ടുപുഴ ഫോൺ: 9745292602, 823972612**

**സെപ്റ്റം.** 5 : ജാഗരണപ്രാർത്ഥന
9-13 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
13-15 : യുവജന ധ്യാനം
20-22 : മരിയൻ ധ്യാനം
22-25 : പരിശുദ്ധാത്മാഭിഷേക ധ്യാനം
**ഒക്ടോ.** 3 : ജാഗരണപ്രാർത്ഥന
7-11 : ആന്തരിക ശാരീരിക സൗഖ്യ ധ്യാനം
18-20 : മരിയൻ ധ്യാനം
27-30 : പരിശുദ്ധാത്മാഭിഷേക ധ്യാനം

**8. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ: 0460-2264451**

**സെപ്റ്റം.** 1-5 : മരിയൻ ആന്തരികസൗഖ്യ ധ്യാനം
07 : അഖണ്ഡജപമാല (9am to 4pm)
09 : വചനപാരായണ ദിനം
13 : ജാഗരണപ്രാർത്ഥന
12-14 : വാരാന്ത്യ ധ്യാനം (പരിശുദ്ധാത്മഭിഷേക ധ്യാനം)
22-26 : ആന്തരീകസൗഖ്യ ധ്യാനം

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### ജൂലൈ 2019

28 രാവിലെ 10 മണിക്ക് കോളയാട് അൽഫോൻസാ തീർത്ഥാലയത്തിൽ പ്രധാന തിരുനാളിനോടനുബന്ധിച്ച് വി.ബലിയർപ്പിച്ച് സന്ദേശം നല്കി. ഉച്ചകഴിഞ്ഞ് 4 മണിക്ക് മുളപ്ര ഇടവകയിൽ വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തിൽ വി. ബലിയർപ്പിച്ച് സന്ദേശം നല്കി.

29 തലശ്ശേരി സന്ദേശഭവനിൽ വച്ചു നടന്ന മാതൃവേദി ഇന്റർനാഷണൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഉച്ചക്ക് നിർമ്മലഗിരി കോളേജിൽ നടന്ന വിന്നേഴ്സ് ഡേ ആഘോഷത്തിൽ അധ്യക്ഷത വഹിച്ചു. തുടർന്ന് മുംബൈയിൽ നടന്ന സി.ബി.സി.ഐ. സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

30 മുംബൈയിൽ നടന്ന സി.ബി.സി.ഐ.യുടെ സ്റ്റാൻഡിംഗ് കമ്മിറ്റി മീറ്റിങ്ങിൽ പങ്കെടുത്തു.

31 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകരായെത്തിയവരെ സ്വീകരിച്ചു.

### ഓഗസ്റ്റ്

01 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകാരായെത്തിയ വൈദികരോടും സിസ്റ്റേഴ്സിനോടുമൊപ്പം സമയം ചിലവഴിച്ചു. ഉച്ചകഴിഞ്ഞ് കുന്നോത്ത് ഗുഡ്ഷെപ്പേർഡ് മേജർ സെമിനാരി കമ്മീഷൻ മീറ്റിങ്ങിൽ പങ്കെടുത്തു.

02 കുന്നോത്ത് സെമിനാരി കമ്മീഷൻ മീറ്റിങ്ങിൽ അധ്യക്ഷതവഹിച്ചു.

03 രാവിലെ വരക്കാട് സെന്റ് ജോസഫ്സ് ദൈവാലയത്തിൽ ഡീക്കൻ പ്രിൻസ് ഇല്ലിനിൽക്കുംതടത്തിൽ OFM Conv. തിരുപ്പട്ടം നല്കി. ഉച്ചക്ക് കരുവഞ്ചാൽ ശാന്തിഭവൻ സന്ദർശിച്ചു. വൈകുന്നേരം തളിപ്പറമ്പിൽ മലനാട് ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിലുള്ള ടി.ടി.സി. കോളേജ് കെട്ടിടം വെഞ്ചരിച്ചു.

06 രാവിലെ മക്കിയാട് ബെനഡിക്ടൻ ആശ്രമത്തിൽ പുതിയ ആബട്ടിന്റെ സ്ഥാനാരോഹണ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. വൈകുന്നേരം പേരാവൂർ ഫൊറോന ദൈവാലയത്തിൽ വി. ബലിയർപ്പിക്കുകയും

നിർമ്മാണം ആരംഭിക്കുന്ന പാരീഷ് ഹാളിന് തറക്കല്ലിടുകയും ചെയ്തു.

05-09 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന കെ.സി.ബി.സി.മെത്രാൻ സമിതിയുടെ വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

09 വൈകുന്നേരം സെന്റ് തോമസ് മൗണ്ടിൽ നടന്ന സ്ഥിരം സിനഡിൽ പങ്കെടുത്തു.

10 താമരശ്ശേരി രൂപതയിലെ വിലങ്ങാട് ഇടവകയിൽ ഉരുൾപൊട്ടലിൽ മരിച്ച കുറ്റിക്കാട്ട് കുടുംബാംഗങ്ങളുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

10-13 ബാംഗ്ലൂർ സെന്റ് ജോൺസ് മെഡിക്കൽ കോളേജിൽനടന്ന സി.ബി.സി.ഐ. മെത്രാൻസമിതിയുടെ കമ്മീഷൻ അംഗങ്ങളുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

14 അതിരൂപതാ കാര്യാലയത്തിൽ സന്ദർശകാരായെത്തിയവരോടൊപ്പം സമയം ചിലവഴിച്ചു.

15 രാവിലെ 6.30ന് കത്തീഡ്രൽ ദൈവാലയത്തിൽ പരി. അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നല്കി. വൈകുന്നേരം അതിരൂപതാ കാര്യാലയത്തിൽ നടന്ന ഫിനാൻസ് കൗൺസിൽ മീറ്റിങ്ങിൽ അധ്യക്ഷതവഹിച്ചു.

16 അതിരൂപതാ കാര്യാലയത്തിൽ നടന്ന മാസധ്യാനത്തിൽ പങ്കെടുത്തു. തുടർന്ന് നടന്ന ചർച്ചകൾക്ക് നേതൃത്വം കൊടുത്തു.

17 രാവിലെ കണ്ണൂരിൽ ജേക്കബ് & ജോർജ് ഓഡിറ്റേഴ്സിന്റെ പുതിയ ഓഫീസ് കെട്ടിടസമുച്ചയം വെഞ്ചരിച്ചു. തുടർന്ന് അതിരൂപതാ കാര്യാലയത്തിൽ നടന്ന കൺസൾട്ടേഴ്സ് മീറ്റീങ്ങിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ് മാനന്തവാടി രൂപതയിൽ നിര്യാതനായ സണ്ണി പുതിനപ്ര അച്ചനുവേണ്ടി ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 മുള്ളേരിയ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

19-30 കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ നടന്ന സീറോമലബാർ സിനഡിൽ പങ്കെടുത്തു.

❖❖❖

# Programme of the Archbishop
# Mar George Njaralakatt

## SEPTEMBER 2019

| | | | |
|---|---|---|---|
| 01 | | - | Pastoral visit - Pathenpara |
| 02 | | - | GSMS Kunnoth - Class |
| 03 | | - | GSMS Kunnoth - Class |
| 04 | | - | Visitors' day |
| 05 | | - | Priests' & sisters' day |
| | 5.00 pm | - | VJEC meeting |
| 06 | | - | Nilambur |
| 07 | | - | Alpha Convocation - Thalassery |
| | 4.00 pm | - | Mananthavady |
| 08 | | - | Pastoral visit |
| 09-13 | | - | Annual retreat |
| 14 | | - | Arakkuzha |
| 15-25 | | - | Out of station |
| 26-27 | | - | Mother Home - Pariyaram |
| 28 | | - | Nadavayal |
| 29-30 | | - | AKCC International meet - Dubai |

## OCTOBER 2019

| | | |
|---|---|---|
| 1-23 | - | Rome |

**Secretary to the Archbishop**

❖❖❖

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ജൂലൈ

24 രാവിലെ 10 മണിക്ക് താമരശ്ശേരി ഈരൂട് പ്രീസ്റ്റ് ഹോമിൽ നിര്യാതനായ ജോർജ് കിഴക്കേച്ചാലിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷയിൽ വി. കുർബ്ബാനയർപ്പിച്ചു.

28 വൈകുന്നേരം 5 മണിക്ക് കണ്ണൂർ ഹോളിഫാമിലി ദൈവാലയത്തിൽ തിരുനാൾകുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി.

29 രാവിലെ 11 മണിക്ക് ശ്രീകണ്ഠാപുരം ഇടവകയിൽ നിര്യാതനായ ചൂരപാടിയിൽ ഫ്രാൻസീസിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

### ആഗസ്റ്റ് 2019

5-9 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കെ.സി.ബി.സി. ധ്യാനത്തിൽ പങ്കെടുത്തു.

10 രാവിലെ 10.30ന് മേരിഗിരി ഇടവകയിൽ മാത്യു അന്നമ്മ നിരപ്പേൽ ദമ്പതികളുടെ വിവാഹവാർഷിക ആഘോഷങ്ങളിൽ പങ്കുചേർന്ന് വി. കുർബ്ബാനയർപ്പിച്ചു.

12 രാവിലെ 11 മണിക്ക് മാടത്തിൽ ഇടവകയിൽ കൊച്ചുമുറി ലിസ് മരിയയുടെയും പൊന്നാമറ്റത്തിൽ തോമസിന്റെയും വിവാഹവാഗ്ദാനം നടത്തി.

15 രാവിലെ 10.30ന് പാറോപടി ഇടവകയിൽ ജോസഫ് ആഷ്ലി വലിയമറ്റത്തിന് മാമ്മോദീസ നല്കി.

17 രാവിലെ 9 മണിക്ക് പെരുമ്പടവ് ഇടവകയിൽ നിര്യാതനായ ഫാ. ജേക്കബ് തെക്കേമുറിയുടെ മൃതസംസ്കാരകർമ്മങ്ങളിൽ ഭവനത്തിൽ ഒന്നാംഭാഗത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. രാവിലെ 11 മണിക്ക് കരുവഞ്ചാൽ പള്ളിയിൽ തടത്തിൽപുത്തൻവീട്ടിൽ ആന്റണിയുടെയും ചുണ്ടയിൽ മറിയത്തിന്റെയും വിവാഹം ആശീർവ്വദിച്ചു.

19-23 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സിനഡിൽ പങ്കെടുത്തു.

24 രാവിലെ 10.30ന് താമരശ്ശേരി കത്തീഡ്രലിൽ തോമസ് പൊന്നാമറ്റത്തിന്റെയും ലിസ്മരിയ കൊച്ചുമുറിയുടെയും വിവാഹം ആശീർവ്വദിച്ചു.

# വന്ദ്യപിതാവിന്റെ  ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

### ജൂലൈ

24 രാവിലെ 9.30 മുതൽ വൈദികരുടെ റിഫ്രഷർകോഴ്സിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 3 മണിക്ക് അതിരൂപതാ ഏകോപനസമിതിയിൽ പങ്കെടുത്തു.

27 അമേരിക്കയിലെ അരിസോണയിൽ റീജണൽ യൂത്ത് മീറ്റിൽ ക്ലാസ്സുകൾ നയിച്ചു.

28 ഫീനിക്സ് ദൈവാലയത്തിൽ വി. അൽഫോൻസാ തിരുനാളിൽ വി. കുർബ്ബാനയർപ്പിച്ച് വചനസന്ദേശം നല്കി.

29 അമേരിക്കയിൽ സേവനം ചെയ്യുന്ന ജെയിംസ് നിരപ്പേൽ അച്ചനുമായി സൗഹൃദസന്ദർശനം നടത്തി.

30-02 അമേരിക്കയിലെ ഹൂസ്റ്റണിൽ നടന്ന സീറോമലബാർ കൺവൻഷനിൽ ധ്യാനപ്രസംഗങ്ങൾ നയിച്ചു.

### ഓഗസ്റ്റ് 2019

03-04 കാൻസാസ് സിറ്റിയിൽ നടന്ന ധ്യാനപ്രോഗ്രാമുകളിൽ ധ്യാനപ്രസംഗങ്ങൾ നയിച്ചു.

7-9 കാക്കനാട് നടന്ന കെ.സി.ബി.സി.യിൽ പങ്കെടുത്തു.

10 രാവിലെ 10.30ന് കാഞ്ഞിരടുക്കം ഇടവകയിൽ നിര്യാതയായ അമല പൈനപ്പള്ളിയുടെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് 12 മണിക്ക് മാലോം ഇടവകയിൽ നിര്യാതനായ മൈക്കിൾ പേണ്ടാനത്തിന്റെ മൃതസംസ്കാരകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

11 അട്ടേങ്ങാനം ഇടവകയിൽ അജപാലന സന്ദർശനം നടത്തി. വൈകുന്നേരം 6 മണിക്ക് മണ്ഡപം ഇടവകയിൽ പ്രകൃതിദുരന്തം ഉണ്ടായ സ്ഥലങ്ങളിൽ സന്ദർശനം നടത്തി.

12 രാവിലെ 10 മണിക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന M.Th ബിരുദ വിദ്യാർത്ഥികളുടെ ഡിഫൻസിൽ പങ്കെടുത്തു.

14 രാവിലെ 10 മണിക്ക് മാലോം ഇടവകയിൽ വിവാഹസുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ജോസഫ് & മേരിക്കുട്ടി ജോസഫ് ആലപ്പാട്ടിന്റെ

ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുകയും ഷെറിൻ ജോസഫ് ആലപ്പാട്ടിന് വി. കുർബ്ബാന നല്കുകയും ചെയ്തു.

15 രാവിലെ 7.30ന് അരിവിളഞ്ഞപൊയിൽ ഇടവകയിൽ പുനരുദ്ധരിച്ച പള്ളിമുറി വെഞ്ചരിക്കുകയും തുടർന്ന് സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കുചേർന്ന് ദേശീയപതാക ഉയർത്തുകയും ചെയ്തു.

വൈകുന്നേരം 5 മണിക്ക് അരമനയിൽ ചേർന്ന ഫിനാൻസ് കൗൺസിൽ യോഗത്തിൽ പങ്കെടുത്തു.

16 വൈകുന്നേരം 6 മണിക്ക് അരമനയിൽ നടന്ന മാസധ്യാനകൂട്ടായ്മയിൽ പങ്കെടുത്തു.

17 രാവിലെ 8 മണിക്ക് പെരുമ്പടവ് ഇടവകയിൽ നിര്യാതനായ ഫാ. ജേക്കബ് തെക്കേമുറിയുടെ ഭവനത്തിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

10 മണിക്ക് അരമനയിൽ നടന്ന കൺസൾട്ടേഴ്സ് മീറ്റിൽ പങ്കെടുത്തു. വൈകുന്നേരം 6 മണിമുതൽ ചെങ്ങോം ഇടവകയിൽ രോഗീസന്ദർശനം നടത്തി.

18 ചെങ്ങോം ഇടവകയിൽ അജപാലന സന്ദർശനം നടത്തി. കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയുടെ റൂട്ട് പ്രോഗ്രാമിന്റെ ഉദ്ഘാടനം നടത്തി.

19-24 കാക്കനാട് നടന്ന മെത്രാൻസിനഡിൽ പങ്കെടുത്തു.

25 നെല്ലിയടുക്കം ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

# Programme of the Auxiliary Bishop
# MAR JOSEPH PAMPLANY

## 2019 SEPTEMBER

| | | | |
|---|---|---|---|
| 01 | | - | Vembua-Pastoral Visit |
| 02-04 | | - | Kunnoth : Good Shephered Seminary |
| 04 | 09.00 pm | - | Sanjos Accademy Governing Body |
| 05 | 10.00 am | - | Padankavala |
| | 05.00 pm | - | VJC Chemperi |
| 06 | | - | Kuravilangad |
| 07 | | - | Alpha Convocation |
| 08 | | - | Kannur : Pastoral Visit |
| 09-14 | | - | Ramanadhapuram |
| 15 | | - | Kanjirakolly : Pastoral Visit |
| 16 | 11.00 am | - | Deepagiri |
| | 04.00 pm | - | ALPHA Thalassery |
| 17 | | - | Idukki |
| 19-20 | | - | Shalom TV Shooting |
| 21 | 10.00 am | - | Kannur |
| | 11.30 am | - | Thaliparamba |
| | 01.30 pm | - | Karunapuram |
| 22 | | - | Koluvally - Pastoral Visit |
| 23 | | - | Engaged |
| 24 | | - | Kunnoth : NS Generalate |
| 25 | 6.00 pm | - | Bishop's House, Thalassery |
| 26-27 | | - | Out of Station |
| 28 | | - | Pulpally |
| 29 | | - | Pastoral Visit |
| 30 | 9.00 am | - | Kilianthara : SABS |
| | 6.30 | - | Boys town : Kunnoth |

**Secretary to the Auxiliary Bishop**